മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.41-ന് പിരിഞ്ഞു.)

അപരാഹ്ന സമ്മേളനം

(നിയമസഭ വൈകുന്നേരം 4.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ വീണ്ടും യോഗം ചേർന്നു.)

VII. നിയമനിർമ്മാണകാര്യം

2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ..... 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ അവതരിപ്പിക്കാവുന്നതാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ സാമൂഹ്യസേവനം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. നാലകത്ത് സൂപ്പി: സർ, കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ അഡ്മിഷനും ഫീസും സംബന്ധിച്ച് കുറച്ചുകാലമായി നില നിൽക്കുന്ന അവ്യക്തതയും ആശയക്കുഴപ്പങ്ങളും ഒഴിവാക്കുന്നതിന് ഉദ്ദേശിച്ചാണ് ഈ ബിൽ. സുപ്രീം കോടതി വിധികളും അതിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

ജസ്റ്റീസ് കെ. ടി. തോമസ് കമ്മിഷന്റെ തീരുമാനങ്ങളും നിഗമനങ്ങളും സർക്കാരിന്റെ നിലപാടുകളിൽ നിന്ന് വ്യത്യസ്തമായ സാഹചര്യത്തിലാണ് ഇങ്ങനെ ഒരു ബിൽ ആവശ്യമായി വന്നത്. സ്വാശ്രയ കോളേജുകളിൽ 50 ശതമാനം സീറ്റ് ഗവണ്മെന്റ് കാറ്റ ആയിരിക്കണമെന്നും അതിലെ ഫീസ് ഗവണ്മെന്റ് കോളേജിലെ ഫീസ് ആയിരിക്കണമെന്നും അതിലെ അഡ്മിഷന് സംവരണതത്വം പാലിച്ചിരിക്കണ മെന്നുമാണ് ഗവണ്മെന്റിന്റെ വ്യക്തമായ നിലപാട്. ഇതുസംബന്ധിച്ച് നിയമസഭയുടെയോ പാർലമെന്റിന്റെയോ യാതൊരു നിയമവും ഇന്നേവരെ നിലവിലില്ല. ഈ കാര്യം സംസ്ഥാന ഗവണ്മെന്റ് ആദ്യമായി എടുക്കുന്നതാണ്. ഈ സാഹചര്യത്തിലാണ് ഇങ്ങനെ ഒരു നിയമനിർമ്മാണത്തിന് ഗവണ്മെന്റ് തീരുമാനമെടുത്തത്. സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിലെ 50 ശതമാനം സീറ്റ് ഗവണ്മെന്റ് കാറ്റയായും 50 ശതമാനം മാനേജ്മെന്റ് കാറ്റയായും വീതിക്കുന്നതിനും അങ്ങനെയുള്ള സീറ്റുകളിലേയ്ക്ക് എങ്ങനെ അഡ്മിഷൻ നടത്തണമെന്നും ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നതാണ്. ഗവണ്മെന്റ് സീറ്റിലെ ഫീസ് ഗവണ്മെന്റ് കോളേജിലെ ഫീസുതന്നെയായിരിക്കും. കൂടാതെ ഇത്തരം കോളേജുകളിൽ ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുന്നതിനുള്ള വ്യവസ്ഥ ബില്ലിലുണ്ട്. ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കുന്നതു സംബന്ധിച്ച് പരാതികൾ അന്വേഷിക്കുന്നതിന് റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജി അല്ലെങ്കിൽ ഹൈക്കോടതി ജഡ്ജി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുന്നതാണ്. ക്യാപ്പിറ്റേഷൻ ഫീസ് പിരിക്കുന്ന സ്ഥാപനങ്ങളുടെ അഫിലിയേഷൻ പിൻവലിക്കുന്നതാണ്. ഇത്തരത്തിൽ സ്വാശ്രയ പ്രൊഫഷണൽ കോളേജുകളുടെ അഡ്മിഷൻ, ഫീസ് ഘടന എന്നിവ സംബന്ധിച്ച് വ്യക്തമായ നിയമവ്യവസ്ഥയുണ്ടാക്കുക എന്ന ഉദ്ദേശം സാധിക്കുന്നതിനുള്ള ഒരു ബില്ലാണ് ഞാൻ അവതരിപ്പിച്ചത്. സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ ചർച്ചകൾക്കും പരിശോധനയ്ക്കും വിധേയമാക്കുന്നതുകൊണ്ട് നിയമസഭാംഗങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ അവിടെ തീർച്ചയായും പരിഗണിക്കപ്പെടുന്നതാണ്. ഗവണ്മെന്റിന് ഈ കാര്യത്തിൽ ഒരു തുറന്ന സമീപനമാണുള്ളത്. വിദ്യാഭ്യാസ രംഗത്ത് സമാധാനം നിലനിർത്തുന്നതിനും, സ്വകാര്യ മാനേജ്മെന്റുകളുടെ ചൂഷണം ഒഴിവാക്കുന്നതിനും എന്നാൽ കോളേജുകൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ സംരക്ഷണം ഉറപ്പുനൽകുന്നതിനും മതിയായ ഒരു നിയമമാണ് നമുക്ക് ഇന്ന് ആവശ്യം. ഈ ബിൽ നിയമസഭ പാസ്സാക്കിയാൽ സ്വകാര്യമാനേജ്മെന്റുകൾ ഇതിനെതിരെ ശക്തമായ പ്രതിരോധങ്ങൾ സൃഷ്ടിച്ചേക്കാം. ഈ നിയമം കോടതിയിൽ ചോദ്യംചെയ്യപ്പെടുന്നത് ഒഴിവാക്കുന്നതിനായി ഭരണഘടനാ വ്യവസ്ഥകളുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. അതിലേയ്ക്കായി ഭരണഘടനയുടെ 9-ാം പട്ടികയിൽ ഈ നിയമം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുമായും മാനേജ്മെന്റ് പ്രതിനിധികളുമായും, സർക്കാർ ചർച്ച നടത്തിയിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിലാണ് ചർച്ച നടത്തിയത്. ഗവണ്മെന്റിന്റെ ഉദ്ദേശശുദ്ധിയെ ആർക്കും ചോദ്യം ചെയ്യാൻ ആവില്ല എന്നു ഞാൻ കരുതുന്നു. ഈ ബിൽ നിയമമായാൽ സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ പ്രശ്നം പരിഹരിക്കും. അതിന് എല്ലാപേരും സഹകരിക്കണമെന്നാണ് ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. മത്തായി ചാക്കോ: 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റു ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ പ്രവേശനത്തിന് ഇന്ന് ഉണ്ടായിട്ടുള്ള അരക്ഷിതാവസ്ഥയും കാലതാമസവും, അതുമൂലം രക്ഷകർത്താക്കളിലും വിദ്യാർത്ഥികളിലും ഉണ്ടായിട്ടുള്ള ആശങ്കയും ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഞങ്ങളും ഗൗരവമായി പരിഗണിക്കുകയാണ്. യഥാർത്ഥത്തിൽ ഗവണ്മെന്റ് റ്റി.എം.എ. പൈ കേസിൽ സുപ്രീം കോടതി വിധി വന്ന ഒക്ടോബർ 30-ാം തീയതിതന്നെ അല്ലെങ്കിൽ അതിനെ തുടർന്ന് ഇവിടെ നടന്ന ചർച്ചകളുടെ പശ്ചാത്തലത്തിൽ ഇങ്ങനെ തിരക്കുപിടിക്കാതെ പുതിയ അദ്ധ്യയനവർഷം തുടങ്ങുന്നതിന് എത്രയോ മുമ്പുതന്നെ രാഷ്ട്രീയമായിട്ടെല്ലാം ആലോചിച്ച് സാവകാശത്തിൽ ഈ ബിൽ പാസ്സാക്കിയെടുക്കണമായിരുന്നു. കർണാടകയിലും തമിഴ്നാട്ടിലും ഇന്റർവ്യൂ വച്ച പശ്ചാത്തലത്തിൽപോലും ഇവിടെ ഒന്നും തുടങ്ങാൻ കഴിയാത്ത രൂപത്തിൽ ഈ നിയമം നീട്ടിക്കൊണ്ടുപോയിയെന്നുള്ള വിമർശനം ഞാൻ ആദ്യമായി ഉന്നയിക്കുകയാണ്. ഈ ബില്ലിന്റെ പൊതു ഉള്ളടക്കം സംബന്ധിച്ചുള്ള വിശദാംശങ്ങളിലേയ്ക്ക് പോകുന്നതിനുമുമ്പ് ഈ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുള്ള ചില പ്രത്യേക വകുപ്പുകളിൽ മൗലികമായ മാറ്റം വരുത്താൻ ഗവണ്മെന്റ് സന്നദ്ധമായാൽ മാത്രമേ ഇതിനോട് യോജിക്കാൻ നിർവാഹമുള്ളൂ. 50 ശതമാനം സീറ്റുകളിൽ മെറിറ്റിൽ പ്രവേശനം നടത്തി വിദ്യാർത്ഥികളിൽ നിന്ന് ഗവണ്മെന്റ് പ്രൊഫഷണൽ കോളേജുകളിൽ വാങ്ങുന്ന ഫീസേ ഈടാക്കാവൂ എന്നുള്ള വകുപ്പിനോട് ഞങ്ങൾക്ക് പൂർണ്ണമായും യോജിപ്പുണ്ട്. ഈ ബില്ലിന്റെ ഉദ്ദേശകാരണങ്ങളിൽത്തന്നെ പരസ്യമായും പ്രഖ്യാപിക്കുന്നതുപോലെ കേരളത്തിലെ വിദ്യാർത്ഥിസമൂഹം ഒന്നടങ്കവും സംസ്ഥാനത്തെ സാമൂഹിക രാഷ്ട്രീയ സംഘടനകളും വ്യത്യസ്തമായ രീതികളിൽ പ്രക്ഷോഭണങ്ങൾ നടത്തുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ടെന്ന് ഗവണ്മെന്റ് അംഗീകരിക്കുകയാണ്. വിദ്യാർത്ഥി പ്രക്ഷോഭത്തിന്റേയും അതുപോലെതന്നെ കേരളത്തിലെ ജനകീയ പ്രക്ഷോഭങ്ങളുടേയും എല്ലാം പശ്ചാത്തലത്തിലാണ് ഈ ബില്ല്. 50 ശതമാനമെന്നുള്ള നിങ്ങളുടെ പ്രഖ്യാപിതമായിട്ടുള്ള നിലപാടിൽത്തന്നെ വെള്ളം ചേർക്കാനും വിട്ടുവീഴ്ച നടത്താനുമുള്ള നിലപാടുകൾ മാറ്റിമറിക്കാൻ കഴിഞ്ഞത്. കേരളത്തിലെ വിദ്യാർത്ഥി സമൂഹത്തിന്റേയും ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനത്തിന്റേയും ശക്തമായ നിലപാടുകൾകൊണ്ടാണ് എന്ന് നിങ്ങൾ അംഗീകരിച്ചതിൽ സന്തോഷമുണ്ട്. എന്നാൽ 65 ദിവസം നീണ്ടുനിന്ന വിദ്യാർത്ഥി സമരം നടന്നു. 2600-ഓളം കേസുകൾ ആ കുട്ടികളുടെ പേരിൽ എടുത്തു. ഇടതുപക്ഷ ജനാധിപത്യ പ്രസ്ഥാനങ്ങൾ ശക്തമായിട്ടുള്ള പ്രക്ഷോഭണങ്ങൾ നടത്തി. ആ പ്രക്ഷോഭണത്തിന്റെയെല്ലാം ഭാഗമായിട്ടാണ് ഈ 50 ശതമാനത്തിന്റെ കാര്യത്തിലെങ്കിലും മെറിറ്റും ഗവണ്മെന്റ് ഫീസും ഉൾപ്പെടുത്താൻ നിങ്ങൾ തയ്യാറായതെന്ന് ആമുഖമായി ഞാൻ സൂചിപ്പിക്കുകയാണ്. എന്നാൽ ഇതിന്റെ രണ്ടാമത്തെ ഭാഗത്തുപറയുന്ന മാനേജുമെന്റ് കോട്ടയുടെ 50 ശതമാനം സംബന്ധിച്ച് കേരളത്തിലെ സ്വകാര്യ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ മാനേജുമെന്റ് കോട്ടയിൽ പ്രവേശനം നടത്താനും വിദ്യാർത്ഥികളിൽനിന്നും ഈടാക്കേണ്ടുന്ന ഫീസ്

ആ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതിന് അനിവാര്യമായ ചെലവുകൾ കണക്കിലെടുത്തുകൊണ്ട് മാനേജുമെന്റ് നിശ്ചയിക്കുന്നതുപോലെ വാങ്ങാമെന്നുമുള്ള പ്രഖ്യാപനം കേരളത്തിന്റെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ ഗുരുതരമായ പ്രതിസന്ധികൾക്ക് ഇടവരുത്തുമെന്ന മുന്നറിയിപ്പ് ഞങ്ങൾ നൽകുകയാണ്. അത് കേരളത്തിലെ പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ കച്ചവടക്കണ്ണോടുകൂടി പ്രവേശിച്ച ആളുകളെ ലാഭാധിഷ്ഠിതമായി കാര്യങ്ങൾ നടത്തുന്നതിലേയ്ക്ക് എത്തിക്കും എന്നതുകൊണ്ട് ആ നിലപാടിനോട് യോജിക്കുവാൻ നിർവ്വാഹമില്ല. മാനേജുമെന്റുകൾക്ക് ഇങ്ങനെ അവസരം നൽകുമ്പോൾ അവരുടെമേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള സംവിധാനം ഗവൺമെന്റ് തലത്തിൽ വരുന്നതിനോട് മാത്രമേ യോജിക്കുവാൻ കഴിയുവെന്ന കാര്യം അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. മാനേജുമെന്റ് ക്വാട്ടയിൽ പ്രവേശിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് പൊതു പരീക്ഷയെക്കുറിച്ചും മാനദണ്ഡത്തെക്കുറിച്ചും ഇവിടെ പറയുന്ന കാര്യത്തോട് പൂർണ്ണമായിട്ട് യോജിപ്പില്ല. പൊതുപ്രവേശന സംവിധാനത്തിൽനിന്നും മെരിറ്റ് അടിസ്ഥാനത്തിൽ എടുക്കുന്നതിനെക്കുറിച്ച് ഗൗരവമായിട്ടുള്ള ആലോചന നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഞങ്ങളെ സംബന്ധിച്ച് ചില തെറ്റിദ്ധാരണകളുണ്ട്. ഞങ്ങൾ സ്വകാര്യ സംവിധാനങ്ങൾക്കൊക്കെ എതിരാണെന്ന പ്രചാരണം ഒരു ഭാഗത്ത് നടക്കുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ മുതൽമുടക്കിന് ഞങ്ങൾ എതിരല്ല. എന്നാൽ വിദ്യാഭ്യാസ മേഖലയിലെ സ്വകാര്യ മുതൽമുടക്ക്, കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ വികസനത്തിനുവേണ്ടിയുള്ളതാകണം. സേവനത്തിനും വികസനത്തിനും വേണ്ടിയുള്ള മുതൽമുടക്കിനെ ഇടതുപക്ഷ പ്രസ്ഥാനമോ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യാ (മാർക്സിസ്റ്റ്), ഇടതുപക്ഷ ജനാധിപത്യ മുന്നണിയോ എതിർത്തിട്ടില്ല. നേരെമറിച്ച് വിദ്യാഭ്യാസത്തിന്റെ വികസനം എന്ന ലക്ഷ്യത്തിനുപകരം കച്ചവട കണ്ണോടുകൂടി അവിടെ പ്രവേശിപ്പിക്കുകയും ലാഭാധിഷ്ഠിതമായിട്ടുള്ള ഏർപ്പാടുകൾ സ്വീകരിക്കുകയും ചെയ്യുമ്പോൾ അതിനെയാണ് ഞങ്ങൾ എതിർത്തിട്ടുള്ളത്. ഇവിടെയു.ഡി.എഫിന്റെ ഭരണത്തിൽ വിദ്യാഭ്യാസമേഖലയിലെ അരക്ഷിതാവസ്ഥയും അഴിമതിയും അരാജകത്വവും വ്യാപകമായി നടമാടുന്ന സ്ഥിതിവിശേഷമുണ്ട്. ഇന്ന് മലയാളമനോരമ എഴുതിത്തുടങ്ങിയിട്ടുണ്ട്. ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. ജനിക്കാത്ത കുട്ടികൾക്ക് കോടികളുടെ കുംഭകോണമെന്ന് പറഞ്ഞുകൊണ്ട് ഒരു സർവ്വേ തുടങ്ങുകയാണ്. മാർക്സിസ്റ്റുകാരല്ലല്ലോ സർവ്വേ നടത്തുന്നത്? കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന അഴിമതിയുടേയും അരാജകത്വത്തിന്റേയും പിടിപ്പുകേടിന്റേയും സാക്ഷ്യപത്രം എന്ന നിലയ്ക്കാണ് ഇന്ന് വന്നിട്ടുള്ളതും ഇനി വരാൻപോകുന്നതുമെന്നും അവർ സൂചിപ്പിക്കുന്നു. മഹത്തായ പൊതുവിദ്യാഭ്യാസ പൈതൃകം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ടോ? ആ പൈതൃകം സമ്പൂർണ്ണമായിട്ട് ഇവിടെ അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. ഏതൊരു പാവപ്പെട്ടവനും ഗവൺമെന്റിന്റെ സഹായത്തോടുകൂടി സ്കൂളുകളിലും കോളേജുകളിലും പ്രൊഫഷണൽ കോളേജുകളിലും പഠിച്ച് നല്ലനിലയിൽ ഉയർന്നുവരാൻവേണ്ടിയുള്ള ഒരു അന്തരീക്ഷം ഇവിടെ തകർക്കപ്പെട്ടിരിക്കുകയാണ്. നിങ്ങൾ കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിൽ സാമൂഹിക നീതി എന്നുപറയുന്ന വിദ്യാഭ്യാസത്തെ സംബന്ധിച്ച കാഴ്ചപ്പാട് സമ്പൂർണ്ണമായിട്ട് തകർത്തിരിക്കുന്നുവെന്നതാണ് എന്റെ ആക്ഷേപം. ഈ ഗവൺമെന്റ് അത്തരം ഒരു

LIBRARY ARCHIVES Kerala Legislative Assembly

നയം സ്വീകരിക്കുന്നത് വിദ്യാഭ്യാസത്തെ സംബന്ധിച്ച് കഴിഞ്ഞ ഏതാനും വർഷങ്ങളായി വളർന്നുകൊണ്ടിരിക്കുന്ന ആഗോളവൽക്കരണ സമീപനത്തിന്റേയും അതിന്റെ ഭാഗമായി ഉയർന്നുവന്നിട്ടുള്ള കാഴ്ചപ്പാടിന്റേയും അടിസ്ഥാനത്തിലാണ്. പൊതുവിൽ സേവന മേഖലയിൽനിന്നും പിൻവലിയുക എന്ന നിലപാടാണ്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് ഇത് കൂടുതലായി വന്നിട്ടുള്ളത്. ആ ഒരു അടിസ്ഥാനത്തിലാണ് യു.ഡി.എഫ്. ഗവൺമെന്റ് ഈ പൊതു നിലപാടുകളെ സ്വീകരിച്ചതെന്ന് കാണാൻ കഴിയും. അതിനോട് ഞങ്ങൾക്ക് യോജിപ്പില്ല. നമ്മൾ ധാരാളം പണം വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കുന്നുവെന്ന് പറയുമ്പോഴും 1970-ൽ കേരളത്തിന്റെ ബഡ്ജറ്റിൽ 37 ശതമാനം വിദ്യാഭ്യാസത്തിനുവേണ്ടി നീക്കിവച്ച സ്ഥാനത്ത് അത് ക്രമമായി കുറഞ്ഞ് 19 ശതമാനത്തിലെത്തി നിൽക്കുന്നുവെന്നത് നമുക്ക് പുനർചിന്തനത്തിനുള്ള കാരണമാകണം. പ്രൊഫഷണൽ വിദ്യാഭ്യാസത്തെ സംബന്ധിച്ച ഒരു പൊതുവായ സമീപനം ഉണ്ടാകണം. കേന്ദ്രത്തിൽ അധികാരത്തിൽ വന്നിട്ടുള്ള യു.പി.എ. ഗവൺമെൻറ് മണ്ടുമുന്ന് കാര്യങ്ങൾ വിദ്യാഭ്യാസത്തെ സംബന്ധിച്ച സി.എം.പി.-യിൽ പറയുന്നുണ്ട്. നേരത്തേയുള്ള ബി.ജെ.പി. ഗവൺമെന്റിന്റെ വർഗ്ഗീയവൽക്കരണ നിലപാടുകളെ മാറ്റിമറിക്കുവാൻവേണ്ടിയുള്ള വിഷവിമുക്തമാക്കലാണെന്നാണ് ശ്രീ. അർജുൻസിംഹ് പ്രഖ്യാപിച്ചിരിക്കുന്നത്. Detoxification എന്നുപറഞ്ഞ് വർഗ്ഗീയവൽക്കരണത്തിൽനിന്ന് വിഷവിമുക്തമാക്കാനുള്ള ആ ഉള്ളുടക്കത്തെ സ്വാഗതം ചെയ്യുകയാണ്. രണ്ട് കാര്യങ്ങൾകൂടി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഒന്ന്, ഇതിൽ പറയുന്ന പൊതുവിലുള്ള ഉള്ളുടക്കം, വിദ്യാഭ്യാസ ആവശ്യത്തിനുവേണ്ടിയുള്ള ചെലവ്. നിശ്ചിത ശതമാനം വർദ്ധിപ്പിക്കണമെന്ന് യു.പി.എ.-യുടെ പ്രോഗ്രാമിൽ പറയുന്നു. അതിനനുസൃതമായി പൊതുവിദ്യാഭ്യാസത്തിന് മുതൽമുടക്കുവാൻവേണ്ടിയുള്ള നിലപാട് നമ്മൾ സ്വീകരിക്കേണ്ടതുണ്ട്. ഈ ബിൽ അവതരിപ്പിച്ച വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും മുഖ്യമന്ത്രിയോടും പ്രത്യേകിച്ച് കോൺഗ്രസ് സാമാജികന്മാരോടും എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത് നിങ്ങൾ അംഗീകരിച്ച് പ്രഖ്യാപിച്ച C.M.P.-യുണ്ടല്ലോ. ഞങ്ങൾ അതിന്റെ ചുവട്ടിൽ ഒപ്പ് വച്ചിട്ടില്ല. കോമൺ മിനിമം പ്രോഗ്രാമിൽ വിദ്യാഭ്യാസത്തേയും ആരോഗ്യത്തേയും സംബന്ധിച്ച ഭാഗം ഒന്ന് വായിച്ചിരുന്നുവെങ്കിൽ ഈ ഉള്ളുടക്കത്തിൽ ഇത്തരം ഒരു ബിൽ കൊണ്ടുവരില്ലായിരുന്നു. ഞാൻ ആ ഭാഗം മാത്രം വായിക്കാം. സി.എം.പി.-യിൽ എഡ്യൂക്കേഷനേയും ഹെൽത്തിനേയും സംബന്ധിച്ച ഭാഗത്ത് പറയുന്നു: 'ദരിദ്രനാണെന്നോ ദരിദ്രയാണെന്നോ ഉള്ള കാരണത്താൽ ഒരു വിദ്യാർത്ഥിക്കും പ്രൊഫഷണൽ വിദ്യാഭ്യാസം നിഷേധിക്കപ്പെടില്ല എന്ന് യു.പി.എ. ഉറപ്പുവരുത്തും'. നിങ്ങൾ കൊണ്ടുവന്ന ബില്ലിൽ അത്തരം ഒരു ഉറപ്പ് ഉണ്ടോ? യുണൈറ്റഡ് പ്രോഗ്രസീവ് അലയൻസ് എന്നപേരിലുള്ള ഡോ: മൻമോഹൻസിംഗിന്റെ ഗവൺമെന്റ്, ദരിദ്രനോ അല്ലെങ്കിൽ ദരിദ്രയോ ആണെന്നുള്ള കാരണത്താൽ ഒരു വിദ്യാർത്ഥിക്കും പ്രൊഫഷണൽ

[അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി]

വിദ്യാഭ്യാസം നിഷേധിക്കപ്പെടാത്ത സ്ഥിതി ഉണ്ടാകുമെന്ന് ഉറപ്പുവരുത്തുന്നുവെന്ന് പരസ്യമായിട്ട് പ്രഖ്യാപിച്ച കേന്ദ്ര ഗവൺമെന്റിന്റെ ഭാഗമായിട്ട് നിൽക്കുന്ന കേരള ഗവൺമെന്റാണോ ഇത്തരത്തിൽ ഒരു ബിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളടക്കത്തിൽ അതിനോട് പൊരുത്തമില്ലാത്ത ഒരു ബില്ലാണിത്. അങ്ങനെ ഉണ്ടെങ്കിൽ നിങ്ങൾ മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ ഫീസ് വാങ്ങാൻവേണ്ടിയുള്ള വകുപ്പ് ഇതിൽ എഴുതി ചേർക്കില്ലല്ലോ? ഈ ബില്ലിലെ നാലാം വകുപ്പിൽ (ബി) ഒന്ന് വായിച്ചുനോക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ അങ്ങ് പറയുന്നത്, മെരിറ്റിലുള്ള സ്റ്റുഡന്റ്സിന് അഡ്മിഷൻ കൊടുക്കുന്നത് സംബന്ധിച്ചാണ്. ഗവൺമെന്റ് ഫീസ് നിരക്ക് വേണമെന്നു പറയുമ്പോൾ, യു.പി.എ. പറയുന്ന അതേ കാര്യംതന്നെയാണ് ഇവിടെയും പറയുന്നത്. പ്രൊവൈഡഡ്, അവർക്ക് മെരിറ്റുവേണം. രണ്ടാമത്തേത്, ഇവിടെ എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കുമായിട്ട് കംപാരിസൺ അൺ എയ്ഡഡ് കോളേജുകളിലെ ഫീസാണ് പ്രശ്നം. അൺ എയ്ഡഡ് കോളേജുകൾക്കാവശ്യമായ ഒരു ഫീസ് ഈടാക്കാമെന്ന് ക്ളാരിഫിക്കേഷനായിട്ട് പറഞ്ഞു,.....

ശ്രീ. മത്തായി ചാക്കോ: യു.പി.എ. ഗവൺമെന്റിന്റെ കോമൺ മിനിമം പ്രോഗ്രാമിന്റെ അന്തസ്സത്തയ്ക്ക്, ഉള്ളടക്കത്തിന് എതിരായി ദരിദ്രരായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജിലെ പ്രവേശനം നിഷേധിക്കുന്ന ഒരു ബില്ലായിട്ടാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇനി എനിക്ക് ചോദിക്കാമോ?

ശ്രീ. മത്തായി ചാക്കോ: ഇല്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : അൺ എയ്ഡഡ് പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായി ഫീസ് വാങ്ങുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ,.....

മി. ചെയർമാൻ: (ശ്രീ. പി.ജെ. ജോയി) പ്ളീസ്,.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എനിക്കുവേണ്ടി വഴങ്ങി. ചോദ്യം മോശമായതാണ് പ്രശ്നം.

മി. ചെയർമാൻ: അങ്ങ് വഴങ്ങിയോ?

ശ്രീ. മത്തായി ചാക്കോ: വഴങ്ങിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : ചോദ്യത്തിനുവേണ്ടി വഴങ്ങിയതാണ്. ഉത്തരം ഇല്ലാതെ വന്നപ്പോൾ വഴങ്ങിയില്ലായെന്ന് പറയുന്നത് ശരിയാണോ? അത് ന്യായമല്ലല്ലോ?

ശ്രീ. മത്തായി ചാക്കോ : ചോദ്യത്തിനാണ് വഴങ്ങിയത്. പ്രസംഗത്തിനല്ല. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിലെ പ്രവേശനം സംബന്ധിച്ച് ഏതാനും വർഷങ്ങൾക്ക് മുമ്പാണ് ഈ പൊതു ഇഷ്യൂ ഉയർന്നുവന്നിട്ടുള്ളത്. സർക്കാർ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു അവസ്ഥയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച ഒരു ചർച്ച ഇവിടെ മുൻപുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ സമയത്ത് പാവപ്പെട്ട വിദ്യാർത്ഥികൾക്കും പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പ്രവേശനം ഉറപ്പുവരുത്തുവാൻ കഴിയുന്ന രൂപത്തിൽ ഒരു നിലപാടാണ് അന്ന് എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. സ്വാശ്രയ കോഴ്സുകൾ

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ ലാഭക്കച്ചവടക്കാരായിട്ടുള്ള മാനേജുമെന്റുകൾക്ക് അനുവദിക്കുന്നതിനു പകരം ആ ഗവൺമെന്റ് സഹകരണ മേഖലയിൽ അത്തരം കോളേജുകൾ അനുവദിച്ചു. ഐ.എച്ച്.ആർ.ഡി.-പോലുള്ള സ്വയംഭരണ നിയന്ത്രിത സ്ഥാപനങ്ങൾക്ക് കൊടുത്തു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും സർവ്വകലാശാലകൾക്കും അത്തരം കോഴ്സുകൾ നടത്താൻ അനുവാദം കൊടുത്തു. കേപ്പ് പോലുള്ള സംവിധാനങ്ങൾ മാതൃകാപരമായി ഇങ്ങനെ കോഴ്സുകൾ അമിത ഫീസ് ഈടാക്കാതെ നടത്താമെന്ന് തെളിയിച്ച സ്ഥാപനങ്ങളാണ്.

സർ, സർവ്വകലാശാലകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നടത്തുന്ന സ്ഥാപനങ്ങൾ ലാഭകരമായിട്ട് പ്രവർത്തനം നടത്തി എന്ന് തെളിയിച്ചിട്ടുണ്ട്. ഞാനൊരു ഉദാഹരണം മാത്രം പറയാം. കേരളത്തിൽ സ്വാശ്രയ ബി.എഡ്. കോളേജുകൾ നിങ്ങൾ ഒരുപാട് കൊടുത്തു. കോഴിക്കോട് സർവ്വകലാശാലയും ബി.എഡ്. കോഴ്സ് നടത്തുന്നുണ്ട്. 12,000 രൂപയാണ് ഫീസ്. മറ്റു കോളേജുകളിൽ 25,000 മുതൽ 32,000 വരെ പല റേറ്റിൽ ഫീസ് വാങ്ങുന്നു. ആ ഫീസിനു പുറമേ സ്വാശ്രയ ബി.എഡ്. കോളേജുകളിൽ 50,000 മുതൽ 60,000 രൂപ വരെ തലവരി കൊടുക്കണം. ഫീസിനു പുറമേയാണ്. ചില സ്ഥലത്ത് റേറ്റിൽ വ്യത്യാസം ഉണ്ട്. നിശ്ചയിക്കപ്പെടുന്ന ഫീസ് 25,000 രൂപയും തലവരി 50,000 രൂപയുമാണെങ്കിൽ മാത്രമേ ബി.എഡ്. കോഴ്സിന് പ്രവേശനം കിട്ടൂ എന്നുള്ള അവസ്ഥ നിലനിൽക്കുകയാണ്. ഫീസ് മാത്രം വാങ്ങുന്ന അപൂർവ്വം ചില കോളേജുകളും ഉണ്ട് എന്നുള്ള കാര്യം ഞാൻ വിസ്മരിക്കുന്നില്ല. അതിലും കുറഞ്ഞ ഫീസ്, തലവരി വാങ്ങാതെ 12,000 മുതൽ 16,000 രൂപ വരെ മാത്രം വാങ്ങിക്കൊണ്ട് സർവ്വകലാശാല നടത്തുന്ന പത്തോളം വരുന്ന സെന്ററുകൾ ലാഭകരമായിത്തന്നെ നടത്താൻ കഴിയുന്നുണ്ട്. എൻജിനീയറിംഗ് കോളേജുകൾ മാത്രമല്ല അവിടെ നടത്തുന്ന ബി.എസ്.സി. നഴ്സിംഗ് കോഴ്സ് ഉൾപ്പെടെയുള്ളവ വഴി കഴിഞ്ഞ കുറച്ചു വർഷം കൊണ്ട് നാലഞ്ചു കോടി രൂപയുടെ ലാഭമുണ്ടാക്കാൻ, പിടിച്ചുപറിക്കാതെ തന്നെ ലാഭമുണ്ടാക്കാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഐ.എച്ച്.ആർ. ഡി.-യുടെ കാര്യത്തിൽ കൂടുതൽ ഫീസ് ആയിരിക്കാം. പക്ഷേ അവിടേയും സംവരണം ഉറപ്പു വരുത്തിക്കൊണ്ട് മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം കൊടുത്തുകൊണ്ട് ഈ കാര്യങ്ങൾ ചെയ്യാൻ സാധിച്ചിട്ടുണ്ട്. ഇതെല്ലാം അട്ടിമറിക്കപ്പെടുന്ന ഒരു ബില്ലാണിത്. അതാണ് ഞാൻ യു.പി.എ. ഗവൺമെന്റിന്റെ കാര്യം പറഞ്ഞത്. ദരിദ്രനെ ഒരു കാരണവശാലും ഒഴിവാക്കാതെ അവന് പ്രൊഫഷണൽ വിദ്യാഭ്യാസം ഉറപ്പു വരുത്തുമെന്ന് പറഞ്ഞ ഒരു ഗവൺമെന്റിന്റെ മന്ത്രി, അങ്ങ് എൽ.ഡി.എഫ്. ഭരിക്കുമ്പോൾ സംവരണ സംരക്ഷണ മുന്നണിയുടെ നേതാവായിരുന്നു എന്നുള്ള കാര്യം വിസ്മരിക്കരുത്. 50%-ത്തിൽ എവിടെയാണ് സംവരണം ഉണ്ടാകുക? തികഞ്ഞ അരാജകത്വം ഫീസിന്റെ കാര്യത്തിലും അഡ്മിഷന്റെ കാര്യത്തിലും ഉണ്ടാകുകയില്ലേ? ഈ സ്ഥിതിവിശേഷത്തിൽ പോയാൽ കേരളത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്കും പിന്നോക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല അന്യമായി മാറുമെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുകയാണ്. ഞാൻ ആധികാരികമായിട്ട് പറയുന്നതല്ല, ഇവിടെ നടന്ന ചർച്ചകളിലും സെമിനാറുകളിലും ചർച്ചയ്ക്ക് വരുന്ന കാര്യമാണ്. ആധികാരികമായിട്ട് പറയാൻ കഴിയുകയില്ല. എൻട്രൻസ്.....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് അൺ-എയ്ഡഡ് പ്ലസ്-ടു, വി.എച്ച്.എസ്.ഇ. വിദ്യാലയങ്ങളിൽ നേരത്തെ ഉണ്ടായിരുന്നത് 20 ശതമാനം മാനേജ്മെന്റ് സീറ്റും 20 ശതമാനം കമ്മ്യൂണിറ്റി മെറിറ്റുമായിരുന്നു. പ്രീഡിഗ്രി ഉണ്ടായിരുന്ന കാലത്ത് ഉണ്ടായിരുന്ന അതേ മാനേജ്മെന്റ് കോളേജുകളിലുള്ള അതേ സിസ്റ്റമാണ് പ്ലസ്-ടു അൺ-എയ്ഡഡിൽ വന്നത്. ഇപ്പോൾ 40% സീറ്റ് എയ്ഡഡ് പ്ലസ് ടു, വി.എച്ച്.എസ്.ഇ. സ്ഥാപനങ്ങളിൽ മാനേജുമെന്റുകൾ പണം വാങ്ങി അവർക്ക് തോന്നിയ രീതിയിൽ വിറ്റുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണകാലത്ത് ശ്രീ. പി.ജെ. ജോസഫ് വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന കാലത്ത് അനുവദിച്ച പ്ലസ് ടു വിദ്യാലയങ്ങൾ ഉൾപ്പെടെയാണ് ഇത് ചെയ്തുകൊണ്ടിരിക്കുന്നത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. മത്തായി ചാക്കോ: അതു പറഞ്ഞിട്ട് കാര്യമില്ല. ഇന്നത്തെ പത്രത്തിൽ വന്ന ഒരു വാർത്തയുണ്ട്. കളമശ്ശേരിയിലെ അൺഎയ്ഡഡ് കോളേജിലെ, കോളേജ് ഓഫ് സോഷ്യൽ സയൻസ്സിൽ ഹയർ എഡ്യൂക്കേഷൻ സെക്രട്ടറിയുടെ ഒരുത്തരവ് വന്നിരിക്കുന്നു. ആ കോളേജിനെ അൺഎയ്ഡഡ് ആക്കി മാറ്റി ഗവൺമെന്റ് അദ്ധ്യാപകർക്കുള്ള ശമ്പളം കൊടുത്തുകൊണ്ട് ഒരു ഓർഡർ വന്നിരിക്കുന്നു. കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഇങ്ങനെയൊരു വിചിത്രമായ ഉത്തരവ്, സ്വകാര്യ മാനേജുമെന്റുകളെ സഹായിക്കാൻവേണ്ടി മുമ്പൊരു കാലത്തും വന്നിട്ടില്ല എന്ന് പഴയ കെ.എസ്.യു.-വിന്റെ നേതാവായിട്ടുള്ള ശ്രീ. പ്രതാപനെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഒരു ചെറുത്ത് നിൽപ്പെങ്കിലും നിങ്ങളിൽ നിന്നുണ്ടാകണമെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുന്നു. യു.ഡി.എഫ്.-ന്റെ പൊതുനിലപാടെന്നു പറയുന്നത്, ചോദിച്ചവർക്കെല്ലാം ഈ ഗവൺമെന്റ് എൻ.ഒ.സി. കൊടുത്തു. എത്ര സ്ഥാപനങ്ങളാണ് വന്നത് വിവിധ മേഖലകളിലായി 196 പ്രൊഫഷണൽ കോളേജുകളും കോഴ്സുകളും ഈ ഗവൺമെന്റ് തുടങ്ങി. 64 എൻജിനീയറിംഗ് കോളേജുകൾ സ്വാശ്രയമേഖലയിൽ തുടങ്ങി. എട്ടു മെഡിക്കൽ കോളേജുകൾ തുടങ്ങി. ദന്തൽ കോളേജുകൾ ആറെണ്ണം തുടങ്ങി, ഫാർമസി കോളേജുകൾ 9, നഴ്സിംഗ് കോളേജ് 28, ആയുർവ്വേദ കോളേജ് 5, സിദ്ധകോളേജ് 1, ബി.എഡ്. കോളേജുകൾ 34 എണ്ണം. ഇനി വരാൻ പോകുന്നതിനു പുറമേയാണിത്. എം.ബി.എ. സ്ഥാപനങ്ങൾ-29, എം.സി.എ. സ്ഥാപനങ്ങൾ-12, അങ്ങനെ 196-ഓളം വരുന്ന സ്ഥാപനങ്ങൾ ഒരു നിയന്ത്രണവുമില്ലാതെ തലവരിയും വാങ്ങി അദ്ധ്യാപക നിയമനത്തിലുമുള്ള അരാജകത്വത്തോടുകൂടി ഈ ഗവൺമെന്റ് അനുവദിച്ചു. ഇതിനെല്ലാം പുറമേയാണ് 76-ഓളം വരുന്ന ബി.എഡ്. കോളേജുകൾ അനുവദിക്കാൻ പോകുന്നത്. അതുകൂടി വരുന്നതോടുകൂടി ഏതാണ്ട് മുന്നൂറോളം സ്ഥാപനങ്ങൾ കൊടുത്തിരിക്കുകയാണ്. മാറി മാറി വരുന്ന സുപ്രീംകോടതിയുടെ വിധികൾ ഒരുപാട് പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ ഉണ്ണികൃഷ്ണൻ കേസ്, പിന്നീട് വന്നിട്ടുള്ള TMA Foundation v. Karnataka Government എന്നുള്ള കേസിന്റെ അടിസ്ഥാനത്തിൽ അസാധുവാക്കപ്പെട്ടു. ആ കേസിൽ തന്നെ 30-10-2000-ത്തിൽ വിധി വന്നശേഷം Islamic Academy of Education v. State of Karnataka കേസിൽ സുപ്രീംകോടതി ടി.എം.എ. പൈ കേസിന്റെ വിധിയെ വ്യാഖ്യാനിക്കാൻവേണ്ടി ജസ്റ്റീസ് ഖരെ ചെയർമാനായിട്ടുള്ള ഒരു അഞ്ചംഗ ബഞ്ചിനെ

നിശ്ചയിക്കുകയുണ്ടായി. ആ ബെഞ്ചുപോലും ഇതു സംബന്ധിച്ച് പരിശോധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ഈ ഗവൺമെന്റ് ഇത്തരം കാര്യങ്ങൾ പരിശോധിക്കണമെന്നാണ് പറഞ്ഞിരിക്കുന്നത്. അഞ്ചംഗ ബെഞ്ചിന്റെ വിധിയുടെ സമീപനത്തെ സംബന്ധിച്ചുള്ള രേഖയിൽ സുപ്രീംകോടതി വിധിയിൽ അവർ പറയുന്നത്, മുന്നു-നാലു കാര്യങ്ങൾ, മാനേജുമെന്റുകൾ ഈ കാര്യത്തിൽ ആവശ്യമായിട്ടുള്ള പൊതു നിലപാടുകൾ സ്വീകരിക്കണം എന്നുള്ളതാണ്. (a) That there was no profiteering (b) capitation fees were not charged (c) admissions were based on principles of merit and to ensure that persons from the backward classes and poor sections of society also had an opportunity to receive education particularly in professional education. ആ വിധിയുടെ ഉള്ളടക്കത്തിൽ പറയുന്നത് It does need to emphasis that as per the majority agreement, imparting of education is essentially charitable in nature എന്നാണ്. ആ ഉള്ളടക്കം മാത്രം നമുക്കെടുക്കാം. അഞ്ചംഗ ഹൈക്കോടതി ബഞ്ച് പൈ കമ്മിഷന്റെ വിധി ന്യായത്തെ വ്യാഖ്യാനിച്ചുകൊണ്ട് കച്ചവടം നടത്തണമെന്നല്ല പറഞ്ഞിരിക്കുന്നത്. Education is essentially charitable in nature എന്നാണ് പറഞ്ഞിരിക്കുന്നത്. വിദ്യാഭ്യാസം ഒരു തൊഴിലും ബിസിനസ്സുമല്ല എന്നും ആത്യന്തികമായി ഒരു ധാർമ്മിക പ്രവർത്തന മാണെന്നും അഞ്ചംഗ ബഞ്ച് ചൂണ്ടിക്കാണിക്കുകയാണ്. ആ ഉള്ളടക്കത്തിൽ നിന്നുകൊണ്ടുള്ള ഒരു സമീപനമാണോ ബില്ലിൽ സ്വീകരിച്ചിട്ടുള്ളത്? അല്ല എന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബില്ലിന്റെ ഉള്ളടക്കത്തിൽ നിന്നുകൊണ്ട് ഒരു കാര്യം പറയുകയാണ്. അഞ്ചാം വകുപ്പിൽ ഏതെല്ലാം കോളേജുകളിൽ ഇത് ബാധകമാകുമെന്നുള്ള പ്രശ്നത്തെക്കുറിച്ച് പറയുന്നുണ്ട്. ഈ ബില്ലിൽ 50 ശതമാനം മെറിറ്റ്, ഗവൺമെന്റ് ഫീസ് എന്നുള്ളതിൽ ഞങ്ങൾ യോജിക്കുകയാണ്. രണ്ടാം ഭാഗത്തിൽ മാനേജുമെന്റുകൾക്ക് അനിയന്ത്രിതമായിട്ട് ഫീസ് ഏർപ്പെടുത്താമെന്നുള്ള നിബന്ധനയോട് പൂർണ്ണമായി വിയോജിക്കുകയാണ്. ഇത് ഏതെല്ലാം കോളേജുകൾക്ക് ബാധകമാക്കുമെന്നുള്ളതു സംബന്ധിച്ച് പേജ് 2-ൽ (കെ)-യിൽ പറയുന്നുണ്ട്. (കെ)-യിൽ, എൻജിനീയറിംഗ് കോളേജുകളെക്കുറിച്ചും മെഡിക്കൽ വിദ്യാഭ്യാസത്തെക്കുറിച്ചും പരാമർശിക്കുന്നുണ്ട്. പേജ് 3-ൽ പറയുന്നത്, സർക്കാർ പ്രഖ്യാപിക്കുന്ന മറ്റേതെങ്കിലും വിജ്ഞാനശാഖ എന്നിവയിൽ കോഴ്സുകൾ നടത്തുന്നതുമായി ഒരു കോളേജ് എന്നർത്ഥമാകുന്നതും അതിൽ ഒരു കൽപ്പിത സർവ്വകലാശാലയോ അതിൻ കീഴിലുള്ള കോളേജുകളോ ഉൾപ്പെടുത്തുന്നതുമാകുന്നു എന്നു പറയുന്നു. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്, എൻജിനീയറിംഗ് കോളേജുകളും പ്രൊഫഷണൽ കോളേജുകളും നിങ്ങൾ കാറ്റഗറിക്കലായിട്ട് പറഞ്ഞു. ഈ നിയമം ബി.എഡ്.കോളേജുകൾ, M.B.A., M.C.A. കോളേജുകൾ തുടങ്ങിയ മറ്റു പ്രൊഫഷണൽ കോളേജുകൾക്ക് ബാധകമാകുമോ? അതിൽ അവ്യക്തതയാണുള്ളത്. മെഡിക്കൽ-എൻജിനീയറിംഗ് കോളേജുകൾക്ക് മാത്രമാണോ ഇത് ബാധകമാകുന്നത്? പിന്നീട് നോട്ടിഫൈ ചെയ്യുമെന്നാണ് പറയുന്നത്. എൻജിനീയറിംഗ് കോളേജുകളെ പ്രത്യേകമായി പറഞ്ഞു. മെഡിക്കൽ എഡ്യൂക്കേഷനെക്കുറിച്ചും പറഞ്ഞു. മറ്റു പ്രൊഫഷണൽ മേഖലയിൽക്കൂടി ഇത് ബാധകമാക്കണമെന്നുള്ള കാര്യം ചൂണ്ടിക്കാണിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണി നെല്ലൂർ: സർ, ഈ ബില്ലിൽ 50 ശതമാനം മെറിറ്റ് സീറ്റിൽ ഏർപ്പെടുത്തിയിരിക്കുന്ന ഫീസിനെക്കുറിച്ച് ന്യായീകരിച്ച് സംസാരിച്ചു. കഴിഞ്ഞ പ്രാവശ്യം അനുവദിച്ച കോളേജുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച കുട്ടികളുണ്ട്. ഈ ഓർഡിനൻസ് തയ്യാറാക്കിയ സന്ദർഭത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു പ്രസ്താവന നടത്തിയ കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുകാണും. ഈ വർഷത്തെ ഫീസ് ഈ കുട്ടികൾ നൽകിയാൽ മതിയെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രസ്താവന. പിന്നീട് വിദ്യാർത്ഥി സംഘടനകളുമായി ഉണ്ടായ ചർച്ചയിലും അദ്ദേഹം അത് ആവർത്തിച്ചു. എന്നാൽ അടുത്ത ദിവസങ്ങളിൽ കോളേജുകളിൽ നോട്ടീസ്ബോർഡിൽ ഇട്ടിരിക്കുന്നതുപ്രകാരം ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും ഉടൻ അടയ്ക്കണമെന്നാണ്. ഏതു വിധത്തിലാണ് ഈ ഫീസ് ഈടാക്കേണ്ടതെന്ന് കൺഫ്യൂഷനാണുള്ളത്. ഈ കാര്യത്തെക്കുറിച്ച്, കഴിഞ്ഞ പ്രാവശ്യത്തെ കുട്ടികളുടെ ഫീസ് ഏതു നിലയിലായിരിക്കണമെന്നാണ് അങ്ങയുടെ അഭിപ്രായം?

ശ്രീ. മത്തായി ചാക്കോ: അതു സംബന്ധിച്ച് കുറേ മെമ്മോറാണ്ടങ്ങൾ വരുന്നുണ്ട്. രക്ഷകർത്താക്കൾ പരാതി പറയുന്നുണ്ട്. യഥാർത്ഥത്തിൽ സുപ്രീംകോടതി വിധി വന്ന ഘട്ടം മുതലുള്ള മെറിറ്റ് ഫീസ് വാങ്ങണം എന്നുള്ളതാണ് നിലപാട്. അതിൽ എന്താണ് തർക്കമുള്ളത്? പൂർവ്വകാല പ്രാബല്യത്തോടുകൂടി ഇനി വരാൻ പോകുന്ന വർഷങ്ങളിൽ അവർ കൊടുക്കുന്ന ഫീസിന് ഇളവു വരുത്തിക്കൊണ്ട് കുട്ടികൾക്ക് കൊടുക്കണമെന്നുള്ളതാണ് അഭിപ്രായം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്തു സൂപ്പി): സർ, സഭയുടെ അറിവിലേയ്ക്കുവേണ്ടി ഞാനൊരു കാര്യം പറയുകയാണ്. വിദ്യാർത്ഥി സംഘടനകളുടെ യോഗത്തിൽ കഴിഞ്ഞകൊല്ലം മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്ക് ഇക്കൊല്ലം അത് കൊടുക്കേണ്ടതില്ല എന്നു പറഞ്ഞിരുന്നു. അത് ഇന്ന് ഉത്തരവാക്കും.

ശ്രീ. ടി. കെ. ബാലൻ: സർ, മുൻകാല പ്രാബല്യത്തോടുകൂടി ഈ വർഷം ഫീസ് വാങ്ങാൻ പാടില്ല, അതിന്റെ ഉത്തരവായി എന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇപ്പോഴിവിടെ പറഞ്ഞു, അത് സ്വാഗതാർഹമാണ്. പക്ഷേ ഈ നിയമസഭയിൽ തന്നെ അംഗമായിട്ടുള്ള ഒരു മന്ത്രി, അദ്ദേഹം ചെയർമാനായിട്ടുള്ള പരിയാരം മെഡിക്കൽ കോളേജിൽ ഈ മൂന്നു വർഷത്തെ ഫീസും മുൻകാല പ്രാബല്യത്തോടുകൂടി ഒന്നായി വാങ്ങി, അവർ അക്കൗണ്ട് ചെയ്തു എന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നറിയില്ല.

ശ്രീ. മത്തായി ചാക്കോ: അത് കച്ചവടക്കണ്ണാണല്ലോ. ഞാൻ പറഞ്ഞുവരുന്നത് ഇതൊരു സാമൂഹ്യ നീതി ഉറപ്പുവരുത്താനുള്ള സംവിധാനമാണ്. ഇതൊരു രാഷ്ട്രീയ പ്രശ്നമല്ല, ഇതിലെ പ്രധാനപ്പെട്ട പ്രശ്നം പ്രൊഫഷണൽ മേഖലയിൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള സംവിധാനമുണ്ടാക്കുമോ എന്നുള്ളതാണ്. ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയണമെങ്കിൽ അധ്യാപകരുടെ നിയമനം സംബന്ധിച്ച് വ്യക്തമായിട്ടുള്ള വ്യവസ്ഥകളുണ്ടാകണം. ആ വ്യവസ്ഥകൾ സ്വാശ്രയ പ്രൊഫഷണൽ കോളേജ് ബില്ലിൽ വന്നില്ല. ഓരോ പ്രൊഫഷണൽ മേഖലയെ സംബന്ധിച്ചിടത്തോളവും ഇന്ത്യാ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള വിദ്യാഭ്യാസ ഏജൻസികളുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, നഴ്സിംഗ് കൗൺസിൽ, ഡെന്റൽ കൗൺസിൽ, ഫാർമസി കൗൺസിൽ എന്നിവയും, ബി.എഡ്. കോളേജുകളെ സംബന്ധിച്ചിടത്തോളം എൻ.സി.ടി.ഇ.-യുമുണ്ട്. അവയെല്ലാം സ്റ്റിപ്പുലേറ്റ് ചെയ്യുന്ന വ്യവസ്ഥകൾ നടപ്പിലാക്കാൻ ഈ സ്വാശ്രയ പ്രൊഫഷണൽ മാനേജുമെന്റുകളെ ബാദ്ധ്യസ്ഥരാക്കുന്ന വ്യവസ്ഥകൾ ഈ ബില്ലിലുണ്ടാകണം. അത് പല സ്ഥലത്തും കാറ്റിൽ പറത്തുന്ന ഒരവസ്ഥ വരികയാണ്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയ്ക്കുവേണ്ടി ഞാൻ പറയുകയാണ്, തമിഴ്നാട്ടിൽ അധ്യാപക നിയമനത്തിൽ എ.ഐ.സി.ടി.-യുടേയും സർവ്വകലാശാലകളുടേയും പ്രതിനിധികളുണ്ട്. ഇവിടെ അത്തരമൊരു സംവിധാനമില്ല. ഇതുസംബന്ധിച്ച് U.R. Rao Committee on Engineering Education വളരെ പ്രസക്തമായിട്ടുള്ള ശുപാർശകൾ നടത്തിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജിലെ അധ്യാപക നിയമനത്തെ സംബന്ധിച്ചും അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ചും യു.ആർ. റാവു കമ്മിഷൻ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഇവിടെ നടപ്പാക്കാൻ കഴിയണമെങ്കിൽ അതിനനുസൃതമായ ഭേദഗതികൾ ബില്ലിൽ വരണം. കോളേജ് വിദ്യാഭ്യാസത്തെ സംബന്ധിച്ച് Malhothra Committee on 5th pay revision-ൽ വളരെയധികം നിർദ്ദേശങ്ങൾ വയ്ക്കുന്നുണ്ട്. ആ നിർദ്ദേശങ്ങൾ നിങ്ങൾ അവഗണിച്ചാൽ തന്നേയും ഏറ്റവും മിനിമം ഒരു പ്രൊഫഷണൽ കോളേജിലേക്കോ അല്ലെങ്കിൽ ഒരു ആർട്ട്സ് ആൻഡ് സയൻസ് കോളേജിലേയ്ക്കോ യു.ജി.സി. നിശ്ചയിക്കുന്ന മാനദണ്ഡമെങ്കിലും വേണ്ടേ? ഒരു അധ്യാപകന് പി.ജി.-ക്ക് 55% മാർക്ക് ഉണ്ടാകണമെന്നുണ്ട്, നെറ്റ് പാസ്സാകണമെന്നുണ്ട്. പേ കമ്മിഷന്റെ ശുപാർശയും യു.ആർ. റാവുവിന്റെ റിപ്പോർട്ടുമെല്ലാം മാറ്റിവച്ചാലും മിനിമം യു.ജി.സി. നിബന്ധനയെങ്കിലും വേണ്ടേ? അത് മാനിക്കപ്പെടുന്നുണ്ടോ എന്നുള്ള കാര്യത്തിൽ എന്തുറപ്പാണ് നമുക്കുള്ളത്? മാനേജുമെന്റ് ഇഷ്ടംപോലെ അധ്യാപകരെ നിശ്ചയിക്കുന്ന രീതി ഇപ്പോഴുണ്ട്. അതിൽ മാറ്റം വരുത്താനാവശ്യമായ നടപടിയുണ്ടാകണം. അങ്ങനെ വരുമ്പോൾ സ്വകാര്യ സ്ഥാപനങ്ങളിൽ സംവരണം സംബന്ധിച്ച് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അതുകൂടി പരിഗണിക്കണം. കേരളത്തിലെ സ്വകാര്യ തൊഴിൽ സ്ഥാപനങ്ങളിലോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലോ സംവരണമില്ലല്ലോ, ഗവൺമെന്റ് മേഖലയിലും പൊതുമേഖലയിലും മാത്രമല്ലേ സംവരണമുള്ളൂ. ഇന്നത്തെ സാഹചര്യത്തിൽ സംവരണമെന്നു പറയുന്നത് സ്വകാര്യ മേഖലയിലേയ്ക്ക് വരണമെന്നുള്ള അഭിപ്രായം നിങ്ങൾക്കുണ്ടെങ്കിൽ അതിനനുസൃതമായി പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പിന്നോക്ക വിഭാഗങ്ങൾക്കുമെങ്കിലും സംവരണത്തിന്റെ പ്രശ്നം പരിഗണിക്കാൻ അധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ടുകൊണ്ട് പരിശോധിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എ. കെ. ബാലൻ: ഈ ബില്ലുമായി ബന്ധപ്പെട്ടു ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഒരു കാര്യം സൂചിപ്പിച്ചു, പൈ കേസിന്റെ വിധിയെ വ്യാഖ്യാനിച്ചുകൊണ്ട് Islamic Academy of Education കേസുമായി ബന്ധപ്പെട്ടുള്ള അഞ്ചംഗ സുപ്രീംകോടതി വിധിയിൽ വളരെ വ്യക്തമായി ഒരു കാര്യം പറഞ്ഞു. പരീക്ഷ നീതിപൂർവ്വം നടത്തുന്നതിനും ഫീസ് ഏകീകരിക്കുന്നതിനും ഗവൺമെന്റിന്റെ

നിയന്ത്രണത്തിൽ രണ്ട് കമ്മിറ്റികൾ വേണമെന്നു പറഞ്ഞു. അങ്ങനെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കമ്മിറ്റികൾ എന്ന രൂപത്തിൽ സുപ്രീംകോടതി വിധിക്കനുസരിച്ചാണോ ഈ നിയമനമെന്നതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായമെന്താണ്?

ശ്രീ. മത്തായി ചാക്കോ: ഇവിടെയിപ്പോൾ തലവരി പരിശോധിക്കാൻ വേണ്ടി മാത്രമാണ് അഞ്ചംഗ കമ്മിറ്റി വച്ചിട്ടുള്ളത്. ഫീസ് നിർണ്ണയിക്കുന്നതു സംബന്ധിച്ചുള്ള ഒരു കമ്മിറ്റി വയ്ക്കണമെന്നുള്ള ഒരു പ്രൊപ്പോസലാണ് ഞങ്ങൾ ആദ്യമേ പറഞ്ഞിരുന്നത്. ഫീസ് നിർണ്ണയിക്കുന്നത് മാനേജുമെന്റുകൾക്ക് വിട്ടുകൊടുക്കാതെ സുപ്രീംകോടതിയുടെ അഞ്ചംഗ ബെഞ്ച് പറഞ്ഞതുപോലെ ഫീസ് നിർണ്ണയിക്കുന്നതിന് ഒരു കമ്മിറ്റിയെ വയ്ക്കണമെന്നുള്ള നിർദ്ദേശമാണ് ഞാൻ ആദ്യമേ സൂചിപ്പിച്ചിട്ടുള്ളത്. അധ്യാപക നിയമനംപോലെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് പരീക്ഷയുടെ നടത്തിപ്പു സംബന്ധിച്ച് ഒരു കാര്യംകൂടി ഞാൻ ഉന്നയിക്കുകയാണ്. ഇപ്പോൾ പുഷ്പഗിരി കോളേജിൽ കൂട്ടത്തോൽവിയുണ്ടായി എന്നുള്ള വാർത്തകൾ പത്രത്തിൽ വന്നു, അത് പുഷ്പഗിരി കോളേജിൽ മാത്രം ഒതുങ്ങി നിൽക്കുന്നതല്ല. യഥാർത്ഥത്തിൽ ഈ സ്വാശ്രയ കോളേജുകളിലെ പരീക്ഷ നടത്തുന്നതു സംബന്ധിച്ച് സർവ്വകലാശാലകൾക്ക് എന്തെങ്കിലും നിയന്ത്രണമുണ്ടോ? സൂക്ഷ്മമായി നമ്മൾ പരിശോധിക്കേണ്ട ഗൗരവതരമായ ഒരു പ്രശ്നമാണത്. ഇപ്പോൾ ചോദ്യപേപ്പറെല്ലാംകൂടി കൊണ്ടുപോയി ആ സ്ഥാപനത്തിൽ കൊടുക്കുകയാണ്. അവിടെ Invigilator ആയി നിൽക്കുന്ന ആളുകൾ ആ സ്ഥാപനത്തിലെതന്നെ അധ്യാപകരാണ്. അവർക്ക് ഒരു പൊതു കാഴ്ചപ്പാടും സാമൂഹ്യബോധവുമില്ലെങ്കിൽ അവിടെ എന്തു നടക്കുമെന്നുള്ളതു സംബന്ധിച്ച് ഒന്നും പറയാൻ കഴിയാത്ത ഒരവസ്ഥയുണ്ട്. അതുകൊണ്ട് അധ്യാപകരുടെ നിയമനംപോലെ തന്നെ പരീക്ഷാ നടത്തിപ്പിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി വ്യക്തമായ വ്യവസ്ഥകളോടുകൂടിയുള്ള ഒരു സംവിധാനം ഏർപ്പെടുത്തണം. സർവ്വകലാശാലകൾ സാധാരണ എയ്ഡഡ് കോളേജുകളിലോ ഗവൺമെന്റ് കോളേജുകളിലോ ചോദ്യപേപ്പർ കൊണ്ടുപോയി ഏല്പിക്കുന്നതുപോലെ ഇത്തരം കോളേജുകളിൽ അത് ഏല്പിച്ചുകഴിഞ്ഞാൽ അവിടെനിന്നും ശരിയായ ഒരു നിലപാടുണ്ടാകുമെന്ന് പ്രതീക്ഷിക്കാൻ ഇന്നത്തെ സാഹചര്യത്തിൽ കഴിയില്ല. ഇനി ശരിയായ രൂപത്തിലുള്ള നിലപാട് നടത്തുന്ന കോളേജുകളിൽത്തന്നെയും തോൽവിയുടെ പ്രശ്നം ഉയർന്നുവരികയാണ്. ഇപ്പോൾ പുഷ്പഗിരിയിൽ മാത്രമല്ല, തമിഴ്നാട്ടിൽ ഏറ്റവും കൂടുതൽ കോളേജുകളുള്ള അണ്ണാ ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലെ 5 കോളേജുകളിലെ ഒരു കുട്ടിപോലും പാസ്സാകാത്ത അനുഭവമുണ്ട്. അത് എങ്ങനെ വന്നുവെന്നുള്ളതാണ്. മാനേജുമെന്റുകൾ ഏറ്റവും മോശപ്പെട്ട, മിനിമം ക്വാളിഫിക്കേഷൻ മാത്രമുള്ള വിദ്യാർത്ഥികളെ ഈ വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുന്നതുവഴി നിരവധി കോളേജുകളിൽ കൂട്ടത്തോൽവി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അത് ഗൗരവതരമായി പരിശോധിച്ച് പ്രവേശനം മെറിറ്റിന്റെ അടിസ്ഥാനത്തിൽ തന്നെ നടത്തുന്നതിനാവശ്യമായ ഒരു സംവിധാനമുണ്ടാക്കണം. വിദ്യാർത്ഥികളിൽ നിന്നും ഈ ഫീസ് ഈടാക്കുന്ന സമ്പ്രദായം, ഇപ്പോൾ മുതലാളിത്ത രാജ്യങ്ങളിൽപ്പോലുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ കാര്യങ്ങൾക്കും അമേരിക്കയെ മാതൃകയാക്കുന്നവർ മനസ്സിലാക്കേണ്ടത് സർവ്വ സ്ഥലത്തും, സ്വകാര്യവൽക്കരണമുള്ള അമേരിക്കയിൽപോലും വിദ്യാഭ്യാസ ചെലവിന്റെ മൂന്നിലൊന്നു മാത്രമേ വിദ്യാർത്ഥികൾ വഹിക്കേണ്ടതുള്ളൂ എന്നതാണ്. യൂറോപ്യൻ രാജ്യങ്ങളിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് ഗവൺമെന്റ് പൈസയേ വാങ്ങുന്നില്ല. അതുകൊണ്ട് കുട്ടികളുടെ കൈയിൽ നിന്നും ഇതുമൂഴുവൻ ഈടാക്കണമെന്നുള്ള നിലപാടിനോട് ഞങ്ങൾക്ക് യോജിപ്പില്ല. നേരത്തേ കോൺഗ്രസ് (ഐ) ഭരിച്ചുകൊണ്ടിരുന്ന കർണാടക സ്റ്റേറ്റ് ഗവൺമെന്റാണ് ടി.എം.എ. പൈ കേസിനെതിരായി സുപ്രീംകോടതിയിൽ അപ്പീൽ പോയത്. അവിടെ 75% മെറിറ്റാണ്. ഇന്നത്തെ ഹിന്ദു പത്രത്തിൽ കോൺഗ്രസ്സും ജനതാദളുംകൂടി ഇപ്പോൾ ഭരിക്കുന്ന കർണാടകയിൽ Management challenge seat sharing formula എന്ന തലക്കെട്ടിൽ ഒരു വാർത്തയുണ്ട്. അവിടെ സ്വകാര്യ മാനേജുമെന്റുകൾ കേസിലേയ്ക്ക് പോയിരിക്കുകയാണ്. ആ നിലപാട് ഇവിടെയെടുക്കാൻ നിങ്ങൾ ശ്രമിച്ചാൽ ശരിയാകുമോ? 75% അവിടെ മെറിറ്റ് കൊടുക്കുന്നുണ്ട്. മഹാരാഷ്ട്ര ഗവൺമെന്റും കോൺഗ്രസ് ഗവൺമെന്റാണല്ലോ, മഹാരാഷ്ട്ര ഗവൺമെന്റ് കാറ്റഗറിക്കലായിട്ടു പറഞ്ഞത് 15 മുതൽ 25% വരെ മാത്രമേ മാനേജുമെന്റിന് കൊടുക്കുകയുള്ളൂ എന്നാണ്. അപ്പോൾ ഇതുസംബന്ധിച്ചുള്ള ഒരു പുനരാലോചന നിങ്ങൾ നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ ഗവൺമെന്റ് കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിൽ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചുകഴിഞ്ഞാൽ പരമാവധി ശിക്ഷയായിട്ടു പറയുന്നത് 5 ലക്ഷം രൂപയാണ്. 15-ഉം 20-ഉം ലക്ഷം രൂപ കോഴ വാങ്ങുന്ന ഒരാൾക്കുള്ള ശിക്ഷ 5 ലക്ഷം രൂപ മതിയാകുമോ? ആ ശിക്ഷാപരിധി വർദ്ധിപ്പിക്കണം, കാരണം തലവരിപ്പണം വാങ്ങുന്നതിനാണല്ലോ ശിക്ഷ? ബി.എഡ്. സീറ്റുകളിൽ ഇപ്പോൾ 50,000 രൂപവരെ കോഴയാണ്, മറ്റേതിന് ഇപ്പോൾ റേറ്റ് നിശ്ചയിക്കപ്പെടുകയാണ്. പുഷ്പഗിരിയിലെ കാര്യങ്ങളൊക്കെ ഇവിടെ മുമ്പ് പറഞ്ഞതാണ്, ലക്ഷക്കണക്കിന് രൂപയാണ് വാങ്ങുന്നത്. അതുകൊണ്ട് ശിക്ഷ നിശ്ചയിക്കുന്ന സമയത്ത് ഈ 5 ലക്ഷം രൂപ തീർത്തും അപര്യാപ്തമാണ്, അത് വർദ്ധിപ്പിക്കാനാവശ്യമായിട്ടുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ബിൽ അവതരിപ്പിക്കുമ്പോൾ നമ്മുടെ മൂന്നുവർഷക്കാലത്തെ അനുഭവങ്ങൾ വിലയിരുത്താൻ ഗവൺമെന്റ് ശ്രദ്ധിക്കണം. ഇപ്പോൾ തമിഴ്നാട്ടിലെ 272 കോളേജുകളിൽ ഇരുപത്തിരണ്ടായിരത്തോളം എഞ്ചിനീയറിംഗ് സീറ്റുകൾ ഒഴിവാണ്. നമ്മുടെ നിയമസഭയിൽ ശ്രീ. പി. ജെ. ജോയിയുടേയും, ശ്രീ. ജോർജ് ജെ. മാത്യുവിന്റേയും, സംസ്ഥാനത്ത് പുട്ടിയിട്ട ഏതെങ്കിലും എഞ്ചിനീയറിംഗ് കോളേജുണ്ടോ എന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് കോട്ടയത്ത് ഒരു എഞ്ചിനീയറിംഗ് കോളേജ് പൂട്ടി എന്നാണ്. അതുപോലെതന്നെ സംസ്ഥാനത്ത് എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ എത്ര സീറ്റുകൾ ഈ വർഷം ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് അറിയാമോ എന്ന ചോദ്യത്തിന് ഉത്തരമായി പറഞ്ഞത് ഈ വർഷം ഗവൺമെന്റ് എയിഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 21 സീറ്റുകളും സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ആകെ 1461 സീറ്റുകളും ഒഴിഞ്ഞുകിടപ്പുണ്ട് എന്നാണ്. ഇത് നമ്മൾ പരിശോധിക്കേണ്ടതല്ലേ? അനുവദിച്ചിട്ടുള്ള 64 എഞ്ചിനീയറിംഗ് കോളേജുകളിൽത്തന്നെ 1461 സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. മാനേജുമെന്റുകൾക്ക് ഇഷ്ടംപോലെ പണം വാങ്ങാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുവാദം കൊടുത്തുകൊണ്ടുള്ള ഒരു സംവിധാനമുണ്ടായാൽ സ്വാഭാവികമായിട്ടും ഈ സീറ്റുകളിലേയ്ക്ക് ആളെ കിട്ടാത്ത ഒരവസ്ഥ വരും. ഇതിന്റെ ഉദ്ദേശം തന്നെ ഇല്ലാതാകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, ഇതിൽ നിയന്ത്രണമേർപ്പെടുത്താൻ ഗവൺമെന്റ് നിശ്ചയിച്ചിരിക്കുന്ന കമ്മിറ്റിക്ക് ഫീസ് നിർണ്ണയിക്കുന്നതിനുവേണ്ടിയുള്ള ഒരേർപ്പാടുകൂടിയുണ്ടാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. 50 ശതമാനം സീറ്റുകൾ മാനേജുമെന്റുകൾക്ക് കൊടുക്കുമ്പോൾ അത് മെറിറ്റടിസ്ഥാനത്തിൽ പൊതു പ്രവേശന പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നുമെടുക്കാനുള്ള സംവിധാനമുണ്ടാകണം. ഫീസ് നിർണ്ണയിക്കാൻ വേണ്ടി ഒരു പ്രത്യേക കമ്മിറ്റിയുണ്ടാകണം. ഇത്തരം ഭേദഗതികളോടുകൂടി ഈ ബിൽ വന്നുകഴിഞ്ഞാൽ കേരളത്തിലെ വിദ്യാർത്ഥികളുടേയും രക്ഷകർത്താക്കളുടേയും താൽപ്പര്യത്തിനനുസൃതമായി പ്രവേശനം നടപ്പാക്കേണ്ട സമയം നീണ്ടുപോകുന്ന ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് നിലവിലുള്ള ഗവൺമെന്റുകളുടെ നിലപാടുകളിൽ മാറ്റം വരുത്തി ഈ ബില്ലിൽ ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഭേദഗതികൂടി അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ (ശ്രീ. പി. ജെ. ജോയി): ബഹുമാനപ്പെട്ട അംഗം കെ. സി. ജോസഫിന് 'ബി' ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബിൽ ഒരു രാഷ്ട്രീയ തീരുമാനമാണ്. കേരളത്തിലെ വിവിധ രാഷ്ട്രീയ പാർട്ടികളുടേയും വിദ്യാർത്ഥി സംഘടനകളുടേയും പ്രതിനിധികളുമായി ഗവൺമെന്റ് നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലുണ്ടായ ഒരു ഏകദേശ സമന്വയമാണ് ഈ ബില്ലിനാധാരമായ അടിസ്ഥാന ശില. ടി.എം.എ. പൈ കേസിന്റെ വ്യാഖ്യാനം സംബന്ധിച്ച് സുപ്രീം കോടതിയുടെ അഞ്ചംഗ ബഞ്ച് Islamic Academy of Education v. State of Karnataka കേസിന്റെ വിധിന്യായത്തിൽ പറഞ്ഞത് സംസ്ഥാന ഗവൺമെന്റുകൾ സെൽഫ് ഫിനാൻസിംഗ് മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ വേണ്ടി രണ്ട് കമ്മിറ്റിയെ വയ്ക്കണമെന്നാണ്. ഫീസ് ഘടന സംബന്ധിച്ചും, അഡ്മിഷൻ സംബന്ധിച്ചും സുതാര്യതയുണ്ടാക്കാൻ, അഴിമതിയില്ലാതാക്കാൻ, വിദ്യാഭ്യാസം കച്ചവടമായി മാറാതിരിക്കാൻ സുപ്രീം കോടതിയിലേയോ ഹൈക്കോടതിയിലേയോ റിട്ടയേർഡ് ജഡ്ജികൾ നയിക്കുന്ന രണ്ടു കമ്മിറ്റികളെ വയ്ക്കാൻ ആണ് സുപ്രീം കോടതി നിർദ്ദേശിച്ചത്. ഇൻഡ്യയിൽ ആദ്യമായി അത്തരത്തിലുള്ള ഒരു കമ്മിറ്റിയെ വച്ചത് കേരളമാണ്. സുപ്രീം കോടതി ജഡ്ജിയായിരുന്ന ജസ്റ്റീസ് കെ. ടി. തോമസ് ചെയർമാനായ രണ്ട് കമ്മിറ്റികളെ സംസ്ഥാന ഗവൺമെന്റ് നിയോഗിച്ചു. ആ രണ്ട് കമ്മിറ്റികളുടേയും റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചു. ഇവിടെ ശ്രീ. ബാലൻ ചോദിച്ചത് സുപ്രീംകോടതി വിധിയനുസരിച്ച് പോകാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാണോ എന്നാണ്. ഞാൻ തിരിച്ചു ചോദിക്കുന്നു സുപ്രീം കോടതി വിധിയനുസരിച്ച് നിയോഗിച്ച കെ. ടി. തോമസ് കമ്മീഷന്റെ ശുപാർശകളനുസരിച്ചുള്ള നടപടി അംഗീകരിക്കാൻ മാർക്സിസ്റ്റ് പാർട്ടിയും പ്രതിപക്ഷങ്ങളും തയ്യാറാണോ? ആദ്യം നിങ്ങളാണ്

LIBRARY ARCHIVES Kerala Legislative Assembly

വഴിപിരിഞ്ഞു പോയത്. നിങ്ങൾ ആ കമ്മിറ്റിയെ നിരാകരിച്ചു. ഇടതുപക്ഷ മുന്നണിയും, എസ്.എഫ്.ഐ-ക്കാരും പറഞ്ഞത് ആ കമ്മിറ്റിയെ അംഗീകരിക്കുന്നില്ല എന്നാണ്. ആദ്യമായി സുപ്രീം കോടതി വിധിയെ മറികടക്കാൻ തീരുമാനിച്ചത് ഭരണകക്ഷിയല്ല, മാർക്സിസ്റ്റ് പാർട്ടിയാണ്. കെ.ടി.തോമസ് കമ്മീഷന്റെ ശുപാർശകൾ നിങ്ങൾക്ക് സ്വീകാര്യമാണെങ്കിൽ ഗവൺമെന്റ് re-thinking നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സുപ്രീം കോടതി വിധിയും അതനുസരിച്ച് നിയോഗിച്ച കമ്മീഷന്റെ ശുപാർശകളും നിങ്ങൾ അംഗീകരിക്കുന്നില്ലെന്നു നിങ്ങൾ പറയുമ്പോൾ പിന്നെ ഗവൺമെന്റിന്റെ മുന്നിലുള്ള സ്വീകാര്യമായ ഏക മാർഗ്ഗമാണ് ഈ ബിൽ. ഞാൻ ബഹുമാന്യനായ പ്രതിപക്ഷനേതാവിനോട് അഭ്യർത്ഥിക്കുകയാണ്, ദയവായി അങ്ങെങ്കിലും യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു നടപടി സ്വീകരിക്കണം. അങ്ങ് ഈ സഭ ചേരുന്നതുവരെ ഇത്തരത്തിലൊരു നിയമമുണ്ടാകാത്തതിൽ ആശങ്കപ്പെട്ട ആളാണ്. യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള ഒരു സമീപനം സ്വീകരിച്ചില്ലെങ്കിൽ കേരളത്തിലെ സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ ഒന്നൊന്നായി അടയുന്ന സാഹചര്യമുണ്ടാകും. അത് വേണോ? 1957-ൽ കേരളമുണ്ടായശേഷം രണ്ടായിരാമാണ്ടുവരെ കേരളത്തിൽ സെൽഫ് ഫൈനാൻസിംഗ് മേഖലയിൽ ഒരു സ്ഥാപനംപോലും അനുവദിച്ചില്ല. അതിന് ആദ്യം വഴി തുറന്നത് കഴിഞ്ഞ ഇടതുപക്ഷ മുന്നണി ഗവൺമെന്റും അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി ആയിരുന്ന ശ്രീ. പി. ജെ. ജോസഫുമായിരുന്നു. ഞങ്ങൾ ആ തീരുമാനം പൂർത്തിയാക്കി. ഇത് പൂർത്തീകരിക്കാനുള്ള കാരണം ഈ ബില്ലിന്റെ ആമുഖത്തിൽ പറയുന്നതുപോലെ ഇനി സംസ്ഥാനത്തിന് വിദ്യാഭ്യാസ മേഖലയിൽ പണം മുടക്കാൻ സാധിക്കില്ല. സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയനുസരിച്ച് ഇനി വിദ്യാഭ്യാസ മേഖലയിൽ ഒരു രംഗത്തും പണം മുടക്കാനാവാത്ത ഗുരുതരമായ സാഹചര്യമുള്ളപ്പോൾ കേരളത്തിലെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു ഓപ്പണിംഗ് കിട്ടണമെങ്കിൽ മറ്റൊരു മാർഗ്ഗവുമില്ല. കേരളത്തിലുള്ള കുട്ടികൾ ഏതാണ്ട് 400 കോടി രൂപയോളം ഒരു കൊല്ലം ഫീസായി കൊടുത്ത് കേരളത്തിന് പുറത്ത് പ്രൊഫഷണൽ കോഴ്സുകൾ പഠിക്കാൻ പോകുന്നു. കോഴയായി നൽകുന്ന പണം ഇതിനുപുറമെയാണ് ആ സാഹചര്യം അനുവദനീയമാണോ? കേരളത്തിലെ യു.ഡി.എഫ് ഗവൺമെന്റ് ഇക്കാര്യം ഗൗരവതരമായി ചർച്ച ചെയ്തു. ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ നേട്ടം വിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കിയ ഈ ഓപ്പണിംഗ് ആണ്. നിങ്ങൾ പൊൻമുട്ട ഇടുന്ന താറാവിനെ കൊല്ലാൻ ശ്രമിക്കരുത്. ഈ സ്ഥാപനങ്ങൾക്കൊന്നിനും സംസ്ഥാന ഖജനാവിൽ നിന്ന് ഒരു പൈസപോലും മുടക്കുന്നില്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രി ആമുഖ പ്രസംഗത്തിൽ പറഞ്ഞതുപോലെ അനിയന്ത്രിതമായ അധികാരങ്ങൾ അവർക്കുണ്ടാകാൻ പാടില്ല, പക്ഷെ അമിതമായ നിയന്ത്രണങ്ങൾ ഈ സ്ഥാപനങ്ങളെ തകർക്കും.

<u>ശ്രീ. കെ. ബാബു:</u> സർ, കർണ്ണാടകത്തിലേയും ആന്ധ്രാ പ്രദേശിലേയും തമിഴ് നാട്ടിലേയും സ്വാശ്രയ വിദ്യാഭ്യാസ ലോബി കേരളത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങുന്നതിനെതിരായി ശക്തമായി രംഗത്തുണ്ടെന്നും അവർ ഈ സ്ഥാപനങ്ങളെ തകർക്കാൻ കേരളത്തിലെ പ്രതിപക്ഷത്തെ കൂട്ടുപിടിച്ചെന്നും വാർത്തയുണ്ട്. ഇതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: കൂട്ടുപിടിച്ചാലും ഇല്ലെങ്കിലും അവരുടെ താൽപര്യമാണ് പ്രതിപക്ഷത്തിന്റെ വാക്കുകളിലൂടെ കേൾക്കാൻ കഴിയുന്നത്.

ശ്രീ. എ. എൻ. രാജൻ ബാബു: കഴിഞ്ഞ ഗവൺമെന്റ് അഞ്ചു കൊല്ലം ഭരണത്തിലിരുന്നിട്ടും മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് രണ്ടായിരം കോടി രൂപ ആണ്ടുതോറും പോകുന്നയവസരത്തിൽ നമ്മുടെ വിദ്യാർത്ഥികൾ 35 ലക്ഷം രൂപയും 40 ലക്ഷം രൂപയും കൊടുത്ത് അഡ്മിഷൻ നേടിയിരുന്ന കാലത്ത് സാധാരണക്കാരന്റെ കുട്ടികൾക്ക് എങ്ങനെ പ്രൊഫഷണൽ വിദ്യാഭ്യാസം കിട്ടുമെന്ന് ആലോചിക്കാത്ത ഒരു ഗവൺമെന്റാണെന്ന് അറിയാമോ?

ശ്രീ. കെ.സി. ജോസഫ് : അങ്ങ് ഇവിടെ പറഞ്ഞതുപോലെ സാധാരണക്കാരുടെ മക്കൾക്കു വേണ്ടി പൊഴിക്കുന്ന മുതലക്കണ്ണീരാണ് പ്രതിപക്ഷത്തിന്റെ വാക്കുകൾ.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ കോടതിയും കേസുമൊക്കെ ഒഴിവാക്കാമെന്ന് വിചാരിച്ച് ഒരു നിയമം കൊണ്ടുവരുന്നു എന്നാണ് പറഞ്ഞത്. 2004-ലെ അഡ്മിഷനുവേണ്ടിയുള്ള പ്രോസ്പെക്ടസിൽ വളരെ വ്യക്തമായി Availability of NRI seats: Engineering -10 per cent of the total seats in all Engineering courses എന്ന് പറഞ്ഞിരിക്കുകയാണ്. ഈ ബില്ലിനകത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന്റേയും എൻ.ആർ.ഐ-യുടേയും കാര്യം പറയുന്നുണ്ട്. എന്നാൽ എഞ്ചിനീയറിംഗ് സീറ്റിന്റെ കാര്യത്തിൽ എൻ.ആർ.ഐ.-യുടെ കാര്യം പറയുന്നില്ല. അതിനെക്കുറിച്ച് എന്താണ് പറയുവാനുള്ളത്?

ശ്രീ. കെ.സി. ജോസഫ്: അതുകൊണ്ട് ഈ സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകണം. ഈ സ്ഥാപനങ്ങൾ നടത്താനാവശ്യമായ ഫിനാൻഷ്യൽ വയബിലിറ്റി ഉണ്ടാകണം. ഇതിന്റെ പേരുതന്നെ സെൽഫ് ഫിനാൻസിംഗ് കോളേജ് എന്നാണ്. എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ ബില്ലിന്റെ ടൈറ്റിൽ മാറണം. കേരള അൺഎയ്ഡഡ് സെൽഫ് ഫിനാൻസിംഗ് പ്രൊഫഷണൽ കോളേജസ്..... എന്നാക്കണം. സുപ്രീം കോടതി വിധിയും കെ.ടി. തോമസ് കമ്മിറ്റിയുമെല്ലാം പറയുന്നത് സെൽഫ് ഫിനാൻസിംഗ് കോളേജ് എന്നാണ്. സെൽഫ് ഫിനാൻസ് എന്നു പറഞ്ഞാൽ കച്ചവടമല്ല; ഈ കോളേജിന് കിട്ടുന്ന വരുമാനംകൊണ്ട് നടത്തിക്കൊണ്ടുപോകണം. ഇന്ന് ബിരുദങ്ങളുടെ വിലയെല്ലാം പോയി. കാലം മാറി. ഇത് നമ്മൾ കാണണം. ഇന്ന് വില ബിരുദക്കാർക്കല്ല. നിങ്ങൾ എവിടെ പഠിക്കുന്നു; നിങ്ങൾ ഏത് കോളേജിന്റെ പ്രോഡക്ടാണ്. ഇന്ന് ബ്രാൻഡ് നെയിമിന്റെ കാലമാണ്. നിങ്ങൾ സാധാരണയായി നിലവാരമില്ലാത്ത കോളേജിൽ പഠിച്ച് എം.ബി.എ. എടുത്താൽ ആർക്കും വേണ്ട. നിങ്ങൾ പഠിക്കുന്ന കോളേജിന് നിലവാരമുണ്ടെങ്കിൽ, റെപ്യൂട്ടേഷൻ ഉണ്ടെങ്കിൽ, സെന്റർ ഓഫ് എക്സലൻസ് ആണെങ്കിൽ അംഗീകാരം കിട്ടും. ഈ കോളേജുകൾ നടത്തിക്കൊണ്ടുപോകണമെങ്കിൽ അതിനാവശ്യമായ ഫിനാൻഷ്യൽ വയബിലിറ്റി ഈ സ്ഥാപനത്തിന് ഉണ്ടാകണം. പ്രതിപക്ഷം ഇവിടെ സ്വീകരിക്കുന്നത് ഒരു ഇരട്ടത്താപ്പ് നയമാണ്.

ശ്രീ. കെ. സി. വേണുഗോപാൽ: സ്ഥാപനങ്ങൾ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണമെന്ന് അങ്ങ് ഇവിടെ പറഞ്ഞു. അങ്ങ് പറഞ്ഞത് യഥാർത്ഥത്തിൽ ശരിയാണ്. പക്ഷേ നമ്മൾ കാണേണ്ട

മറ്റൊരു വശം കേരളത്തിൽ ഒരു വിദ്യാഭ്യാസ കച്ചവട സംസ്കാരം വളർന്നുവരുന്നു എന്നുള്ളതാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു സൗകര്യവും ഇല്ലാത്ത സ്കൂളുകൾക്ക് പ്ലസ്ടു കൊടുത്തു. അതുമുതൽ ഇങ്ങോട്ട് വിദ്യാഭ്യാസ മേഖലയെ കച്ചവട കേന്ദ്രമാക്കി മാറ്റാമോ എന്നുള്ള സാദ്ധ്യത നോക്കി കുറേ ആളുകൾ ഇറങ്ങിത്തിരിച്ചിരിക്കുകയാണ്. എയിഡഡ് സ്കൂളുകൾക്ക് ശമ്പളം കൊടുക്കുന്നത് ഗവൺമെന്റാണ്. പ്ലസ്ടു കോഴ്സിനുപോലും പതിനായിരവും പതിനയ്യായിരവും വാങ്ങിക്കൊണ്ടിരിക്കുകയാണ്. സ്കൂളുകളിൽ വ്യാപകമായി കുട്ടികളുടെ എണ്ണം കുറവായിരിക്കുമ്പോൾ കുട്ടികളെ ഒരു സ്കൂളിൽനിന്ന് മറ്റൊരു സ്കൂളിലേയ്ക്ക് മാറ്റുന്നതിനെ സംബന്ധിച്ച് പത്രങ്ങളിൽ വ്യാപകമായി വാർത്ത വന്നുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് കച്ചവട സംസ്ക്കാരം വളരുകയാണ്. നമ്മളൊക്കെ അതിനെ അനുകൂലിക്കാൻ പാടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഒരിക്കലും വിദ്യാഭ്യാസ മേഖല ഒരു കച്ചവടമായി മാറാൻ പാടില്ല. വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ ഒരു നിയന്ത്രണം വേണം. ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതുപോലെ അനിയന്ത്രിതമായ അവകാശങ്ങൾ ഉണ്ടാകാൻ പാടില്ല. ഒരു കാളിറ്റേറ്റീവ് റെസ്ട്രിക്ഷൻ ഉണ്ടാകണം. ഈ ബില്ലിൽ രണ്ടു കാര്യങ്ങൾ പറയുന്നുണ്ട്. ഒന്ന്, സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ അഡ്മിഷന്റെ മാനദണ്ഡം രണ്ട്, അവിടുത്തെ ഫീസ് സ്ട്രക്ച്ചർ. എന്താണ് പറയുന്നത്? അഡ്മിഷന്റെ 50% ഗവൺമെന്റ് കാറ്റഗറിയാണ്. എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷയിൽനിന്നും 50% പേരെ പ്രവേശിപ്പിക്കും. 50% മാനേജ്മെന്റ് കാറ്റഗറി. ഫീസിന്റെ കാര്യത്തിൽ പറയുന്നത് 50% മെറിറ്റ് കാറ്റഗറിയിൽ വിദ്യാർത്ഥികൾക്ക് ഗവൺമെന്റ് കോളേജിലെ ഫീസ്. 50% മാനേജ്മെന്റ് കാറ്റഗറിയിലെ വിദ്യാർത്ഥികൾക്ക് ആ സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ ആവശ്യമാണെന്നു കരുതുന്ന ഫീസ് സ്ട്രക്ച്ചർ. ഇതാണ് ബില്ലിന്റെ ഉദ്ദേശം. ഇവിടെ ഈ സ്ഥാപനം നടന്നുകൊണ്ടു പോകണമെങ്കിൽ അതിനാവശ്യമായ വരുമാനം ഉണ്ടാകണ്ടേ? നിങ്ങൾ ഇവിടെ വലിയ ആക്ഷേപം പറഞ്ഞു. കേരളത്തിൽ ഇത്രയും കാലമായി ഗവൺമെന്റ് മേഖലയിൽ എഞ്ചിനീയറിംഗ് കോളേജിന് ആകെയുള്ളത് 2623 സീറ്റുകൾ. 1957-ലെ ഇ.എം.എസ്സിന്റെ കാലഘട്ടം മുതൽ 2001-ലെ നായനാർ സർക്കാരിന്റെ കാലഘട്ടത്തിൽവരെ മാറിമാറി വന്ന എല്ലാ സർക്കാരുകളും ആരംഭിച്ച എല്ലാ കോളേജുകളുടേയും സീറ്റുകൾ കൂട്ടിയാൽ എഞ്ചിനീയറിംഗ് കോളേജിൽ ആകെ സീറ്റ് 2623. ഇന്ന് കേരളത്തിലെ സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ ആകെ ലഭ്യമായ സീറ്റ് 15330, 50% മെറിറ്റാണെങ്കിൽ 7665 സീറ്റ്. അതായത് ഇന്ന് നിലവിലുള്ള 2663-ന്റെ മൂന്നിരട്ടി സീറ്റുകളാണ് എഞ്ചിനീയറിംഗ് മേഖലയിൽ ലഭിക്കാൻ പോകുന്നത്. ഈ സീറ്റിൽ സർക്കാരിന്റെ ഫീസ്, സർക്കാരിന്റെ പ്രവേശന മാനദണ്ഡം! മെഡിസിന്റെ കാര്യമെടുക്കാം. ഇന്ന് കേരളത്തിൽ ഗവൺമെന്റ് കോളേജുകളിൽ ആകെയുള്ളത് 700 സീറ്റുകൾ. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ ഇപ്പോൾതന്നെ 700 സീറ്റുകൾ ലഭ്യമാണ്. അതിന്റെ 50% - 350 സീറ്റുകൾ. സർക്കാർ കോളേജിലെ ഫീസ്, സർക്കാരിന്റെ അഡ്മിഷൻ നോംസ്. അതുപോലെ ഡെന്റൽ. ഇന്ന് കേരളത്തിൽ ഗവൺമെന്റ് മേഖലയിൽ 120 സീറ്റുകൾ. സെൽഫ് ഫിനാൻസിംഗ് കോളേജിൽ 280 സീറ്റുകൾ. അതായത് 140 സീറ്റുകൾ മെറിറ്റ് കാറ്റഗറിയിൽ. നഴ്സിംഗിന് ഇപ്പോൾ കേരളത്തിൽ ആകെയുള്ളത് 180 സീറ്റുകൾ. സെൽഫ് ഫിനാൻസിംഗ് മേഖലയിൽ 1600 സീറ്റുകൾ. അതായത്

LIBRARY ARCHIVES Kerala Legislative Assembly

600 സീറ്റ് ഗവൺമെന്റ് കോട്ട. ആയുർവേദത്തിന് ഇപ്പോൾ ഗവൺമെന്റ് മേഖലയിൽ നിലവിലുള്ളത് 140 സീറ്റുകൾ. സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ ഇപ്പോൾ ലഭിക്കാൻ പോകുന്നത് 340 സീറ്റുകൾ. അതിന്റെ 50%-170 സീറ്റുകൾ. ബി. ഫാമിന് ഇന്ന് സർക്കാർ മേഖലയിൽ ലഭ്യമായത് 48 സീറ്റുകൾ. സെൽഫ് ഫിനാൻസിംഗ് മേഖലയിൽ 500 സീറ്റുകൾ. അതിന്റെ 50%-250 സീറ്റുകൾ. സിദ്ധ വിഭാഗത്തിൽ സർക്കാർ കോളേജില്ല. ഒരു കോളേജ് ആരംഭിച്ചു. മൊത്തം 50 സീറ്റുകൾ. 25 സീറ്റുകൾ മെറിറ്റ് കോട്ടയിൽ. ഇത്രയും സൗകര്യങ്ങൾ ഉണ്ടാകുന്നത് തകർക്കാനല്ലേ നിങ്ങൾ ശ്രമിക്കുന്നത്? നിങ്ങൾ പറയുന്നതു പോലുള്ള ഫീസ് സ്ട്രക്ച്ചറിലേയ്ക്ക് മടങ്ങിപ്പോയാൽ കേരളത്തിൽ ഏതെങ്കിലും സെൽഫ് ഫിനാൻസിംഗ് കോളേജുകൾ നടത്താൻ സാധിക്കുമോ? ഇവിടെ നിങ്ങൾക്ക് ആദർശം പറയാം. ദയവായി ആദർശ പ്രസംഗത്തിന്റെ പേരിൽ കേരളത്തിലെ വിദ്യാഭ്യാസ മേഖലയെ തകർക്കാൻ ശ്രമിക്കരുത്. ഒരു യാഥാർത്ഥ്യബോധം ഉണ്ടാകണം. എന്റെ മണ്ഡലത്തിൽ തലശ്ശേരി ഡയോസിസിന്റെ കീഴിൽ ഒരു കോളേജ് ആരംഭിച്ചു. അവിടെ ആറു കോടി രൂപ മുടക്കി. ഏഴു കോടി രൂപയ്ക്ക് ബാങ്ക് ലോണിന് അപേക്ഷിച്ചിരിക്കുന്നു. അവർ പറയുന്നു ഇങ്ങനെ മുന്നോട്ടുപോയാൽ നടത്താൻ സാധിക്കുകയില്ലായെന്ന്. അവിടെ ഉണ്ടാകുന്ന ഇൻവെസ്റ്റ്മെന്റ്, അതിന്റെ ബാങ്ക് പലിശ, അധ്യാപകരുടെ ശമ്പളം, അനധ്യാപകരുടെ ശമ്പളം, ഇതെല്ലാം കൊടുക്കാനുള്ള സൗകര്യം ഉണ്ടാകണ്ടേ?

ശ്രീ. സി. പി. മുഹമ്മദ്: ഇവിടെ ആദർശം പറയരുതെന്നു പറഞ്ഞു. ഈ ആദർശം പറയുന്ന പലരുടേയും മക്കൾ മറ്റ് സംസ്ഥാനങ്ങളിലെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പഠിച്ചത് എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: ഞാൻ ആരുടേയും പേര് പറയുന്നില്ല. അപ്പുറത്തിരിക്കുന്ന പലരുടേയും അവരെ നിയന്ത്രിക്കുന്ന പലരുടേയും മക്കൾ പഠിക്കുന്നത് കോയമ്പത്തൂരിലെ അമൃതയിലും മറ്റ് പല സ്ഥാപനങ്ങളിലുമാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട കെ.ടി. തോമസ് കമ്മിഷൻ റിപ്പോർട്ട് പുറത്തുവന്നു കഴിഞ്ഞപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളുടെ മാനേജുമെന്റ് അസോസിയേഷൻ പ്രസിഡന്റിന്റെ ഒരു പ്രസ്താവന പുറത്തുവരികയുണ്ടായി. അദ്ദേഹം പറഞ്ഞത് 'ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഭരിച്ചപ്പോൾ അന്നത്തെ സ്വാശ്രയ കോളേജുകൾക്ക് നിശ്ചയിച്ചിരുന്ന ഫീസ് ഘടന ഞങ്ങൾക്ക് സ്വീകാര്യമാണ്, ഇത് ഞങ്ങൾക്ക് സ്വീകാര്യമല്ല' എന്നാണ്. എന്നു പറഞ്ഞാൽ മാനേജ്മെന്റുകൾക്ക് കുറച്ചുകൂടി സൗകര്യം ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലഘട്ടത്തിലാണ് എന്നുള്ളതല്ലേ മനസ്സിലാക്കേണ്ടത്; അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്. ഇടതുപക്ഷത്തിന്റെ കാലത്ത് ഇന്ററസ്റ്റ് ഫ്രീ ഡെപ്പോസിറ്റ് ഒരു ലക്ഷം രൂപ പിരിക്കാൻ സമ്മതിച്ചു. ഇന്ന് അതൊന്നുമില്ല. ഇന്ന് വളരെ സുതാര്യമായി, വളരെ വ്യക്തമായി ഞങ്ങൾ പറയുന്നു, ആരംഭിക്കുന്ന കോളേജുകളിൽ 50% സീറ്റുകളിൽ സർക്കാർ കോളേജിന്റെ പ്രവേശന മാനദണ്ഡം, സർക്കാർ കോളേജിന്റെ ഫീസ് സ്ട്രക്ച്ചർ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: ഇടതുപക്ഷ ഗവൺമെന്റിന്റെ കാലത്ത് എം.ജി. യൂണിവേഴ്സിറ്റിയിൽ ആരംഭിച്ച നിരവധി സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുണ്ട്. അടുത്തകാലത്ത് കെ.ടി. തോമസ് കമ്മിഷൻ പ്രഖ്യാപിച്ച ഫീസ് നിരക്കും എം.ജി. യൂണിവേഴ്സിറ്റിയിൽ ഇപ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകൾക്ക് ചാർജ് ചെയ്തുകൊണ്ടിരിക്കുന്നതുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ എം.ജി. യൂണിവേഴ്സിറ്റിയിൽ ചാർജ് ചെയ്തുകൊണ്ടിരിക്കുന്ന ഫീസാണ് അധികമെന്ന് എല്ലാപേർക്കും ബോദ്ധ്യമുണ്ട്. ഇക്കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: എം.ജി. യൂണിവേഴ്സിറ്റി ആണെങ്കിലും കേരളത്തിൽ ഏത് സ്ഥാപനമാണെങ്കിലും സാധാരണയായി പറയുന്നത് സെൽഫ് ഫിനാൻസിംഗ് എന്നാണ്. സ്വയമായി അവർ അതിന് പണം ജനറേറ്റ് ചെയ്യണം. അതിന് സമ്മതിച്ചില്ലെങ്കിൽ സ്ഥാപനം ഉണ്ടാകുകയില്ല. ഇവിടെ ബഹുമാനപ്പെട്ട

5.00 p.m.] ശ്രീ. മത്തായി ചാക്കോ പറഞ്ഞു, സുപ്രീം കോടതിയെ മറികടക്കാൻ ശ്രമിക്കുന്നുവെന്ന്. കെ.ടി. തോമസ് കമ്മിറ്റിയാണ് സുപ്രീം കോടതി പറഞ്ഞതനുസരിച്ചു രൂപീകരിച്ച കമ്മിറ്റി. സമഗ്രമായി പഠിച്ച റിപ്പോർട്ടിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. കെ.ടി. തോമസിന്റെ ശുപാർശയനുസരിച്ച് അഡ്മിഷൻ പൂർണ്ണമായും മെരിറ്റിൽ. മെഡിക്കൽ കോളേജാണെങ്കിൽ അവർ പറയുന്ന ഫീസ് 1,13,000 രൂപ. അതിന്റെ ആർഗുമെന്റ് ഉണ്ട്. സർക്കാർ കോളേജിലെ ഫീസ് മെഡിക്കൽ കോളേജിൽ 12,000 രൂപ.

ശ്രീ. മത്തായി ചാക്കോ: കെ. ടി. തോമസിനെ പറയുന്നതെന്തിനാണ്? കെ. ടി. തോമസിനെ നമ്മൾ രണ്ടു കൂട്ടരും നിഷേധിച്ചതാണ്. കെ.ടി. തോമസിന്റെ ശുപാർശ വരുമ്പോൾ നിശ്ചയിക്കപ്പെടുന്ന ഫീസ് കൊടുക്കണം.

ശ്രീ. കെ. സി. ജോസഫ്: നിങ്ങൾ അത് തീരുമാനിക്കണം. ഒന്നുകിൽ സുപ്രീം കോടതി വിധി. അത് നിങ്ങൾ അംഗീകരിക്കുന്നില്ല. കെ.ടി. തോമസ് പറഞ്ഞതെന്താണ്? ഞാൻ മെഡിക്കൽ കോളേജിന്റെ കാര്യം മാത്രം പറയാം. ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫീസ് 12,000 രൂപ. കെ. ടി. തോമസ് കമ്മീഷൻ പറഞ്ഞത് 1,13,000 രൂപ. ഇന്ന് കേരളത്തിലെ, ഇൻഡ്യയിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും, ബാങ്കുകളിൽ നിന്നും വായ്പ ലഭിക്കും. വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കി ജോലി കിട്ടിക്കഴിഞ്ഞശേഷം ആ വായ്പ തിരിച്ചടച്ചാൽ മതി. ഇന്ററസ്റ്റ് സബ്സിഡൈസ്ഡ് ലോൺ 4 ലക്ഷം രൂപ കിട്ടും. അത് കിട്ടുന്നതുനുള്ള സൗകര്യം സംസ്ഥാന

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഗവൺമെന്റ് ചെയ്തു കൊടുക്കണം. അത് സാധിക്കും. അത് കിട്ടിയാൽ പിന്നെ ഫീസ് വരുന്നത് വിദ്യാർത്ഥി മുടക്കേണ്ടത് 13,000 രൂപയാണ്. സർക്കാർ കോളേജാണെങ്കിൽ 12,000 രൂപ. ആയിരം രൂപ കൂടുതലാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങ് പറഞ്ഞതുപോലെ ആയിരുന്നു കേരളത്തിലെ സ്വാശ്രയ കോളേജുകൾ. പ്രത്യേകിച്ച് ഐ.എച്ച്.ആർ.ഡി. നടത്തുന്ന സ്വാശ്രയ കോളേജുകളിലെ ഫീസിന്റെ ഘടന. ഒരു ലക്ഷം രൂപ ഇന്ററസ്റ്റ് സബ്സിഡൈസ്ഡ് ലോണായിട്ട് ബാങ്കുകൾ കൊടുക്കും. 12,500 രൂപ കുട്ടികളുടെ

LIBRARY ARCHIVES Kerala Legislative Assembly

കയ്യിൽ നിന്നും ഫീസ് വാങ്ങിക്കുന്ന സിസ്റ്റമായിരുന്നു 1996-ൽ അധികാരത്തിൽ വന്ന ഇടതുപക്ഷ ഗവൺമെന്റിന്റേത്. ആ സിസ്റ്റം മാറ്റി 35,000 രൂപ ഫീസ് ആയി വർദ്ധിപ്പിക്കുകയും കുട്ടികളുടെ മേൽ ഫീസ് ചുമത്തുകയും ചെയ്ത സത്യം അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. കെ. സി. ജോസഫ്: അത് ശരിയാണ്. ഇവിടെ നിങ്ങളുടെ വാദം കേട്ടാൽ ഞങ്ങൾ എന്തോ വലിയ അപരാധം ചെയ്തു എന്ന് തോന്നും. ഈ സംസ്ഥാന ഗവൺമെന്റ് എന്താണ് ചെയ്തത്? കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ്, ശ്രീ. എ. കെ. ആന്റണി, സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ ആരംഭിച്ചില്ലായിരുന്നുവെങ്കിൽ എന്താണ് സ്ഥിതി? ഈ കുട്ടികളെല്ലാം പഠിക്കാൻ മംഗലാപുരത്തോ കോയമ്പത്തൂരോ ആല്ലെങ്കിൽ മണിപ്പാലിലോ പോകണം. ഞങ്ങൾ കർണ്ണാടകയിലുള്ള ആ ഫ്ളോ അവസാനിപ്പിച്ചു. കേരളത്തിൽ സൗകര്യങ്ങൾ ഉണ്ടാക്കിയപ്പോൾ ഞങ്ങളെ കല്ലെറിയാൻ ശ്രമിക്കുന്നു. ഈ സ്ഥാപനങ്ങൾ ആരംഭിച്ചത് വലിയ അപരാധമാണോ? കേരളത്തിലെ യു.ഡി.എഫ്. ഗവൺമെന്റ് സെൽഫ് ഫൈനാൻസിംഗ് മേഖലയിൽ സ്ഥാപനങ്ങൾ ആരംഭിച്ചില്ലായിരുന്നുവെങ്കിൽ എന്താണ് സംഭവിക്കുക? സംസ്ഥാന ഗവൺമെന്റ് പണം മുടക്കി ഒരു കോളേജും ആരംഭിക്കാൻ പോകുന്നില്ല. പിന്നെ ഫലത്തിൽ ഉണ്ടാകുന്നത്, പഠിക്കാൻവേണ്ടി കുട്ടികൾ മംഗലാപുരത്തും കോയമ്പത്തൂരിലും ബാംഗ്ലൂരിലുമൊക്കെ പോകേണ്ടിവരും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇടതുപക്ഷമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന കാലത്ത് കേരളത്തിൽ എഞ്ചിനീയറിംഗിന് 4,000 സീറ്റ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. 5 വർഷം കൊണ്ട് ഗവൺമെന്റ് സ്പോൺസേർഡ് സ്ഥാപനങ്ങൾ വഴി 8,000 സീറ്റ് വർദ്ധിപ്പിച്ചുകൊണ്ട് 12,000 സീറ്റ് ആക്കി. അന്ന് 8,000 സീറ്റ് അധികം വർദ്ധിപ്പിക്കാൻ കഴിഞ്ഞത് സ്വാശ്രയ മേഖലയിൽ കൊടുക്കാതെ പൊതുമേഖലയിൽ സ്ഥാപനം ആരംഭിച്ചതുകൊണ്ടാണ്. അതേപോലെയുള്ള സ്ഥാപനം ഇപ്പോഴും ആരംഭിച്ചുകൂടേ?

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട കോടിയേരിയുടെ കണക്ക് ഞാൻ ചലഞ്ച് ചെയ്യുന്നു. എന്റെ കയ്യിലുള്ള കണക്കനുസരിച്ച് ഇന്ന് കേരളത്തിൽ എഞ്ചിനീയറിംഗിനുള്ള സീറ്റ് ഗവൺമെന്റ് മേഖലയിൽ 2623 ഉം എയ്ഡഡ് കോളേജുകളിൽ 1390 ഉം ആണ്. ഇന്ന് ആകെ ലഭ്യമായിട്ടുള്ളത് 4013 സീറ്റാണ്. അങ്ങ് പറഞ്ഞത് എൽ.ഡി.എഫ്. ഗവൺമെന്റ് 8,000 സീറ്റ് കൂട്ടി. എന്നാണ്. ആ കാര്യം വസ്തുതകൾക്ക് നിരക്കുന്നതല്ല. എനിക്ക് അപേക്ഷിക്കാനുള്ളത് ആദർശത്തിന്റെ ആ പൊയ്മുഖം മാറ്റണം; യാഥാർത്ഥ്യബോധം വേണം. എന്നാണ്. ഞാൻ ചോദിക്കുന്നു, ഈ കോളേജുകൾ സെൽഫ് ഫൈനാൻസിംഗ് കോളേജുകളാണെങ്കിൽ ഈ കോളേജുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണം. അനദ്ധ്യപകർക്ക് ശമ്പളം കൊടുക്കണം. അവിടെ ലൈബ്രറി വേണം, ലബോറട്ടറി വേണം, കെട്ടിടസൗകര്യം വേണം, ആശുപത്രി വേണം.

ശ്രീ. ആര്യാടൻ മുഹമ്മദ് : ഈ ബിൽ പാസായ നിലയിൽ വന്നാൽ ഇൻഡ്യാ രാജ്യത്ത് മെരിറ്റിൽ ഏറ്റവും ഫീസ് ചുരുങ്ങിയ സംസ്ഥാനം കേരളമായിരിക്കും എന്നുള്ള കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോസഫ്: ശരിയാണ്. എന്ന് മാത്രമല്ല, മുഖ്യമന്ത്രി പറഞ്ഞതുപോലെ കേരളം വിദ്യാഭ്യാസത്തിന്റെ ഒരു ഡെസ്റ്റിനേഷൻ പോയിന്റായി മാറും കേരളത്തിൽ നിന്നുള്ള ഒഴുക്ക് അവസാനിക്കും. അങ്ങനെ വരണമെങ്കിൽ നമ്മുടെ കോളേജുകൾക്ക് റെപ്യൂട്ടേഷൻ ഉണ്ടാകണം. സെന്റർ ഓഫ് എക്സലൻസായിട്ടുള്ള എത്ര സ്ഥാപനങ്ങൾ കേരളത്തിലുണ്ട്? വിദ്യാഭ്യാസ രംഗത്ത് നൂറ്റാണ്ടുകളുടെ പാരമ്പര്യമുള്ള എത്ര കോളേജുകൾ കേരളത്തിലുണ്ട്? ഇന്ന് വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മേൻമ കേരളത്തിനുണ്ടോ? ഗുണപരമായ മേന്മയിൽ നമ്മളെ മറികടന്നുകൊണ്ട് കർണ്ണാടകയിലേയും ആന്ധ്രയിലേയും തമിഴ്നാടിലേയും കോളേജുകൾ മുന്നോട്ടു പോകുമ്പോൾ വിദ്യാഭ്യാസ രംഗത്ത് കേരളം നേരിടുന്നത് ഒരു വലിയ സ്റ്റാഗ്നേഷനാണ്.

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ ആക്ടായി വന്നാൽ ഇൻഡ്യാ രാജ്യത്തിൽ ഏറ്റവും കൂടുതൽ പണം മാനേജ്മെന്റ് സൈഡിൽ വരുന്ന ഏക സംസ്ഥാനം കേരളമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. സി. ജോസഫ്: ബഹുമാനപ്പെട്ട ബാലൻ പാർലമെന്റ് അംഗമായിരുന്ന ആളാണ്. അങ്ങേയ്ക്ക് കുറച്ചുകൂടി യാഥാർത്ഥ്യബോധം വേണം. ഒന്ന് മനസ്സിലാക്കണം, മാനേജ്മെന്റ് സീറ്റിൽ അധികം ഫീസ് വയ്ക്കാൻ പറ്റില്ല. ഇന്ന് ധാരാളം കോമ്പറ്റിഷനുണ്ട്. ഒരു കോളേജിൽ ഫീസ് കൂടുതലാണെങ്കിൽ വിദ്യാർത്ഥികൾ മറ്റ് കോളേജിലേയ്ക്ക് പോകും. മികച്ച കോളേജിൽ മാത്രമേ കുട്ടികൾ പോവുകയുള്ളൂ. അതുകൊണ്ട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്, നിങ്ങൾക്ക് കുറേക്കൂടി യാഥാർത്ഥ്യബോധം ഉണ്ടാകണം എന്നാണ്. ദയവായി നിങ്ങൾ പൊൻമുട്ടയിടുന്ന താറാവിനെ കൊല്ലാൻ ശ്രമിക്കരുത്. ഇന്ന് ആരംഭിച്ച സെൽഫ് ഫൈനാൻസിംഗ് കോളേജുകൾ നടത്തിക്കൊണ്ടുപോകാൻ സഹായകരമായ സമീപനം ഉണ്ടായില്ലെങ്കിൽ നമ്മുടെ കുട്ടികൾ പഠിക്കാൻവേണ്ടി വീണ്ടും കേരളത്തിന് പുറത്ത് പോകുന്ന അവസ്ഥയുണ്ടാകും. അതുകൊണ്ട് ഈ ബില്ലാണ് നമുക്ക് ലഭ്യമായ ഏറ്റവും നല്ല സ്വീകാര്യമായ മാർഗ്ഗം. ഇവിടെ പറഞ്ഞതുപോലെ ഈ ബിൽ സുപ്രീം കോടതിക്ക് നിരക്കുന്നതല്ല. സുപ്രീം കോടതി പറയുന്നത്, പൂർണ്ണമായ അഡ്മിഷൻ മെറിറ്റിൽ ആയിരിക്കും എന്നാണ്. ആ നിഗമനത്തോട് യോജിക്കാൻ കഴിയാതെ പോയത് ഗവൺമെന്റിന്റെ പിടിവാശികൊണ്ടല്ല; നിങ്ങളുടെ സമ്മർദ്ദം കൊണ്ടാണ്. അതുകൊണ്ട് നിങ്ങളും സഹകരിക്കണം. നിങ്ങൾ കേന്ദ്ര ഗവൺമെന്റിനെ സഹായിക്കുന്ന ഒരു മുഖ്യ കക്ഷിയാണ്. പാർലമെന്റിലും നിങ്ങൾ സമ്മർദ്ദം ചെലുത്തണം. കാരണം ഈ ബിൽ പാസായാലും സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വരുമ്പോൾ തള്ളിക്കളയാതിരിക്കാൻ അതിന് ആവശ്യമായ കോൺസ്റ്റിറ്റ്യൂഷണൽ പ്രൊട്ടക്ഷൻ കിട്ടണം. അത് കിട്ടണമെങ്കിൽ ഞങ്ങൾ മാത്രം വിചാരിച്ചാൽ പോര. നിങ്ങളുടേയും സഹായസഹകരണം ഉണ്ടാകണം. അതുകൊണ്ട് ദയവായി മുട്ടാപ്പോക്ക് ഉയർത്താതെ, പിടിവാശിയില്ലാതെ കേരളത്തിൽ ആരംഭിച്ച ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൂട്ടുന്ന ഒരു സാഹചര്യം ഉണ്ടാകാതെ നാടിന്റെ ഉയർച്ചയ്ക്കുവേണ്ടിയുള്ള നയം സ്വീകരിക്കാൻ ബഹുമാന്യരായ പ്രതിപക്ഷ അംഗങ്ങളോട് അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ അഭിഗതി മൂവ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, ഈ ബില്ലിന്റെ പേര് 2004-ലെ കേരള ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനത്തിനുള്ള നടപടിക്രമവും ഫീസ് നിശ്ചയിക്കലും) ബിൽ എന്നാണ് മലയാളം കോപ്പിയിൽ ആദ്യം നമുക്ക് അച്ചടിച്ചുതന്നത് . ഇന്ന് ഇപ്പോൾ നിയമവകുപ്പിന്റെ ഒരു ശുദ്ധികലശത്തിന്റെ ഒരു കോപ്പി എല്ലാപേർക്കും തന്നിട്ടുണ്ട്. ശുദ്ധിപത്രം എന്നാണ് അതിനെ വിളിക്കുന്നത്. ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് ട്രാൻസ്ലേറ്റ് ചെയ്യുമ്പോൾ പറ്റിയ പിശകുകളെല്ലാം അവർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഫീസ് നിശ്ചയിക്കൽ ബില്ലിൽ വല്ല വ്യവസ്ഥയും ഉണ്ടോ? ഏതായാലും ഇത്തരം ഒരു നിയമനിർമ്മാണത്തിന് ഈ ഗവൺമെന്റ് തയ്യാറായത് നമ്മുടെ കേരളത്തിൽ കഴിഞ്ഞ അധ്യയനവർഷത്തിൽ എസ്. എഫ്. ഐ. അടക്കമുള്ള ഇടതുപക്ഷ സംഘടന കളുടെ നേതൃത്വത്തിൽ നടത്തിയ ഉജ്ജ്വലമായ ഒരു സമരത്തിന്റെ ഫലമായാണ് ഭരണകക്ഷിയിലുള്ള എം.എസ്.എഫ്. ഉണ്ട്, എന്ന് അങ്ങ് പറയുമെന്ന് തോന്നുന്നില്ല. വിദ്യാർത്ഥി സംഘടനകളുണ്ട്. എന്നാൽ ഭരണ കക്ഷി വിദ്യാർത്ഥി സംഘടനകൾ പറയുന്നതു പോലും നിങ്ങൾ ചെയ്തിട്ടില്ല. കഴിഞ്ഞ ഒരു അധ്യയന വർഷത്തിലെ സ്ഥിതി എന്തായിരുന്നു? ഉജ്ജ്വലമായ സമരം. ഇവിടെ നടന്നില്ലേ, എം.എസ്.എഫ്. അടക്കം പങ്കെടുത്തില്ലേ, ആ സമരത്തെ സർക്കാർ എങ്ങനെയാണ് നേരിട്ടത്? ബഹുമാനപ്പെട്ട മന്ത്രി ഓർത്തോ, എം.എസ്.എഫ്-കാർക്കു നേരെ ജലപീരങ്കി, വൈദ്യുതി ലാത്തികൾ, റബ്ബർ ബുള്ളറ്റ്, ഗ്രനേഡുകൾ, ഇതെല്ലാം കൊണ്ടാണ് ആ വിദ്യാർത്ഥി സമരത്തെ നേരിട്ടത്. കേരളത്തിലെ തെരുവുകൾ വിദ്യാർത്ഥികളുടേയും യുവജനങ്ങളുടേയും ചോരകൊണ്ട് അന്ന് കുതിർന്നു. അത്രയും വലിയ ഒരു സമരത്തിന്റെ ഉൽപ്പന്നമാണ് ഈ നിയമനിർമ്മാണം. മെറിറ്റ് സീറ്റിൽ സർക്കാർ ഫീസ് എന്നുപറയുന്ന വ്യവസ്ഥ ഈ ബില്ലിൽ കൊണ്ടുവന്നതുകൊണ്ട് ആ ഭാഗത്തെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ബാക്കി, കെ.എസ്.യു. സ്വാഗതം ചെയ്തിട്ടില്ല. കെ.എസ്.യു. സ്വാഗതം ചെയ്യുന്നില്ല, കെ.എസ്.യു.-വിനെ കൊണ്ട് ശ്രീ. തമ്പാനൂർ രവി ആദ്യം സ്വാഗതം ചെയ്യിക്കട്ടെ, കെ.എസ്.യു.-വിനെക്കൊണ്ട് ആദ്യം സ്വാഗതം ചെയ്യിക്കാൻ ശ്രീ. തമ്പാനൂർ രവിയ്ക്ക് കഴിയുമെങ്കിൽ, ശ്രീ. തമ്പാനൂർ രവി അടുത്തുപോയാൽ, ശ്രീ. തമ്പാനൂർ രവിയുടെ മുണ്ട് ഉരിയില്ല എന്ന് ശ്രീ. തമ്പാനൂർ രവിക്ക് ഉറപ്പുണ്ടെങ്കിൽ ശ്രീ. തമ്പാനൂർ രവിയൊന്ന് പോകട്ടെ.

ശ്രീ. തമ്പാനൂർ രവി: കെ.എസ്.യു. സ്വാഗതം ചെയ്യുന്ന എല്ലാ കാര്യവും മാർക്സിസ്റ്റ് പാർട്ടി സ്വാഗതം ചെയ്യാൻ തയ്യാറാണോ?

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ഒരു കാര്യം ഉറപ്പായി, ശ്രീ. തമ്പാനൂർ രവി മുണ്ട് ഉരിയപ്പെടാൻ ആഗ്രഹിക്കുന്നില്ല.

ശ്രീ. ബി. വിജയകുമാർ: സർ, അങ്ങ് ഇവിടെ വിദ്യാഭ്യാസ നിലവാരത്തെ ക്കുറിച്ചാണല്ലോ പ്രസംഗിക്കുന്നത്. കേരളാ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസലറായി ഡോ. ഇക്ബാലിനെ നിയമിച്ചിട്ട്, അദ്ദേഹത്തെ മാർക്സിസ്റ്റ് പാർട്ടിയിൽ നിന്ന് പുറത്താക്കുമ്പോഴാണ് അദ്ദേഹം മാർക്സിസ്റ്റ് പാർട്ടിയുടെ കേഡർ ആണ്, പാർട്ടി മെമ്പറാണ് എന്ന് വിദ്യാഭ്യാസ കേരളം, സാംസ്ക്കാരിക കേരളം അറിയുന്നത്. ഒരു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി, പാർട്ടി കേഡറെ,

പാർട്ടിയുടെ മെമ്പറെ ആക്കിയ മാർക്സിസ്റ്റ് പാർട്ടിക്ക്, (വിദ്യാഭ്യാസ വിചക്ഷണനെയാക്കുന്നതിന് പകരം മാർക്സിസ്റ്റ് പാർട്ടിയുടെ മെമ്പറെ ആക്കിയതിലൂടെ കേരളാ യൂണിവേഴ്സിറ്റിയെ തകർത്ത പാർട്ടിക്ക്) അതിന്റെ അംഗമായ ശ്രീ. ജയരാജന് ഇവിടത്തെ വിദ്യാഭ്യാസ വിപ്ലവത്തെക്കുറിച്ച് എന്ത് പറയാനുണ്ട്?

ശ്രീ. എം. വി. ജയരാജൻ: സർ, അസൂയയ്ക്കും കഷണ്ടിക്കും മരുന്നില്ല. അങ്ങയ്ക്ക് മരുന്നുണ്ട്, അങ്ങ് രാവിലെ നന്നായി എല്ലാ കാര്യങ്ങളും ചെയ്തു വരുന്നില്ലേ, ശ്രീ. വിജയകുമാറിനാണ് മരുന്നില്ലാത്തത്. വിജയകുമാറിന് മരുന്നില്ല. അത് നമ്മൾ വിചാരിച്ചാൽ മാത്രമല്ല, അദ്ദേഹത്തിന്റെ പാർട്ടി വിചാരിച്ചാലും രക്ഷപ്പെടില്ല. ഏതായാലും സി.പി.എം.-ലേയ്ക്കും ഇടതുപക്ഷത്തിലേയ്ക്കും ഈ രാജ്യത്തിലെ അറിയപ്പെടുന്ന ബുദ്ധിജീവികളും, വിദ്യാഭ്യാസ വിദഗ്ദ്ധൻമാരുമൊക്കെ ബന്ധപ്പെട്ടുവരുന്നുണ്ട്. അതിൽ അസൂയപ്പെട്ടിട്ട് വല്ല കാര്യവുമുണ്ടോ? ബുദ്ധിയില്ലാത്തവർ അപ്പുറത്താണ്, അതുകൊണ്ടാണ് മുണ്ടുരിയുന്നത്. ഞാൻ വിഷയത്തിലേയ്ക്ക് വരട്ടെ. ഇതിലെ ക്ലാസ് 4 അനുസരിച്ച് ഫീസ് നിശ്ചയിക്കുന്നത് മാനേജുമെന്റായിരിക്കും. ആറ് ഇനം ഫീസുകളാണ് ഇതിനകത്ത് പറഞ്ഞിട്ടുള്ളത്. ട്യൂഷൻ ഫീസ്, ലൈബ്രറി ഫീസ്, ലബോറട്ടറി ഫീസ്, കരുതൽ നിക്ഷേപം, വികസന ഫീസ്, നിക്ഷേപം, തിരിച്ചു കൊടുക്കുന്ന നിക്ഷേപം. ഇതിനൊന്നും ഒരു പരിധിയുമില്ല. ഈ ക്ലാസ് 4-(3) പ്രകാരം ആണെങ്കിൽ മാനേജുമെന്റ് ഫീസ് ഘടന നിശ്ചയിക്കുമ്പോൾ അമിത ലാഭേച്ഛയോടെ വാങ്ങാൻ പാടില്ല എന്നുള്ള ഒരു വ്യവസ്ഥ എഴുതിച്ചേർത്തിരിക്കുകയാണ്. ഒരു സാമോപദേശം, നിയമത്തിന് ഇങ്ങനെ ഒരു ഉപദേശം കൊടുത്തിട്ട് എന്താണ് കാര്യം? ലാഭം ആഗ്രഹിക്കാതെ, പ്രൊഫഷണൽ വിദ്യാഭ്യാസ മേഖലയിൽ നിങ്ങൾക്ക് എൻ.ഒ.സി.-യ്ക്ക് ആയി അപേക്ഷ നൽകിയ ഒരു മാനേജുമെന്റിനെ നിങ്ങൾ പറയുമോ? നൂറ്റി തൊണ്ണൂറ്റിയാറോളം സ്ഥാപനങ്ങൾ വ്യത്യസ്ത മേഖലകളിൽ എൻ. ഒ. സി. കൊടുത്ത് ഇവിടെ തുടങ്ങിയല്ലോ, ഒന്ന് പറയുമോ, ഞങ്ങൾ ഇവിടെ വരുന്ന സമയത്ത് ഭരണ-പ്രതിപക്ഷ അംഗങ്ങൾക്കെല്ലാം തന്ന ഒരു കത്ത് ഞാൻ വായിക്കാം. ''ഞങ്ങൾക്ക് നീതിയില്ലേ'' എത്രയും ബഹുമാന്യരായ സാമാജികരേ, ഞങ്ങൾ കാരക്കോണം മെഡിക്കൽ കോളേജിൽ 2002-2003 അധ്യയനവർഷം മെറിറ്റ് സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളാണ്. ഞങ്ങൾ ആദ്യ വർഷ ഫീസായി 2,55,165 രൂപ നൽകുകയുണ്ടായി. അടുത്തവർഷം അതായത് 2003-2004-ൽ മെറിറ്റ് പ്രവേശനം നേടിയ വിദ്യാർത്ഥികൾ 10,000 രൂപ മാത്രമാണ് ഫീസ് ആയിട്ട് നൽകിയത്. ഞങ്ങളെ പുറത്തു നിറുത്തി രണ്ടാം വർഷ ഫീസിന്റെ ആദ്യ ഗഡുവായി അൻപതിനായിരം രൂപ ഞങ്ങളിൽ നിന്ന് ഈ വർഷം ഈടാക്കിയിരിക്കുകയാണ്. മന്ത്രിയുടെ പ്രഖ്യാപനമെവിടെ, കാരക്കോണം മെഡിക്കൽ കോളേജ് ചെയ്തതെവിടെ? മന്ത്രിയുടെ പ്രഖ്യാപനം ആരെങ്കിലും കണക്കാക്കുന്നുണ്ടോ? ഞാൻ ഒന്ന് ഓർമ്മപ്പെടുത്തട്ടെ, 2003 ജൂൺ മാസം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചുചേർത്ത ഒരു കോൺഫറൻസിൽ ഈ പ്രൊഫഷണൽ കോളേജിലെ ഒരു മാനേജുമെന്റ് വന്നില്ല. വന്നില്ല എന്നുമാത്രമല്ല പത്രസമ്മേളനം നടത്തിപ്പറഞ്ഞു, അപമാനിച്ചു എന്ന്. എന്നിട്ട് അതിനെതിരായി സ്പീക്കർ, സഭാധ്യക്ഷ, പ്രിവിലേജ് എടുത്തു. സ്പീക്കർ സഭയിൽ അന്നു പറഞ്ഞു, മന്ത്രി വിളിച്ചുചേർത്ത

LIBRARY ARCHIVES Kerala Legislative Assembly

കോൺഫറൻസിൽ പങ്കെടുക്കാത്ത മാനേജുമെന്റിന് കോളേജ് കൊടുക്കാൻ പാടില്ല എന്ന്. അത്തരത്തിൽ നമ്മുടെ സംസ്ഥാനത്തിലെ വിദ്യാഭ്യാസ മേഖലയിൽ മാത്രമല്ല, സമൂഹത്തിന്റെ മേലാളർ വർഗ്ഗത്തിന്റെ കയ്യിൽ കളിക്കുന്ന ഒരു വിഭാഗമായി ഇത്തരം വിദ്യാഭ്യാസ കച്ചവടക്കാർ മാറുമ്പോൾ ഇവരുടെ ഫീസ് നിശ്ചയിക്കാൻ സർക്കാരിന് അധികാരമില്ലാതെ അവർക്ക് അധികാരം കൊടുത്താൽ, അവർക്ക് വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ, ഇവർക്ക് സ്വന്തമായി പരീക്ഷ നടത്താൻ അനുവാദം കൊടുത്താൽ എന്തായിരിക്കും സ്ഥിതി? അതുകൊണ്ടാണ് ഞങ്ങൾ എതിർക്കുന്നത്. 50 ശതമാനം മെറിറ്റ്, ആ ഭാഗത്തെ ഞങ്ങൾ അനുകൂലിക്കുന്നു. ഞങ്ങൾ അതിന് പിൻതുണ കൊടുക്കുന്നു. പക്ഷെ ഈ 50 ശതമാനത്തിന് മാനേജുമെന്റ് കാട്ടയെന്നു പറഞ്ഞുകൊണ്ട് വിദ്യാർത്ഥി പ്രവേശനത്തിനും അതുപോലെതന്നെ അവരുടെ ഫീസിന്റെ കാര്യത്തിലും ഇവർക്ക് പൂർണ്ണ അധികാരം നൽകുന്നത് ഒരു തരത്തിലും ന്യായീകരിക്കാൻ കഴിയുകയില്ല. അതുമാത്രമേ ഞങ്ങൾക്ക് ഡിഫറൻസ് ഉള്ളു. ഇനി വക്കീൽ പറയു.

ശ്രീ. എ. എൻ. രാജൻ ബാബു: അനിയന്ത്രിതമായി മാനേജുമെന്റിന് arbitrary ആയിട്ട് ഫീസ് നിശ്ചയിക്കാനുള്ള അധികാരം കൊടുത്തിരിക്കുന്നു എന്നാണ്. എന്നാൽ ആ പ്രൊവിഷനിൽ restrictive guideline-നോടുകൂടിയാണ് ആ അധികാരം മാനേജുമെന്റിന് കൊടുത്തിരിക്കുന്നത്. എന്നു മാത്രമല്ല അങ്ങ് മലയാളത്തിൽ വായിച്ചുവെങ്കിലും അതിന്റെ ഇംഗ്ലീഷ് വേർഷൻ, The management shall not indulge in profiteering while determining the fees structure. അതൊരു ഉപദേശം മാത്രമല്ല, The management shall not indulge in profiteering while determining the fees structure. If this is violated penal clause is there. So that any person who contends that this is a profiteering fee ; he can take action under.....ഒരു fees structure സുപ്രീം കോടതി പറഞ്ഞിട്ടുണ്ട്, There can be reasonable surplus but it shall not be profiteering. There can not be a profitable surplus. ഇങ്ങനെ ഫിക്സ് ചെയ്തു വരുമ്പോൾ പ്രോഫിറ്റുണ്ടെന്ന് വരികയാണെങ്കിൽ there lies the restriction and if it is violated penal consequence is under.... So that inbuilt restriction is there. It is not an arbitrary clause.

ശ്രീ. എം. വി. ജയരാജൻ: ഈ വകുപ്പിൽ പറയുന്നത് ഞാൻ മുഖവിലയ്ക്കെടുക്കുന്നില്ല. പ്രത്യേകിച്ച് ഹൈക്കോടതിയിൽ ഈ കാര്യങ്ങളൊക്കെ വാദിക്കേണ്ട, നമുക്കുവേണ്ടി അവിടെ പറയേണ്ട വക്കീൽ ആയതുകൊണ്ട്, അതേ വക്കീലിനോട് ഞാൻ ചോദിക്കട്ടെ, സെക്ഷൻ ഒൻപതുപ്രകാരം ഒരു പെനാൽറ്റി പറഞ്ഞിട്ടുണ്ട്. പെനാൽറ്റി പറഞ്ഞത് അഞ്ചു ലക്ഷം രൂപയാണ്. Whoever contravenes any of the provisions of this Act shall, on conviction, be punished with fine which may extend to five lakhs rupees. അഞ്ചുലക്ഷം രൂപ വരെ ആകാമെന്നാണ്. May എന്നാണ്. അഞ്ചു ലക്ഷം ആക്കണമെന്ന് പറയുന്നില്ല. അയ്യായിരം രൂപയുമാകാം. ശ്രീ. സുപ്പിയുടെ അടുത്താകുമ്പോൾ അത് ആയിരം രൂപയുമാകാം. അദ്ദേഹം ദീനദയാലുവാണ്. അതുകൊണ്ട് ഇങ്ങനെയൊരു നിയമം നിലനിൽക്കുന്ന ഘട്ടത്തിൽ, 20 ലക്ഷം രൂപ മാനേജുമെന്റ് വാങ്ങിയിട്ട് അഞ്ചുലക്ഷം രൂപ വേണമെങ്കിൽ തരാമെന്ന് പറഞ്ഞിട്ട് അങ്ങോട്ട് വലിച്ചെറിയുന്നു. എന്താ നിങ്ങൾ ചെയ്യാൻ പോകുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): യൂണിവേഴ്സിറ്റികൾക്ക് ഡീ-അഫിലിയേറ്റ് ചെയ്യാൻ അധികാരമുണ്ട്. അത് നോക്കിയോ?

ശ്രീ. എം. വി. ജയരാജൻ: അഫിലിയേഷൻ റദ്ദാക്കുമെന്ന് പറഞ്ഞ നിങ്ങളുടെ പ്രസംഗം ഞാൻ എടുക്കാം. നിങ്ങൾ ഒരു വർഷംമുമ്പ്, 2003 ജൂലൈ മാസത്തിൽ ഇതേ നിയമസഭയിൽ അഫിലിയേഷൻ റദ്ദാക്കുമെന്നാണ് പറഞ്ഞത്. അതുപോലെ സ്വാശ്രയ പ്രൊഫഷണൽ മാനേജർമാരുടെ ഒരു യോഗം വിളിച്ചു ചേർത്തു. ആ യോഗത്തിൽ ചിലർ വന്നില്ല. എന്തു നടപടിയെടുത്തു? ഇവിടെ റൂൾ 50 അനുസരിച്ച് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അടിയന്തിരപ്രമേയം അവതരിപ്പിച്ചു. അതിനു മറുപടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) പറയുകയാണ്, മാജ്യത്തെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും ബാധകമാകത്തക്കവിധത്തിൽ യു.ജി.സി. വ്യക്തമായ ഒരു റഗുലേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്; അതുപ്രകാരം 15 ശതമാനം സീറ്റുകളിലേ മാനേജുമെന്റിന് അഡ്മിഷന് അധികാരമുള്ളൂ; മൈനോറിറ്റി സ്ഥാപനങ്ങൾക്ക് നൽകേണ്ട സീറ്റുകൾ എത്രയെന്ന് ഗവൺമെന്റ് നിശ്ചയിക്കും എന്ന്. എല്ലാ സീറ്റുകളിലുമുള്ള അഡ്മിഷൻ കോമൺ എൻട്രൻസ് ലിസ്റ്റിൽനിന്നും മാത്രമേ നടത്താവൂ, യു.ജി.സി. റെഗുലേഷൻസ് കർശനമായി പാലിക്കാത്ത സ്ഥാപനങ്ങളുടെ അംഗീകാരം പിൻവലിക്കാൻ യൂണിവേഴ്സിറ്റികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്; ഈ സഭയിൽത്തന്നെ ഒരു നിയമനിർമ്മാണം കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നു; ഇക്കാര്യങ്ങളിൽ പത്താം തീയതിയിലെ ക്യാബിനറ്റിൽ ഞങ്ങൾ തീരുമാനമെടുക്കും. 2003 ജൂലൈ മാസം എട്ടാം തീയതി നിങ്ങൾ പറഞ്ഞതാണ് ഈ കാര്യങ്ങൾ, നിങ്ങൾതന്നെ പറഞ്ഞത് അംഗീകരിച്ചില്ല. ഈ നിലയിൽ പരിയാരം മെഡിക്കൽ കോളേജിൽ, നിങ്ങളുടെ സഹപ്രവർത്തകൻ, നിങ്ങളുടെ മന്ത്രിസഭയിലെ ഒരംഗം, 2003 ജൂൺ 27-ാം തീയതി ഒരു ഉത്തരവിറക്കി. ആ ഉത്തരവിൽ നിങ്ങൾ പറയുന്നത്, മെഡിക്കൽ കോളേജിൽ വാങ്ങാവുന്ന ഫീസ് 1,73,000 രൂപ. നിങ്ങൾ ഇറക്കിയ ഉത്തരവ്. നിങ്ങളുടെ മന്ത്രിസഭയിലെ അംഗമായിട്ടുള്ള, ശ്രീ. എം. വി. രാഘവൻ ഭാരവാഹിയായ പരിയാരം മെഡിക്കൽ കോളേജിൽ നടപ്പാക്കിയിട്ടില്ല. പരിയാരം മെഡിക്കൽ കോളേജിന്റെ അഫിലിയേഷൻ റദ്ദാക്കിയോ? ബഹുമാനപ്പെട്ട വക്കീൽ ഒന്ന് പറയണം. എന്താണ് അവിടെ ചെയ്തത്? ഇതാ എന്റെ കൈയിൽ അതിന്റെ രസീതുണ്ട്. കുട്ടികളുടെയടുത്തുനിന്നും വാങ്ങിയത് 12 ലക്ഷം രൂപ. എങ്ങനെയാണ് ഫീസ് നിശ്ചയിച്ചത്? ഫീസ് നിശ്ചയിച്ചതും ശരിയായിട്ടില്ല. ഒരു വർഷത്തെ ഫീസ് നാല് ലക്ഷം രൂപ. സ്പെഷ്യൽ ഫീസ് 17,800 രൂപ. കോഷൻ ഡെപ്പോസിറ്റ് പതിനായിരം രൂപ. പി.ടി.എ. ഫണ്ട് 2,500 രൂപ. Other fees ₹ 3000 എല്ലാം ചേർത്ത് 4,53,000 രൂപ. മൂന്ന് വർഷത്തെ ഫീസ് അഡ്വാൻസായി വാങ്ങാം. 12 ലക്ഷം രൂപ. കൂട്ടുത്തരവാദിത്വമുണ്ടോ നിങ്ങളുടെ മന്ത്രിസഭയ്ക്ക്? ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് പരാതി തന്നില്ലേ? ഒരു മന്ത്രി നടത്തിയ ഈ തെറ്റായ നടപടി തിരുത്തിയോ? സുപ്രീം കോടതിയുടെ ജഡ്ജുമെന്റിൽ പറയുന്ന കാര്യംകൂടി ഞാൻ വായിക്കാം. അഡ്വാൻസ് ഫീസ് വാങ്ങാൻ പാടില്ല. അതാണ് ഇതിൽ പറയുന്നത്. If any educational institution has collected fees in advance, only the fees of that semester or year can be used by the institution. The balance fees must be kept invested in fixed deposits in a Nationalised Bank.

LIBRARY ARCHIVES Kerala Legislative Assembly

എന്നിട്ട് പറയുകയാണ് The interest earned on these deposits must be paid to the students from whom the fees was collected in advance. പലിശ തിരിച്ചു കൊടുക്കേണ്ടേ? കാശ് തിരിച്ചു കൊടുക്കേണ്ടേ? ശ്രീ. എം.വി. രാഘവന്റെ കൈയിൽ കാശില്ലെങ്കിൽ ശ്രീ. നാലകത്ത് സൂപ്പി എടുത്തു കൊടുക്കുമോ? എന്നിട്ടും ഇതുപോലെ നഷ്ടമായ കച്ചവടം, സർക്കാരിന്റെ 150 ഏക്കർ ഭൂമിയും, സഹകരണമേഖലയിലെ 200 കോടി രൂപയും, ഈ സർക്കാരിന്റേയും ഈ നാടിന്റേയും പണം വാങ്ങിയിട്ട് മെഡിക്കൽ കോളേജ് നടത്തിയ മാനേജുമെന്റാണ് 12 ലക്ഷം രൂപ വാങ്ങിയത്. എന്നിട്ട് ഏത് അഫിലിയേഷനാണ് നിങ്ങൾ റദ്ദാക്കിയത്?

ശ്രീ. ടി. കെ. ബാലൻ: ബഹുമാനപ്പെട്ട മെമ്പർ എം. വി. ജയരാജൻ പരിയാരം മെഡിക്കൽ കോളേജിനെപ്പറ്റി പറഞ്ഞു. Academy of Medical Sciences എന്നാണ് പറയുന്നത്. അതിന്റെ ചെയർമാൻ മന്ത്രിയാണ്. ആ മന്ത്രി ഇവിടെയില്ല. ബഹുമാനപ്പെട്ട എം. വി. ജയരാജൻ അവിടെ വാങ്ങിയിട്ടുള്ള ഫീസിനെപ്പറ്റിയും അനധികൃത നടപടിയെപ്പറ്റിയും ഇത്രയും വ്യക്തമായ കാര്യങ്ങൾ ഇവിടെ പറഞ്ഞപ്പോൾ Academy of Medical Sciences -ന്റെ മറ്റൊരു ഡയറക്ടർ ഇവിടെ ഇപ്പോൾ ഇരിക്കുകയാണ്. നമ്മുടെ ബഹുമാനപ്പെട്ട ഫോറസ്റ്റ് മന്ത്രിയാണ്. അദ്ദേഹം അതിനെപ്പറ്റി പറയട്ടേ.

ശ്രീ. എം. വി. ജയരാജൻ: മന്ത്രിസഭയിലെ മന്ത്രിമാർക്ക് കൂട്ടുത്തരവാദിത്വമില്ല. മന്ത്രിസഭതന്നെ ഒരു തീരുമാനം എടുത്താൽ അതുംകൂടെ നടപ്പിലാക്കാൻ കഴിയേണ്ടേ? അതല്ല ഇവിടെ നടക്കുന്നത്. എല്ലാ കച്ചവടത്തിനും കൂട്ടുനിൽക്കുകയാണ്. ബഹുമാനപ്പെട്ട കെ.സി. ഇതെല്ലാം അറിയാവുന്ന താങ്കൾ ഇങ്ങനെ ഇതിനെ നിർലജ്ജം ന്യായീകരിക്കേണ്ടിവന്നല്ലോ? പൊൻമുട്ടയിടുന്ന താറാവ് ആരാണ്, ശ്രീ. എം. വി. രാഘവനാണോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നമ്മൾ തമ്മിൽ തർക്കിക്കേണ്ട കാര്യമില്ല. പല കാര്യങ്ങളിലും നമ്മൾ തമ്മിൽ യോജിക്കുന്ന നിലപാടായിരുന്നല്ലോ? രണ്ട് സ്വാശ്രയ കോളേജെന്ന് പറഞ്ഞാൽ ഒരു ഗവൺമെന്റ് കോളേജ് വരും. ആ ഭാഗത്തെ സംബന്ധിച്ച് നിങ്ങൾക്കും തർക്കമില്ല, ഞങ്ങൾക്കും തർക്കമില്ല. അതിന്റെ മറ്റൊരു വശം, രണ്ട് സ്വാശ്രയ കോളേജ് സമം ഒരു അൺ എയ്ഡഡ് കോളേജ്. ഈ രണ്ട് ഭാഗങ്ങളുംകൂടി നിൽക്കുന്നു. അൺ എയ്ഡഡിലെ ഫീസ് സ്ട്രക്ചർ നമ്മൾ ഇന്നുവരെ എതിർത്തിട്ടില്ല. നിങ്ങളും കൊടുത്തിട്ടുണ്ട്, ഞങ്ങളും കൊടുത്തിട്ടുണ്ട്. കേരളത്തിൽ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളമുണ്ട്. നിങ്ങൾ ഭരണത്തിൽ വന്നപ്പോഴുമുണ്ട്, ഞങ്ങൾ ഭരണത്തിൽ വന്നപ്പോഴുമുണ്ട്. അവിടത്തെ അഡ്മിഷൻ സംബന്ധിച്ച്, അവിടത്തെ ഫീസ് സംബന്ധിച്ച് ഇന്നേവരെ റെസ്ട്രിക്ഷൻ വന്നിട്ടില്ല. ആദ്യമായിട്ടാണ് ഈ ഗവൺമെന്റ് അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ട്രക്ചർ സംബന്ധിച്ച് നിബന്ധന കൊണ്ടുവരുന്നത്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ, 50 ശതമാനം മെരിറ്റിൽ സർക്കാർ ഫീസ് എന്നതിനോട് ഞങ്ങൾ യോജിക്കുന്നു. അതോടൊപ്പം മാനേജുമെന്റ് കാറ്റഗറിയിലെ പ്രവേശനം Common Entrance Test വഴിയേ ആകാവൂ, അതിന് അങ്ങ് തയ്യാറാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. കെ. ബാലൻ: ഞാൻ വഴങ്ങുന്നില്ല.....(ബഹളം)..... ഇതിൽ ഈ നിയമത്തിന്റെ വലിയൊരു നേട്ടമായി ജയരാജൻ സംസാരിക്കുമ്പോൾ മന്ത്രി പറഞ്ഞു, അങ്ങനെയുള്ള കോളേജുകളുടെ അഫിലിയേഷൻ ഇല്ലാതാക്കിക്കളയുമെന്ന്. അങ്ങനെ ഒരു ക്ലാസ് എഴുതിവച്ചിട്ട് പറയുകയാണ്. ഇങ്ങനെ അഫിലിയേഷൻ റദ്ദ് ചെയ്ത് കഴിഞ്ഞാലും ഗവൺമെന്റിന് വേണമെങ്കിൽ അതൊക്കെ റാറ്റിഫൈ ചെയ്ത് കൊടുക്കാം. അങ്ങനെ ഒരു ക്ലാസ് ഇതിൽ വച്ചത് ജയരാജന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: ശരിയാണ്.

ശ്രീ. എ. കെ. ബാലൻ: ഈ മന്ത്രിയുടെകീഴിൽ തന്നെയാണ് അഫിലിയേഷനുമായി ബന്ധിപ്പിക്കാനുള്ള ഫയൽ വരുന്നതെങ്കിൽ ഡിസഫിലിയേഷൻ നടക്കില്ല. റാറ്റിഫൈ ചെയ്ത് കൊടുക്കാൻ "Provided that before directing the University to disaffiliate any college the Government may, if it thinks so, give an opportunity to the management to rectify the irregularity".....

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ക്ലാസ് 8-ൽ ഇതുസംബന്ധിച്ചൊരു പ്രൊവിഷൻ തന്നെ കൊടുത്തിട്ടുണ്ട്. അങ്ങനെ വരുമ്പോൾ ഈ അഫിലിയേഷൻ റദ്ദാക്കലല്ല നടക്കുക. വിദ്യാഭ്യാസ കച്ചവടക്കാർക്ക് കൂട്ടുനിൽക്കുന്ന ഒരു നിലപാട് തന്നെയാണ് ഉണ്ടാവുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ നമ്മൾ പറഞ്ഞുവന്നതിൽ ഒരു ഭാഗത്ത് യോജിപ്പ് തന്നെയാണ്. കാരണം രണ്ട് സ്ഥാപനത്തിൽ ഒരു ഗവൺമെന്റ് കോളേജിന്റെ ഭാഗം യോജിക്കുന്നു. രണ്ടാം ഭാഗത്തെ സംബന്ധിച്ച് ഒരു നിബന്ധനയില്ല. നിങ്ങളുടെ ഗവൺമെന്റ് ഭരിച്ച കാലത്തോ ഞങ്ങളുടെ ഗവൺമെന്റ് ഭരിച്ച കാലത്തോ നിബന്ധനകൾക്ക് വിധേയമല്ലായിരുന്നു അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനം. ഞങ്ങൾ പുതിയതായി തുടങ്ങുന്നു നിബന്ധനകളുണ്ടാക്കാൻ. അതിനോട് നിങ്ങൾ യോജിക്കുകയല്ലേ വേണ്ടത്?

ശ്രീ. എം.വി. ജയരാജൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂർ, നിങ്ങൾ ചോദിച്ച സ്വകാര്യ മാനേജുമെന്റുകൾക്ക് എല്ലാം എൻ.ഒ.സി. കൊടുത്തില്ലേ. ഞങ്ങൾ കൊടുത്തില്ലെന്ന് മാത്രമല്ല പൊതുമേഖലയിലാണ് അത് ആരംഭിച്ചത്. സർക്കാരിന് സാമൂഹ്യ നിയന്ത്രണമേർപ്പെടുത്താൻ കഴിയുന്ന സ്ഥാപനങ്ങളിലാണ്. എൽ.ബി.എസ്., ഐ.എച്ച്.ആർ.ഡി., കേപ്പ് തുടങ്ങിയവ പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളാണ്. അവിടെ മാത്രമല്ല, ഞാൻ തിരുവഞ്ചൂരിനെ വെല്ലുവിളിച്ച് പറയട്ടെ, ഈ സ്ഥാപനങ്ങൾ മുഴുവൻ കോമൺ എൻട്രൻസ് ടെസ്റ്റിൽ നിന്നാണ് വിദ്യാർത്ഥികളെ പ്രവേശിപ്പിച്ചത്. ക്ലാസ് 4-ൽ പറയുന്ന കോമൺ എൻട്രൻസ് ടെസ്റ്റ് നടത്താതെ മാനേജ്മെന്റ് ക്വാട്ടയിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാം എന്നു പറയുന്ന ക്ലാസ് പിൻവലിക്കാൻ അങ്ങുണ്ടോ? ഉണ്ടെങ്കിൽ ഇനിയും സഹകരിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന രണ്ട് എം.എൽ.എ.-മാർ ഇന്ന് ഇവിടെയുണ്ട്. അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ധാരാളം കൊടുത്തില്ല എന്നാണ്. അന്ന് ആകപ്പാടെ പരസ്യമായി

LIBRARY ARCHIVES Kerala Legislative Assembly

തത്വത്തിന്റെ അടിസ്ഥാനത്തിൽ എതിർത്തത് ശ്രീ. വി.എസ്. അച്ചുതാനന്ദൻ മാത്രമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയ്ക്കകത്ത് ശ്രീ. വി.എസ്-ന്റെ മാത്രം ഒറ്റപ്പെട്ട ശബ്ദമേ അന്നുണ്ടായിരുന്നുള്ളു. ബാക്കിയുള്ളവരെല്ലാം യോജിക്കുകയാണ് ചെയ്തത്.

വനം വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ): ഇവിടെ അനധികൃതമായി ഫീസ് വാങ്ങുന്നു എന്നാണല്ലോ പറഞ്ഞത്. ഒരു ചോദ്യം ശ്രീ. ജയരാജനോട് ചോദിക്കുകയാണ്, കണ്ണൂരിൽ നിങ്ങളുടെ പാർട്ടി ആരംഭിച്ച ഇംഗ്ലീഷ് മീഡിയം സ്കൂളിൽ (ഗവൺമെന്റ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വേറെയുണ്ട്) ഫീസ് വാങ്ങിയാണോ പ്രവേശനം നൽകുന്നത്? ഡെഫനിഷനെടുത്താൽ ഇത് രണ്ടും സ്വാശ്രയമാണ്. മെഡിക്കൽ കോളേജ് വലിയ കോളേജാണ് സ്കൂൾ ചെറിയ സ്കൂളാണ്. ഇത്രയേ വ്യത്യാസമുള്ളു. രണ്ടും സ്വാശ്രയമാണ്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട മന്ത്രി, ഞങ്ങൾ ഇംഗ്ലീഷ് മീഡിയത്തിനെതിരല്ല. വിദ്യാഭ്യാസ സ്ഥാപനം പ്രീ-പ്രൈമറി അടിസ്ഥാനത്തിൽ തുടങ്ങുന്നതിന് ഞങ്ങൾ എതിരല്ല. എത്രയോ പാരലൽ കോളേജുകളുണ്ട്, എത്രയോ പ്രീ-പ്രൈമറി എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് കേരളത്തിലുണ്ട്. പല സ്ഥാപനങ്ങളും തുടങ്ങുന്നുണ്ട്. ഇനിയും തുടങ്ങണം. അതിനൊന്നും ഞങ്ങൾ എതിരല്ല. ഇവിടെ സഹകരണമന്ത്രി ഇല്ലെങ്കിലും വനം മന്ത്രിയുണ്ടല്ലോ. അതുകൊണ്ട് പരിയാരത്തിന്റെ കാര്യം പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പരിയാരം മെഡിക്കൽ കോളേജ്.....(ബഹളം).....

ശ്രീ. എ. എൻ. രാജൻ ബാബു: ഗവൺമെന്റ് നിശ്ചയിക്കുന്ന ഫീസിൽ സ്വകാര്യ മാനേജുമെന്റുകൾ നടത്തണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടുന്നത്. നമ്മുടെ രാജ്യത്ത് ഒരു ഭരണഘടനയുണ്ട്. ആ ഭരണഘടന ചില മൗലികാവകാശങ്ങൾ കൊടുക്കുന്നുണ്ട്. അങ്ങ് പറഞ്ഞത് ഉണ്ണികൃഷ്ണൻ കേസ് നിലനിന്നിരുന്നുവെങ്കിൽ കുറേക്കൂടി അതിന് റെലവൻസുണ്ടായിരുന്നു എന്നാണ്. ഇപ്പോൾ ഉണ്ണികൃഷ്ണൻ കേസില്ല. ഉണ്ണികൃഷ്ണൻ കേസിൽ പറഞ്ഞിരുന്നു, Education is not a trade, so there is no fundamental right. Article 19 (1) (g). പക്ഷേ ഉണ്ണികൃഷ്ണൻ കേസ് റദ്ദാക്കിക്കൊണ്ട് പൈയുടെ കേസിൽ പറഞ്ഞു, There is no fundamental right under Article 19 (1)(g). Under occupation there is fundamental right under Article 26. But every religious denomination can have their institution of their choice. There is Article 30—Minority Right. ഈ ഫണ്ടമെന്റൽ റൈറ്റുള്ളവർക്ക്, അവർക്ക് എത്രമാത്രം പോകാമെന്നും സുപ്രീം കോടതി പറഞ്ഞു. കാരണം അവിടെയാണ് സുപ്രീം കോടതി പറഞ്ഞിരിക്കുന്നത്, The fee structure must take into consideration. The need to generate funds to be utilised for the betterment and growth of the educational institution. The betterment of the education in that institution and provide facilities necessary for the benefit of the students. ഇത്രയും കാര്യങ്ങൾ കൺസിഡർ ചെയ്യാമെന്നുള്ളതാണ്. ഫണ്ടമെന്റൽ റൈറ്റ് റെക്കഗ്നൈസ് ചെയ്തുകൊണ്ടുള്ള സുപ്രീം കോടതി ജഡ്ജ്മെന്റുള്ളപ്പോൾ ഗവൺമെന്റ് നിശ്ചയിക്കുന്ന റേറ്റിന് നടത്തണമെന്ന് പറയുന്നതിൽ എന്ത് അർത്ഥമാണുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട രാജൻ ബാബു ഇപ്പോൾ പറഞ്ഞ വ്യവസ്ഥ ഈ ബില്ലിൽ വയ്ക്കുമോ? ഫീസ് സ്ട്രക്ച്ചറിൽ ഇപ്പോൾ പറഞ്ഞ വ്യവസ്ഥ വയ്ക്കുമോ? അങ്ങനെ വയ്ക്കുമെങ്കിൽ സുപ്രീം കോടതി വിധിയിൽത്തന്നെ പറഞ്ഞ അങ്ങ് ഉദ്ധരിച്ചതിന്റെ.....(ബഹളം).....എന്നുപറഞ്ഞാൽ ലാഭേച്ഛയില്ലാതെ കോളേജ് നടത്തിക്കൊണ്ട് പോകാൻവേണ്ടി റീസണബിളായിട്ടുള്ള ഫീസ് നിശ്ചയിക്കാൻ കോളേജുകൾ നടത്തുന്ന മാനേജ്മെന്റിനെ ഏൽപ്പിച്ചാൽ അവർ അങ്ങനെ നിശ്ചയിക്കില്ല. ലാഭം ആഗ്രഹിക്കാതെ ഒരു വിദ്യാഭ്യാസ സ്ഥാപനം തുടങ്ങാൻ ഏതെങ്കിലും ഒരു മാനേജർ തയ്യാറാകുമോ? കേരളത്തിൽ തുടങ്ങിയ ഒരുപാട് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളുണ്ട്. അങ്ങ് പറഞ്ഞത് കേട്ടു. ലാഭം മോഹിക്കാതെ ആതുര ശുശ്രൂഷാ രംഗത്ത് ഏതെങ്കിലും ഒരു എൻ.ആർ.ഐ. പണം മുടക്കിയിട്ടുണ്ടോ? അതുകൊണ്ട് ലാഭം ഇവർ ആഗ്രഹിക്കുന്നു. സുപ്രീം കോടതി വിധി പറഞ്ഞത് ലാഭേച്ഛയില്ലാതെ തുടങ്ങണമെന്നാണ്. ഞാൻ ചരിത്രത്തിലേയ്ക്ക് പോകാം. കേരളത്തിലെ ചെറിയ ഒരു കാര്യം പറയുകയാണ്. കുറച്ചു വർഷങ്ങൾക്ക് മുൻപ് 19-ാം നൂറ്റാണ്ടിന്റെ ആദ്യം വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ഈ സുപ്രീം കോടതി വിധിയിൽ പറയുന്ന ലാഭേച്ഛ ഒന്നുമില്ലാതെ സേവനമെന്ന നിലയിൽ മാത്രം തുടങ്ങിയ ഒരുപാട് മിഷണറിമാർ, ട്രസ്റ്റിമാർ, സിസ്റ്റേഴ്സൊക്കെയുണ്ട്. അങ്ങേയ്ക്ക് അറിയാവുന്ന കാര്യങ്ങളാണെങ്കിലും ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ: വടക്കൻ കേരളം, ഗുണ്ടർട്ട്, എഡ്വേർഡ് ബ്രണ്ണൻ, അർണോസ് പാതിരി തുടങ്ങിയവരെല്ലാം മിഷനറി പ്രവർത്തനം ആരംഭിച്ചു. ബ്രണ്ണൻ സ്കൂൾ മന്ത്രിക്കറിയാം, ബ്രണ്ണൻ കോളേജ് പിന്നീട് ഗവൺമെന്റ് ഏറ്റെടുത്തു. ലാഭമുണ്ടാക്കിയിട്ടാണോ അന്ന് അവർ ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ചത്? അല്ല. തെക്കൻ കേരളം, എൽ.എം.എസ്., ലണ്ടൻ മിഷൻ സൊസൈറ്റി. അങ്ങയുടെ നാടിന്റെ തൊട്ടടുത്ത് നാഗർകോവിലിൽ സ്ക്കോട്ട് ക്രിസ്ത്യൻ കോളേജ്, ആദ്യത്തെ തുടക്കമാണ്— അങ്ങേയ്ക്ക് അഭിമാനിക്കാം. മധ്യതിരുവിതാംകൂർ, സി.എം.എസ്. കോളേജ്, കോട്ടയം. അങ്ങനെ നിരവധി മിഷണറിമാർ. തീർന്നില്ല, സാമൂഹ്യ നവോത്ഥാന പ്രസ്ഥാനം, ഒരുപാട് പേരുണ്ട്. അംഗങ്ങൾക്കെല്ലാം അറിയാവുന്നതും നമുക്ക് ഓർമ്മ പുതുക്കാൻ കഴിയുന്നതുമായ, ചരിത്രത്തിൽ നിന്ന് കണ്ടെത്താൻ കഴിയുന്ന ഒരുപാട് കാര്യങ്ങൾ, ചിലപ്പോൾ ഞാൻ ഈ കാര്യത്തിൽ ശൈശവാവസ്ഥയിലായിരിക്കും—എന്നേക്കാൾ നന്നായി ഇതിനെപ്പറ്റി പറയാവുന്ന ഒരുപാട് അംഗങ്ങൾ ഇവിടെയുണ്ടാകും. ഞാനത് ഓർമ്മപ്പെടുത്താൻ കാരണം സാമൂഹ്യ നവോത്ഥാന പ്രസ്ഥാനം, ശ്രീനാരായണഗുരു, അയ്യങ്കാളി എന്നിവർ എന്താണ് അന്ന് പറഞ്ഞത്? വിദ്യകൊണ്ട് ശക്തരാകൂ. വക്കം അബ്ദുൾ ഖാദർ മൗലവി മുസ്ലീം വിഭാഗത്തിന്റെ ഇടയിൽ വിദ്യാഭ്യാസത്തിനുവേണ്ടി, അതിന്റെ പുരോഗതിക്കുവേണ്ടി, മുസ്ലീം വനിതകൾക്കുവേണ്ടിയും അവരുടെ വിദ്യാഭ്യാസത്തിനുവേണ്ടിയും പൊരുതിയ ആളാണ്. അക്കൂട്ടത്തിൽ അമർത്യാസെൻ ഒരു കാര്യം പറഞ്ഞു, കേരളത്തിന്റെ സാമൂഹ്യ പുരോഗതിക്ക് വേണ്ടി, വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി മിഷണറിമാരും കമ്മ്യൂണിസ്റ്റുകാരും വഹിച്ച പങ്ക് നിസ്തുലമാണ് എന്ന്. അന്നത്തെ ചരിത്രത്തിൽ നിന്ന് വ്യത്യസ്തമായി ഇന്ന് സേവന താൽപ്പര്യത്തോടുകൂടിയല്ല സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങൾക്ക് വേണ്ടി 196 മാനേജുമെന്റുകളോ മാനേജുമെന്റുകളുടെ നേതൃത്വത്തിലുള്ള ആളുകളോ ഇവിടെ തയ്യാറായിട്ടുള്ളത്. അതാണ് വ്യത്യസ്ത അഭിപ്രായം. അതുകൊണ്ട് ഈ സ്റ്റേറ്റ് പാലിക്കേണ്ടുന്ന സാമൂഹ്യമായ ഒരു നിയന്ത്രണം ഈ നിയമത്തിൽ വരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്: സഭാരേഖകളിൽ ഒരു തെറ്റ് കിടക്കുന്നത് ശരിയല്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ കഴിഞ്ഞ ഇടതുപക്ഷ ഗവൺമെന്റിന്റെകാലത്ത് ഏതോ വ്യക്തികൾക്ക് സ്വാശ്രയകോളേജ് കൊടുത്തുവെന്ന അർത്ഥത്തിൽ സംസാരിച്ചു. അത് ശരിയല്ല. അങ്ങ് മനസ്സിലാക്കണം. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്. പോലെയുള്ള സ്ഥാപനങ്ങളിൽ മാത്രമാണ് ഇടതുപക്ഷ ഭരണകാലത്ത് സ്വാശ്രയകോളേജ് അനുവദിച്ചിട്ടുള്ളത്, പിന്നെ സഹകരണ മേഖലയിലും. അതറിയാതെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയെ തെറ്റിദ്ധരിപ്പിക്കുന്നത് മര്യാദയല്ല.

ശ്രീ. എം. വി. ജയരാജൻ : സർ, വിദ്യാഭ്യാസ കച്ചവടമാണ് ഇവിടെ നടക്കുന്നതെന്നുള്ളതിന് മറ്റൊരു തെളിവുകൂടി ഞാൻ പറയാം. തിരുവനന്തപുരത്ത് വട്ടപ്പാറ പി.എം.എസ്. ദന്തൽ കോളേജിന് എൻ.ഒ.സി. കൊടുത്തു. അത് ആരംഭിച്ചു. ഇത് രണ്ടാംവർഷമാണ്. അവിടെ 2002-ലെ മെറിറ്റ് ലിസ്റ്റിൽ നിന്ന് അഡ്മിഷൻ കിട്ടിയ (മെരിറ്റ് സീറ്റ് കിട്ടിയ) കുട്ടികളിൽ നിന്ന് 1,34,000 രൂപയാണ് ഫീസ് വാങ്ങിയത്. സർക്കാർ നിശ്ചയിക്കുന്ന ഫീസ് മെരിറ്റ് സീറ്റിലുള്ള കുട്ടികൾ കൊടുത്താൽ മതിയെന്ന് നമ്മുടെ മന്ത്രി പറഞ്ഞു ഇന്ന് ഓർഡറും ഇറങ്ങിയിട്ടുണ്ട്. മെരിറ്റ് സീറ്റ് കിട്ടിയ കുട്ടികൾ മന്ത്രിയല്ലേ പറഞ്ഞത്; നമ്മുടെ ബഹുമാനപ്പെട്ട സൂപ്പിയല്ലേ; ഉത്തരവ് ഇറങ്ങുമല്ലോ—കുട്ടികൾ കാത്തു നിന്നു. സർ, കഴിഞ്ഞ ദിവസങ്ങളിൽ അവിടെ നടന്ന ഗുണ്ടാസംഭവങ്ങൾ ഹൃദയഭേദകമാണ്. ഈ കുട്ടികളെ പുറത്ത് നിറുത്തുകയാണ്. ഈ കുട്ടികൾ പീഡനം സഹിക്കുകയാണ്. ചിരിക്കല്ലേ തിരുവഞ്ചൂരേ, ആ കുട്ടികളെ നിങ്ങൾ പോയി കാണണം. നിങ്ങൾക്ക് ചിരിയാണ്. ഞാൻ ആ കുട്ടികളെ കണ്ടു. ആ കുട്ടികളുടെ പേരു പറയാം. ഈ ഫീസ് കൊടുക്കാത്ത കുട്ടികളെ പുറത്ത് നിറുത്തി രാവിലെ ക്ലാസ് അകത്ത് നടത്തുന്നു, പുറത്ത് കുട്ടികൾ വൈകുന്നേരംവരെ നിൽക്കുന്നു. ഒരുതരം ടോർച്ചറിംഗാണ്. ഒരു പീഡനംപോലെ. ഈ കുട്ടികളെല്ലാം ചേർന്ന് ഒരു പരാതി കൊടുത്തു. രണ്ടാംവർഷ വിദ്യാർത്ഥികൾ ആരെല്ലാമാണ്? ആശാമാത്യു, സ്വപ്ന മുഹമ്മദ് അലി, അന്ന അലി, റീബ, ശ്രീകല, ടി.എസ്. അർച്ചന, അനു, എസ്., സൽമ, പി. എസ്., സാലിയ, ശ്രീ. തിരുവഞ്ചൂരിന് വല്ല സംശയവുമുണ്ടെങ്കിൽ പരിശോധിക്കാം.....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞല്ലോ ഈ കഴിഞ്ഞ വർഷം കുട്ടികൾ ചേർന്നപ്പോൾ ഗവൺമെന്റിന്റെ ഒരു ഓഫർ ഉണ്ടായിരുന്നു. എഞ്ചിനീയറിംഗ് കോളേജിന്റെ ഫീസിനെ സംബന്ധിച്ച് അവസാനമായി തീരുമാനമെടുക്കുന്നത് പിന്നീടാണ്. അതുകൊണ്ട് കുട്ടികൾ ചേർന്നപ്പോൾ ഫീസ് പിന്നീട് പറയാമെന്നു പറഞ്ഞു. ഈ വർഷം ഗവൺമെന്റ് കോളേജിന് അനുകൂലമായി റാഷനലൈസ് ചെയ്തുവരുമ്പോൾ കഴിഞ്ഞ വർഷത്തെ കുട്ടികൾക്കും ഈ വർഷം ആ ഫീസ് സൗജന്യം കിട്ടാൻ അർഹതയുണ്ട്. ആ അർഹതയ്ക്ക് ഗവൺമെന്റ് ഉത്തരവ് കൊടുക്കാൻ താമസിച്ചു. അതിന്റെ പേരിൽ താമസിച്ച് ഒന്നോ രണ്ടോ ദിവസങ്ങളിൽ ഒറ്റപ്പെട്ട ഏതെങ്കിലും മാനേജുമെന്റ് ചെയ്തോ എന്ന് എനിക്കറിയില്ല. എന്റെ മോൻ അടക്കം പഠിക്കുന്ന കോളേജുകളുണ്ട്—അവർ പറഞ്ഞു ഗവൺമെന്റിന്റെ നടപടി വരുന്നതുവരെ കാത്തിരിക്കാൻ തയ്യാറാണെന്ന്. ഈ അടുത്ത 30-ാം തീയതി ഗവൺമെന്റ് ഓർഡർ ഇല്ലെങ്കിൽ പഴയ ഫീസ് കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ഗവൺമെന്റ് ഓർഡർ ഇന്ന് ഇറക്കി സ്വാഭാവികമായിട്ടും അവർക്ക് റാഷനലൈസ് ചെയ്ത പുതിയ ഫീസ് കൊടുത്താൽ മതി. കള്ളം പറയരുത്.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട തിരുവഞ്ചൂരിനെ ഇത് ഞാൻ ഏല്പിക്കുന്നു. അദ്ദേഹത്തെ വിശ്വാസത്തിലെടുത്തിട്ട് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ മുഖേന ഞാൻ ആ കാര്യം ചെയ്യുന്നു. ഈ കുട്ടികളിൽ നിന്ന് ഈ കഴിഞ്ഞ ജൂൺ മാസം 14-ാം തീയതി, ഫീസ് അടയ്ക്കേണ്ട അവസാന തീയതിക്കുശേഷം പെർ ഡേ 500 രൂപ ഫൈൻ ഇടാക്കുന്നു. ഇപ്പോൾ വൈകുന്നേരം 5 മണി കഴിഞ്ഞില്ലേ. ജൂൺ 30 കണക്ക് കൂട്ടിയാൽ 8,000 രൂപ അധികം കൊടുക്കണം. 1,34,000 + 8,000 , ഈ 8,000 രൂപ ശ്രീ. തിരുവഞ്ചൂർ കൊടുക്കുമോ?

ശ്രീ. ഷിബു ബേബിജോൺ: സർ, ബഹുമാനപ്പെട്ട ജയമാജൻ ക്രിസ്ത്യൻ മിഷനറീസ് സേവനമേഖലയിലേയ്ക്ക് കടന്നതിനെപ്പറ്റി പറഞ്ഞു. ഈ അടുത്ത കാലത്ത് ഒരു ബിഷപ്പിനോട് കോഴ ചോദിച്ചതായി ഒരു വാർത്ത വന്നു. കോഴ വാങ്ങുന്നതും ചോദിക്കുന്നതും തെറ്റാണ്. പക്ഷേ ആ ബിഷപ്പിനോട് കോഴ ചോദിച്ചായിരുന്നു. ആ ബിഷപ്പ് തുടങ്ങാൻ ആഗ്രഹിച്ചിരുന്ന സ്ഥാപനവും നിങ്ങൾ ഈ പറയുന്നതുപോലുള്ള ലാഭം ലക്ഷ്യമാക്കിയുള്ള ഒരു സ്ഥാപനമാണ് എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കാൻ തയ്യാറായിട്ടുണ്ടോ? അദ്ദേഹത്തിന് ആദർശത്തിന്റെ പരിവേഷം കൊടുത്ത് ഒരു രാഷ്ട്രീയ ആയുധമാക്കി ഞങ്ങൾക്കെതിരെ ഉപയോഗിക്കാനല്ലേ തയ്യാറായത്. ക്രിസ്ത്യൻ മിഷനറിയുടെ മൂല്യച്യുതി കണക്കിലെടുക്കാൻ ഇന്നുവരെ നിങ്ങൾ തയ്യാറായിട്ടുണ്ടോ?

ശ്രീ. എം. വി. ജയരാജൻ: സർ, അത് മറുപടിപോലും അർഹിക്കുന്നില്ല. കാരണം മെത്രാപ്പൊലീത്ത മാത്രമല്ല ബിഷപ്പ് വർക്കി വിതയത്തിൽ പറഞ്ഞിട്ടുണ്ട്, ഈ നാടിനെ രക്ഷിക്കാൻ ജനങ്ങൾ നോക്കിക്കാണുന്നത് ഇടതുപക്ഷത്തെയാണ്, കമ്മ്യൂണിസ്റ്റുകാരെയാണ് എന്ന്. ക്രിസ്ത്യൻ മിഷനറിമാരും സഭകളും കമ്മ്യൂണിസ്റ്റുകാരും തമ്മിൽ അഭിപ്രായവ്യത്യാസമില്ല. അതെല്ലാം മാറിക്കൊണ്ടിരിക്കുകയാണ്. ശ്രീ. ഷിബു ബേബിജോൺ പറഞ്ഞത് പഴയ കാലമാണ്. മെത്രാപ്പൊലീത്തയ്ക്ക് എതിരായിട്ടാണ് അദ്ദേഹം തന്നെ പറയുന്നത്. അതുകൊണ്ട് അതൊന്നും ഒരു വിഷയമേയല്ല. സർ, ഞാൻ പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് പറഞ്ഞ് അവസാനിപ്പിക്കാം. പരിയാരം മെഡിക്കൽ കോളേജിൽ 150 ഏക്കർ ഭൂമി സർക്കാരിന്റേതാണ്. 200 കോടി രൂപ നമ്മുടെ നാടിന്റെ പൊതു പണമാണ്. കേപ്പിൽ നിന്ന്..... ബഹുമാനപ്പെട്ട സൂപ്പി ..... ഒന്ന് ശ്രദ്ധിക്കണം. കേപ്പിൽ നിന്ന് പത്തര കോടി രൂപ അങ്ങോട്ട് കൊടുത്തു. അത് നമ്മുടെ നാടിന്റെ പണമാണ്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി എന്താണ് പറയുന്നത്? In paragraph 56 of judgment.....

ശ്രീ. എ. കെ. ബാലൻ: സർ, അപകീർത്തിപ്പെടുത്തുന്ന രൂപത്തിലാണ് ശ്രീ. ഷിബു ബേബിജോൺ ഇവിടെ ഒരു പരാമർശം നടത്തിയത്. സർ, അത് രേഖയിൽ ഉണ്ടാകാൻ പാടില്ല. മെത്രാപ്പൊലീത്തയെപോലെയുള്ള സർവ്വാദരണീയനായ ഒരു നല്ല മനുഷ്യനെസംബന്ധിച്ച് ഒരു മോശപ്പെട്ട പരാമർശം ശ്രീ. ഷിബു ബേബിജോണിനെപ്പോലുള്ള ആൾക്കാരിൽ നിന്ന് വരിക എന്നു പറഞ്ഞുകഴിഞ്ഞാൽ എന്താണ് ഈ കേൾക്കുന്നത്! അത് രേഖയിൽ ഉണ്ടാകാൻ പാടില്ല.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: സർ, എന്നെ ഹൈജാക്ക് ചെയ്യുകയാണ് ഞാൻ അത് വായിക്കാം. അതിലെ പാരഗ്രാഫ് 56—It has been categorically laid down that the decision on the fees to be charged must necessarily be left to the private educational institution that do not sweep and which are not dependent on any funds from the Government.....സ്വന്തമായി ഫീസ് നിശ്ചയിക്കുന്ന സ്ഥാപനങ്ങൾ സർക്കാരിന്റെ സഹായം വാങ്ങാൻ പാടില്ല എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം സർക്കാരിന്റെ സഹായം വാങ്ങുന്നവർക്ക് സ്വന്തമായിട്ടുള്ള ഫീസ് നിശ്ചയിക്കാൻ അധികാരമില്ല. സർക്കാരിന്റെ സഹായം വാങ്ങിയിട്ടുള്ള പരിയാരം മെഡിക്കൽ കോളേജ് 12 ലക്ഷം രൂപ ഫീസ് വാങ്ങിയെന്നു പറഞ്ഞാൽ അതിന്റെ അർത്ഥം ഒന്നുകിൽ പരിയാരം മെഡിക്കൽ കോളേജ് സർക്കാർ കൊടുത്ത 150 ഏക്കർ ഭൂമി തിരിച്ചുകൊടുക്കണം. ശ്രീ. എം. വി. മാഘവൻ വിദ്യാഭ്യാസ കച്ചവടം നടത്തുമ്പോൾ അതിനെ എതിർക്കണ്ടേ ? ശ്രീ. ജോസഫ് പുതുശ്ശേരി കച്ചവടം നടത്തുന്നില്ല, അതുകൊണ്ട് എതിർക്കുന്നില്ല. ഉണ്ട് എന്നു പറഞ്ഞാൽ അന്നേരം പറയാം. അപ്പോൾ ഒന്നുകിൽ ആ സ്ഥലം തിരിച്ചുകൊടുക്കണം. അല്ലെങ്കിൽ അധികം വാങ്ങിയിട്ടുള്ള ഫീസ് തിരിച്ചു കൊടുക്കണം. ഇനി നമ്മുടെ പൊതു പ്രവേശന പരീക്ഷയെസംബന്ധിച്ച് പറയാം.....

ശ്രീ. കെ. സി. വേണുഗോപാൽ: സർ, അങ്ങ് വളരെ ശക്തമായിട്ട് വാദിക്കുകയാണ് സെൽഫ് ഫിനാൻസിംഗ് കോളേജുകൾ കോഴ വാങ്ങുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ. അങ്ങ് പറഞ്ഞു പരിയാരം മെഡിക്കൽ കോളേജിനെക്കുറിച്ച് ഗവൺമെന്റ് ഗ്രാന്റ് വാങ്ങിക്കുന്നുയെന്നും, ഗവൺമെന്റ് സ്ഥലം വാങ്ങിക്കുന്നു എന്നും. ബഹുമാനപ്പെട്ട മത്തായി ചാക്കോ അടക്കമുള്ള നിങ്ങളുടെ പല നേതാക്കന്മാർ ഉൾപ്പെടുന്ന കേരള, കാലിക്കറ്റ് സിൻഡിക്കേറ്റുകൾ കഴിഞ്ഞ കുറെ നാളുകൾക്ക് മുമ്പ് തുടങ്ങിയതാണ് സെഷണൽ ബി.എഡ്. സമ്പ്രദായം. മെരിറ്റിലെ കുട്ടികളെയേ എടുക്കുന്നുള്ളൂ. ഓരോ ബി.എഡ്. കോളേജും ഓല മേഞ്ഞ ഷെഡുകളിലാണ് കേരളത്തിൽ നടത്തുന്നത്. എം.എൽ.എ.-മാരുടെയോ എം.പി.-മാരുടെയോ ഫണ്ടിൽ കുറച്ച് ബിൽഡിംഗിന് കൊടുത്തിട്ടുണ്ട്. അവിടെയൊക്കെത്തന്നെ പതിനായിര കണക്കിന് രൂപയാണ് അഡ്മിഷൻ ഫീസ് വാങ്ങിക്കുന്നത്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. മത്തായി ചാക്കോ: സർ, അസൗകര്യമുള്ള രണ്ട് സ്കൂളുകളാണുള്ളത്. ബഹുമാനപ്പെട്ട പ്രതാപൻ സർവ്വകലാശാലയുടെ പിന്നാലെ നടന്നു നേടി കൊടുത്തതാണ്. മെരിറ്റിലാണ് അഡ്മിഷൻ. പന്ത്രണ്ടായിരം രൂപയേ ഫീസ് വാങ്ങുന്നുള്ളൂ.

ശ്രീ. എം. വി. ജയരാജൻ: ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയോടും യു.ഡി.എഫ്. ഗവൺമെന്റിനോടും പ്രത്യേകിച്ച് ഈ ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന നമ്മുടെ ആരാധ്യനായ എ. കെ. ആന്റണിയോടും ചോദിക്കുകയാണ്; യു.പി.എ. മാനിഫസ്റ്റോയിൽ പറയുന്ന കാര്യങ്ങൾ നിങ്ങൾ നടപ്പിലാക്കുമോ? യു.പി.എ. ഗവൺമെന്റ് മെരിറ്റ് സീറ്റിലുള്ള പ്രവേശനം സംബന്ധിച്ചാണ് പറയുന്നത്. മെരിറ്റല്ലേ അതുകൊണ്ട് ആ പാരഗ്രാഫ് അങ്ങനെതന്നെ ഞാൻ വായിക്കാം.

UPA Manifesto, Page No. 6 —The UPA Government will take immediate steps to reverse the trend of communalisation of education. That had set in the past five years. It will also ensure that all institutions of higher learning and professional education retain their autonomy. The UPA will ensure that nobody is denied professional education because he or she is poor. അത് നടപ്പാക്കുമെങ്കിൽ ക്ളാസ് ഫോർ ഇവിടെനിന്ന് മാറ്റണം. നിങ്ങളുടെ മാനിഫെസ്റ്റോ മറന്നുപോയിയെന്ന് നിങ്ങൾതന്നെ പലപ്പോഴും പറയാറുണ്ട്. ശ്രീ. ഉമ്മൻചാണ്ടി തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങ് എന്തെല്ലാം തയ്യാറാക്കുന്നുണ്ട്. മറന്നുപോയി. അതിലുള്ള കാര്യം പറയാം. യു.ഡി.എഫ്. മാനിഫെസ്റ്റോയിൽ പറയുന്ന തലക്കെട്ട്: കേരളത്തിൽ ഒരു നവീന വിദ്യാഭ്യാസ മാതൃക: "മെഡിക്കൽ, എഞ്ചിനീയറിംഗ്, പാരാ മെഡിക്കൽ ഉൾപ്പെടെ പ്രൊഫഷണൽ കോഴ്സുകൾക്കുവേണ്ടി വ്യക്തമായ നിബന്ധനകളോടെ സ്വകാര്യ കോളേജുകൾ അനുവദിക്കും". വ്യക്തമായ നിബന്ധനകൾ വേണമെന്നാണ് നിങ്ങൾ പറയുന്നത്. അതിൽ ഒരു ഭാഗം ശരി. മെറിറ്റ് സീറ്റിന്, സർക്കാർ ഫീസ് അംഗീകരിക്കുന്നു. ബില്ലിൽ വ്യവസ്ഥയുണ്ട്. ബാക്കി വ്യക്തമായ നിബന്ധനയില്ല. അതിന് വ്യക്തമായ നിബന്ധന വേണം. "കേരളത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ഒരു അന്തർദേശീയ നിലവാരത്തിലുള്ള വിദ്യാഭ്യാസ അവസരം ഉണ്ടാക്കിക്കൊടുക്കുവാൻ വികസിത രാജ്യങ്ങളിലെ വിശ്വവിഖ്യാതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി കൂട്ടുചേർന്ന് പുതിയ സ്വകാര്യ-സ്വാശ്രയ കോളേജുകൾ ആരംഭിക്കുന്നതാണ്", ഈ സംരംഭത്തിലൂടെ ലോകോത്തരമേന്മയുള്ള വിദ്യാഭ്യാസം കേരളത്തിലെ കുട്ടികൾക്ക് കൊടുക്കുവാൻ കഴിഞ്ഞു. അതാണ് പുഷ്പഗിരിയിൽ കാണുന്നത്. അവിടെ മാനേജ്മെന്റ് ക്വാട്ടയിൽ ചേർന്ന കുട്ടികൾ; ഇന്റേണൽ അസസ്മെന്റ് പരീക്ഷയിൽ അമ്പതു ശതമാനം മാർക്ക് കിട്ടിയാലേ പാസ്സാകൂ. കിട്ടിയത് മൂപ്പത്തിയഞ്ചു ശതമാനം. ഇന്റേണൽ അസസ്മെന്റിൽ തോറ്റാൽ തിയറി എഴുതാൻ പറ്റില്ല. ഇന്റേണൽ അസസ്മെന്റിൽ തോറ്റ കുട്ടികളെ പുഷ്പഗിരി മെഡിക്കൽ കോളേജിൽ തിയറി എഴുതിച്ചു. എന്നിട്ട് അവർ യൂണിവേഴ്സിറ്റിക്ക് എഴുതി അയയ്ക്കുകയാണ്; തോറ്റ ഞങ്ങളെ ജയിപ്പിക്കണം എന്ന്. അതിന് ന്യായം പറഞ്ഞത് എന്താണെന്ന് അറിയാമോ? രണ്ടുകൊല്ലം കഴിഞ്ഞുപോയി. ഇനി ഈ കുട്ടികൾക്ക് ജയിക്കാൻ പറ്റുകയില്ല. അതുകൊണ്ട് യൂണിവേഴ്സിറ്റി ചട്ടം അമെന്റ് ചെയ്ത് അവരെ ജയിപ്പിക്കണം. നിങ്ങളുടെ മാനിഫെസ്റ്റോ പറഞ്ഞ കാര്യവും ഇവിടെ നടക്കുന്ന കാര്യവും എന്താണ്? പുഷ്പഗിരി മെഡിക്കൽ കോളേജിന്റെ സ്ഥിതി കേരളത്തിലെ സ്വാശ്രയ പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലാകെ നടപ്പാക്കുവാൻ മാത്രമേ നിങ്ങളുടെ ഈ ക്ലാസ് ത്രീയും ക്ലാസ് ഫോറും ഉപകരിക്കുകയുള്ളൂ. അതാണ് ഞങ്ങൾ പറയുന്ന വ്യത്യസ്ത അഭിപ്രായം. പുഷ്പഗിരി മെഡിക്കൽ കോളേജിന്റെതന്നെ കാര്യമെടുക്കാം. മാനേജ്മെന്റിനുതന്നെ എൻട്രൻസ് പരീക്ഷ നടത്താൻവേണ്ടി ഈ നിയമത്തിൽ വ്യവസ്ഥ ചെയ്താൽ എന്തായിരിക്കും വരാൻ പോകുന്നത്? പുഷ്പഗിരി മെഡിക്കൽ കോളേജിൽ അഡ്മിഷൻ കിട്ടിയ കുട്ടികളുണ്ടല്ലോ; എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ പരീക്ഷയിൽ തോറ്റ കുട്ടികൾ 33728-ാം റാങ്കുകാരനും 32647-ാം റാങ്കുകാരനും. എന്നു പറഞ്ഞാൽ മെഡിക്കലിൽ ഒരു കാരണവശാലും സീറ്റ് കിട്ടാൻ സാധ്യതയില്ലാത്തയാൾ, ഇരുപതു ലക്ഷം മുപയ്ക്ക് മിന്നുന്ന ഗാന്ധിയുടെ നോട്ടുകെട്ടുകൾ വച്ച് ഇവിടെ വിലപേശുകയാണ്. ആ ഡോക്ടറിനാണ് ഞാൻ എന്റെ ഹൃദയം നോക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്കേണ്ടത്. എനിക്ക് മനസ്സില്ല. എന്റെ ഹാർട്ട് അത്തരം ഡോക്ടർമാരെ കാണിക്കാൻ പറ്റില്ല. മന്ത്രി ശ്രീ. ബാബു ദിവാകരന്റെ ഹാർട്ട് നോക്കാൻ കൊടുക്കാം. ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ ഹാർട്ട് നോക്കാൻ കൊടുക്കാം—തിരുവല്ലയാണ്. കല്ലുപ്പാറയുടെ തൊട്ടടുത്താണ്. ആ ഡോക്ടർക്ക് കൊടുക്കാം. അതുകൊണ്ട് ഈ കച്ചവടം ഇവിടെ നിർത്തലാക്കണമെങ്കിൽ കോമൺ എൻട്രൻസ് പരീക്ഷയിലൂടെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കണം. ഒന്നുമുതൽ അമ്പതുവരെയുള്ള റാങ്കുകാരനെ മെറിറ്റിൽ അടുത്ത അമ്പത്തൊന്നാമന് ഒരു കൂടിയ ഫീസാണ് വരുന്നത്. അതിൽ ഞങ്ങൾക്ക് തർക്കമില്ല. ആ അമ്പത്തൊന്നാമൻ കുറച്ചു കൂടിയ നിരക്കിലുള്ള ഫീസ് കൊടുക്കുവാൻ കഴിയാത്തവനാണ് വരുന്നതെങ്കിൽ അമ്പത്തിരണ്ട് ആകുമെന്നേയുള്ളൂ. പക്ഷേ അമ്പത്തിരണ്ടായിരമായി പോകുകയില്ല. അതുകൊണ്ട് നിങ്ങൾ പറയുമ്പോലെ മാനേജ്മെന്റ് സെലക്ഷൻ നടത്തിയാൽ വിദ്യാഭ്യാസ കച്ചവടമായിരിക്കും ഇവിടെ നടക്കുക.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: പുഷ്പഗിരിയിൽ ഹാർട്ട് പരിശോധിക്കുവാൻ കൊടുക്കുവാൻ അങ്ങേയ്ക്ക് മനസ്സില്ല എന്നു പറഞ്ഞു. അത് അങ്ങയുടെ കാര്യം. അത് അവിടെ നില്ക്കട്ടെ. തിരുവല്ല തെരഞ്ഞെടുപ്പ് വേളയിൽ അവിടെ തെരഞ്ഞെടുപ്പ് പ്രചരണത്തിനുവന്ന സി.പി.എം.ന്റെ നേതാവായ ശ്രീ. വാസവന് ഹാർട്ട് പരിശോധിക്കേണ്ടിവന്നപ്പോൾ പുഷ്പഗിരി ആശുപത്രിയെത്തന്നെയാണ് അഭയം പ്രാപിച്ചത്. രണ്ടാഴ്ചക്കാലം അവിടെ കിടന്നാണ് ചികിത്സിച്ചത് എന്ന വിവരം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. വി. ജയരാജൻ: എന്തായാലും ശ്രീ. വാസവൻ അവിടെത്തന്നെ പോകണം. ഒരു തർക്കവുമില്ല. കാരണം അവിടെ വിദഗ്ദ്ധ ഡോക്ടർമാരുണ്ട്. ഞാൻ പറയുന്നത് മൂന്നു കൊല്ലംകൂടി കഴിഞ്ഞാൽ പുറത്തുവരുന്ന ഡോക്ടറെ പറ്റിയാണ് . അത് ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മനസ്സിലായില്ല. ഇപ്പോൾ പുഷ്പഗിരിയിലുള്ളത് വിദഗ്ദ്ധന്മാരായ ഒരു സംഘം ഡോക്ടർമാരാണ്.

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട അംഗം അങ്ങ് വളരെ പ്രധാനപ്പെട്ടതും ഏറ്റവും ശ്രദ്ധേയവുമായ ഒട്ടേറെ നല്ല കാര്യങ്ങൾ പറയുന്നുണ്ട്. അത് ഞാൻ അംഗീകരിക്കുകയാണ്. എന്റെ ചോദ്യം ഇങ്ങോട്ട് എപ്പോഴെങ്കിലും അധികാരം കയ്യാളാൻ അവസരമുണ്ടായാൽ നിങ്ങൾ ചെയ്യുന്നതെന്താണെന്ന് കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെകാലത്ത് കാണിച്ചുതരുകയുണ്ടായി. ഈ അടുത്തകാലത്ത് ഒരു സംഭവമുണ്ടായി. അങ്ങൊക്കെ വളർന്നുവന്ന വിദ്യാർത്ഥി സംഘടനയുടെ, എസ്.എഫ്.ഐ.-യുടെ നേതാക്കന്മാർ കൊല്ലം എസ്.എൻ കോളേജിൽ നാഷണൽ അക്രഡിറ്റേഷൻ കമ്മിറ്റി വന്നപ്പോൾ എസ്.എഫ്.ഐ.-യുടെ, പതാക താഴ്ത്തി പൊതിഞ്ഞുകെട്ടി പുറത്തു കൊണ്ടുപോയി വച്ചു. ആരും കാണാതിരിക്കാൻ. കാരണം നാഷണൽ അക്രഡിറ്റേഷൻ കമ്മിറ്റി വന്ന് ഒരു രാഷ്ട്രീയ പാർട്ടിയുടെ കൊടി അവിടെ കണ്ടാൽ അക്രഡിറ്റേഷൻ കിട്ടുകയില്ല എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ്. അങ്ങ് ഇതൊന്ന് അന്വേഷിക്കുമോ? അത്തരം ചെയ്തികൾ ചെയ്യാൻ നാളെയും നിങ്ങൾ തയ്യാറാകും. ഇന്ന് ഈ പറയുന്ന വിപ്ലവത്തിലൊന്നും വലിയ ആത്മാർത്ഥതയില്ല എന്നു വന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: ഏതായാലും ശ്രീ. പി. ടി. തോമസിനെ പോലുള്ള, ശ്രീ. പി. ടി. തോമസ് ആണെന്ന് ഞാൻ പറയുന്നില്ല, ശ്രീ. പി. ടി. തോമസിനെ പോലുള്ള ആളുകൾ കാണിക്കുന്ന മുണ്ടുരിയൽ ഇവർ നടത്തുകയില്ല എന്നുള്ള കാര്യത്തിൽ തോമസിന് ഉറപ്പിക്കാം. അർഹതയുണ്ടായിട്ടും പണത്തിന്റെ ഇല്ലായ്മ കൊണ്ടുമാത്രം അവസരം നിരാകരിക്കപ്പെടുന്ന ആളുകൾ. അവർ അനുഭവിക്കുന്നത് ക്രൂരമായ നീതി നിഷേധമാണ്. ആ പ്രശ്നമാണ് ഞാൻ ഇവിടെ ഉന്നയിച്ചത്. അതാണെങ്കിൽ നമ്മുടെ നാടിന്റെ പൊള്ളുന്ന ദുരന്തം പോലെയാണ് അനുഭവപ്പെട്ടത്. വിദ്യാർത്ഥി സമൂഹത്തെയാകെ ആത്മഹത്യാ മുനമ്പിലേക്ക് എത്തിക്കുന്ന വിധത്തിലാണ് സ്വാശ്രയ പ്രൊഫഷണൽ കോളേജുകളിൽ ഈ നയം നടപ്പിലാക്കിയത്, നാളെ റഗുലർ കോളേജുകളിലേക്കും പ്ലസ് ടുവിലേക്കും വ്യാപിപ്പിച്ചാൽ വരാൻ പോകുന്നത്. അതാണ് ഞാൻ ഭയപ്പെടുന്ന കാര്യം. സർ, വിദ്യാഭ്യാസ കച്ചവടക്കാർക്ക് കീഴടങ്ങിക്കൊണ്ടുള്ള ഇത്തരം വ്യവസ്ഥകളോടാണ് ഞങ്ങൾക്ക് വിയോജിപ്പ്. ഇതിൽ ക്ളാസ് 2(ഡി) കരുതൽ നിക്ഷേപം വാങ്ങണമെന്നു പറയുന്നുണ്ട്. കോഷൻ ഡിപ്പോസിറ്റ്. ക്ളാസ് 2(ഇ) തിരിച്ചു കൊടുക്കാവുന്ന മറ്റൊരു നിക്ഷേപത്തെപ്പറ്റി പറയുന്നുണ്ട്. എന്തിനാണ് ഇത് രണ്ടും? അപ്പോൾ നിങ്ങൾ തന്നെ ഈ കച്ചവടത്തിന് കൂട്ടു നില്ക്കുകയല്ലേ? അത് ഒഴിവാക്കണം. സ്ഥാപനം നടത്തിക്കൊണ്ടു പോകാൻ ആവശ്യമായ ചെലവുകൾക്ക് വേണ്ടി ഫീസ് മാനേജുമെന്റിന് ചുമത്താവുന്നതാണ്. അതാണ് ബഹുമാനപ്പെട്ട രാജൻബാബു പറഞ്ഞിട്ടുള്ളതിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ശ്രീ. രാജൻ ബാബു പറഞ്ഞപ്പോൾ ശ്രദ്ധിക്കാതെ പോയ ഒരു പ്രശ്നമാണത്, ഈ ചെലവുകൾ. ക്ളാസ് 4(1)(ബി) എന്നു പറയുന്നത് മാനേജ്മെന്റ് കോട്ടയിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികളിൽ നിന്നും ഈടാക്കേണ്ടതായ ഫീസ്. ഈ സ്ഥാപനം നടത്തിക്കൊണ്ടു പോകുന്നതിന് അനിവാര്യമായ ചെലവുകൾ കണക്കിലെടുത്തുകൊണ്ട് മാനേജുമെന്റ് നിശ്ചയിക്കണം. എന്തിനാണ് ഒരു ജഡ്ജിയെത്തന്നെ അയാൾ ചെയ്ത കുറ്റത്തിന് വിചാരണ ചെയ്യാൻ അനുവദിക്കുന്നത്? ഒരു ജഡ്ജി തന്നെ ഒരു കുറ്റം ചെയ്താൽ അയാൾ മാറി നില്ക്കണ്ടേ? ബഹുമാനപ്പെട്ട കെ. സി. ജോസഫിന് ഓർമ്മയുണ്ടാകും. കഴിഞ്ഞ ദിവസം ശ്രീ. കെ. സി. ജോസഫ് ഒരു പരാതി കൊടുത്തല്ലോ, കെ. സി. ജോസഫ് ധീരമായ ഒരു നിലപാട് സ്വീകരിച്ചു. പരാതി ഞാനാണ് കൊടുത്തത്. തീരുമാനിക്കുന്ന കമ്മിറ്റിയിൽ, ഞാനുൾപ്പടെ ഉണ്ട്. താൻ കൊടുത്ത പരാതി പരിഗണിക്കുന്ന സമയത്ത് ആ കമ്മിറ്റിയിൽ പങ്കാളിയാകുന്നത് ശരിയല്ല. മാറി നിന്നു. അതേ ഞങ്ങൾ പറയുന്നുള്ളൂ. ഞാൻ മറ്റൊന്നും പറയുന്നില്ല. അതുകൊണ്ട് മാനേജുമെന്റെന്ന് പറയുന്നതിനു പകരം സർക്കാർ നിശ്ചയിക്കുന്ന ഒരു കമ്മിറ്റി എന്നാക്കണം. നമുക്ക് വേണമെങ്കിൽ ഒരു റിട്ടയേർഡ് ജഡ്ജിയെ വയ്ക്കാം, മാനേജ്മെന്റ് പ്രതിനിധിയെ വയ്ക്കാം, പി.ടി.എ. പ്രതിനിധിയെ വയ്ക്കാം, സർക്കാരിന്റെ പ്രതിനിധിയെ വയ്ക്കാം. അങ്ങനെ വരുമ്പോൾ ഹയർ എഡ്യൂക്കേഷൻ, ടെക്നിക്കൽ എഡ്യൂക്കേഷൻ തുടങ്ങിയ വകുപ്പ് മേധാവികളെയും

6.00 p.m.] വയ്ക്കാം. അങ്ങനെയൊരു കമ്മിറ്റിയെ വയ്ക്കുന്നതിനു പകരം ഒരു ജഡ്ജി കുറ്റം ചെയ്താൽ അതേ ജഡ്ജിയെക്കൊണ്ടു തന്നെ വിചാരണ ചെയ്യിക്കുന്ന രൂപത്തിലാണ് ഇവിടുത്തെ ഘടന. എനിക്ക് ദൈനംദിന കേസ് നടത്തിപ്പിൽ പരിചയമില്ല. ഇവിടെ ഇങ്ങനെയൊരു തീരുമാനം വന്നാൽ അതിൻമേലൊരു അപ്പീൽ കൊടുക്കാൻ എന്തെങ്കിലും പ്രൊവിഷനുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ആർക്കെങ്കിലും അപ്പീൽ അതോറിറ്റിയുണ്ടോ? സർക്കാരിനു പോലും അധികാരമില്ല. ഒരിക്കൽ നിശ്ചയിച്ചാൽ നിശ്ചയിച്ചതു തന്നെ. ഇവർ എങ്ങനെയാണ് നിശ്ചയിക്കുന്നത്? 2003 ജൂൺ മാസം ബഹുമാനപ്പെട്ട മന്ത്രി വിളിച്ചു കൂട്ടിയ കോൺഫറൻസിൽ വച്ച് രണ്ട് മാനേജ്മെന്റുകൾ അവരുടെ ഫീസിനെക്കുറിച്ച് പറഞ്ഞു. മന്ത്രി അവരോട് പറഞ്ഞു 1,76,000 രൂപയായി ഫീസ് നിശ്ചയിക്കാൻ. കോലഞ്ചേരി മാനേജ്മെന്റ് പറഞ്ഞത് ഞങ്ങൾക്ക് അതുപോരാ, 3,77,000 വേണം എന്നാണ്. കാരക്കോണം മാനേജ്മെന്റ് എന്താണ് പറഞ്ഞത്? 3,30,000 വേണം. മന്ത്രി പറഞ്ഞത് അവർ അനുസരിച്ചോ? അപ്പോൾ ക്ലാസ് 4 കഴിഞ്ഞാൽ അതിനപ്പുറത്ത് ഒരു അപ്പീൽ അതോറിറ്റി ഇല്ല. അത് റിവ്യൂ ചെയ്യാൻ കഴിയില്ല. ഇവർക്ക് പൂർണ്ണമായും അധികാരം കൊടുക്കുകയാണ്. അവിടെയാണ് ആർബിട്രറി എന്നു പറയുന്ന കോടതി വാക്ക് ഞാൻ ഉപയോഗിക്കുന്നത്. ഇത് ആർബിട്രറിയായിട്ടേ ഉപയോഗിക്കുകയുള്ളു. ഇനി ക്ലാസ് 5, കൺസോർഷ്യം. കൺസോർഷ്യം—എൻട്രൻസ് ടെസ്റ്റ് നടത്താൻ വേണ്ടി ഇവരെ ഏൽപ്പിച്ചാൽ അതിൽ ഒരു കാര്യം നിങ്ങൾ ചെയ്തിട്ടുണ്ട്. കോമൺ എൻട്രൻസ് ടെസ്റ്റോ, കൺസോർഷ്യം നടത്തുന്ന എൻട്രൻസ് ടെസ്റ്റോ അത്രത്തോളമെങ്കിലും നിങ്ങൾക്ക് തോന്നുന്നുണ്ടല്ലോ. വെറും മാനേജ്മെന്റിനെ മാത്രം ഏൽപ്പിച്ചാൽ ശരിയാവില്ല എന്ന് തോന്നുന്നുണ്ടല്ലോ. ആ തോന്നൽ ഉണ്ടെങ്കിൽ പൂർണ്ണമായും കൺസോർഷ്യത്തെ ഒഴിവാക്കിയാലെന്താണ്?

ശ്രീ. എ. എൻ. രാജൻ ബാബു: ടി.എം.എ.പൈ കേസിൽ ജഡ്ജ്മെന്റിൽ പറഞ്ഞിരിക്കുന്നത് ബാക്കിയുള്ള 50%-ന് They should take students either from Common Entrance Examination conducted by the Examination Commissioner or by conducting the test by Management. It is allowed by Supreme Court.....

ശ്രീ. എം. വി. ജയരാജൻ: ടി.എം.എ. പൈ കേസിൽ അത് പരിശോധിച്ചശേഷം 11 അംഗ ജഡ്ജ്മെന്റ് Islamic Academy of Education vs. State of Karnataka ആ സുപ്രീം കോടതി വിധിയിൽ വ്യക്തമായി പറയുന്നുണ്ട്. The Government or appropriate authorities should consider framing appropriate regulation. Appropriate regulation if not already framed whereunder it is found that an Institution is charging capitation fees or profiteering that Institution can be appropriately penalised. അങ്ങനെ വ്യക്തമായി പറയുമ്പോൾ ഗവൺമെന്റിന് അത് ചെയ്യാമല്ലോ. ടി.എം.എ. പൈ കേസിൽ പറയുന്ന വേർഷൻ നിങ്ങൾ മാറ്റി. ക്ലാസ് 5 പ്രകാരം കൺസോർഷ്യത്തിന് കൊടുക്കുന്ന അധികാരം എടുത്തു കളയണം. ക്ളാസ് 5(3) കൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട കോളേജുകൾ എന്നു പറയുന്നത്, ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ട ധനസഹായം ലഭിക്കാത്ത പ്രൊഫഷണൽ കോളേജുകൾക്കെല്ലാം കൺസോർഷ്യത്തിൽ അംഗങ്ങളായി പ്രവേശനം ലഭിക്കുന്നതിനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. പ്രത്യേക വിഭാഗത്തിൽപ്പെട്ട എന്നത് നിർവചിച്ചിട്ടില്ല. അവർക്ക് ഇഷ്ടപ്പെട്ട ആളുകളെയെല്ലാം അതിൽ ചേർക്കാം എന്നു പറഞ്ഞാൽ ബ്ളേഡ്കാരന് ആകാം. ഹുണ്ഡിക വ്യാപാരിക്ക് ആകാം, സ്വർണ്ണ വ്യാപാരിക്ക് ആകാം. അതുപോലെ വിദ്യാഭ്യാസ മേഖലയിൽ ലാഭം ഉണ്ടാക്കാൻ വേണ്ടി ആഗ്രഹിച്ച് വരുന്നവരെയെല്ലാം അതിൽ ഉൾപ്പെടുത്തും. കശുവണ്ടി മുതലാളിയാണ് എൻജിനീയറിംഗ് കോളേജ് തുടങ്ങുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ആ കശുവണ്ടി ഫാക്ടറി എൻജിനീയറിംഗ് കോളേജിന് കൊടുക്കുകയാണ്. കശുവണ്ടി ഫാക്ടറിയിൽ നിന്ന് കിട്ടുന്ന ലാഭത്തേക്കാൾ എൻജിനീയറിംഗ് കോളേജിൽ നിന്ന് ലാഭം കിട്ടും എന്നാണ് അവന്റെ നോട്ടം. അങ്ങനെ ലാഭമുണ്ടാക്കാനുള്ള അവരുടെ നിലപാടിൽ നമ്മൾ കുടുങ്ങി പൊയ്ക്കൂടാ. ഇപ്പോൾ കോമൺ എൻട്രൻസ് ടെസ്റ്റ് നടത്തിയാൽ ആ ടെസ്റ്റിൽ പരീക്ഷ എഴുതിയ എനിക്ക് ബഹുമാനപ്പെട്ട തൊഴിൽ മന്ത്രിയുടെ മകനോ മകളോ ഉണ്ടെങ്കിൽ കോമൺ എൻട്രൻസ് ടെസ്റ്റ് എഴുതിയതിൽ അവസാന റാങ്ക് ആയിപ്പോയി. പക്ഷേ ബഹുമാനപ്പെട്ട മന്ത്രിയുടെ മകൾക്ക് ഉറപ്പുണ്ട് ഞാൻ നന്നായി എഴുതിയിട്ടുണ്ട്. അതുകൊണ്ട് റീ വാല്യുവേഷൻ അല്ലെങ്കിൽ റീ ചെക്കിംഗ് നടത്തണം. റീ ചെക്കിംഗിനു വേണ്ടി ഒരു അപ്പീൽ കൊടുക്കും, കോടതിയിൽ പോകും. എൻട്രൻസ് കമ്മീഷണർ കോടതി വിധിയൊഴിച്ച് മറ്റൊന്നും കേൾക്കില്ല. മറ്റാരു പറഞ്ഞാലും കേൾക്കില്ല. കോടതി വിധി പറയുന്നു ഇതൊന്ന് പരിശോധിക്കണം. പരിശോധിക്കണം എന്നു പറഞ്ഞാൽ പരീക്ഷ എഴുതിയ മന്ത്രിയുടെ മകളെ ആൻസർ പേപ്പർ കാണിക്കും. എന്തെങ്കിലും ഇവിടെ ചെയ്യാനുള്ള പ്രൊവിഷനുണ്ടോ? അപ്പോൾ ഇവിടെ ആർബിട്രേറിയായി മാനേജ്മെന്റ് ചെയ്യും. ഒരു അപ്പീൽ പ്രൊവിഷൻ പോലുമില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കുഴപ്പം അദ്ധ്യാപക-അനദ്ധ്യാപക നിയമനം, അതിന്റെ യോഗ്യത, നിയമന രീതി ഇതൊന്നും പറയുന്നില്ല. ആക്ട് ആപ്ലിക്കബിൾ ആണോ, അത് മനസ്സിലാക്കേണ്ടേ? മെഡിക്കൽ കോളേജ് ആകുമ്പോൾ അവിടെയുള്ള പ്രൊഫസർ, ട്യൂട്ടേഴ്സ്, ലക്ചറേഴ്സ്, പാരാ മെഡിക്കൽ ജീവനക്കാർ ഇവരൊക്കെ വേണം. എൻജിനീയറിംഗ് കോളേജ് ആകുമ്പോൾ വർക്ക്ഷോപ്പ് അറ്റൻഡർ വേണം. അപ്പോൾ അദ്ധ്യാപക-അനദ്ധ്യാപകരുടെയൊക്കെ നിയമനത്തിനു വേണ്ട ഒരു വ്യവസ്ഥയും അതിൽ പറയുന്നില്ല അത് മാനേജ്മെന്റ് എങ്ങനെ നിയമിക്കും?

ശ്രീ. എ. എൻ. രാജൻ ബാബു: അദ്ധ്യാപക-അനദ്ധ്യാപകരുടെയൊക്കെ സർവ്വീസ് കണ്ടീഷൻസും, ക്വാളിഫിക്കേഷൻസും ഫിക്സ് ചെയ്യുന്നത് യൂണിവേഴ്സിറ്റിയാണ്. There is a provision in the University Act.

ശ്രീ. എം. വി. ജയരാജൻ: സ്വാശ്രയ കോളേജിൽ പോയാൽ മുഴുവൻ സ്ഥലത്തും റിട്ടയേർഡാണ്. അത് അങ്ങനെ വയ്ക്കാൻ പാടില്ല. യൂണിവേഴ്സിറ്റി Act പ്രകാരം അപ്പോയിന്റ്മെന്റ് നടത്തുന്നതിന് എന്താണ് വ്യവസ്ഥ? ആ വ്യവസ്ഥയിൽ യൂണിവേഴ്സിറ്റിയുടെ പ്രതിനിധി, ഡെപ്യൂട്ടി സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത സർക്കാരിന്റെ പ്രതിനിധി, മാനേജ്മെന്റിന്റെ പ്രതിനിധി എന്നിവർ ഇന്റർവ്യൂ നടത്തണം.

ശ്രീ. വി. ഡി. സതീശൻ: ശ്രീ. ജയരാജൻ പറഞ്ഞ പ്രൊവിഷൻ എയ്ഡഡ് കോളേജുകൾക്കുള്ള പ്രൊവിഷനാണ്. റിട്ടയേർഡ് ചെയ്തവരെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരായി വച്ചാൽ എന്താണ് കുഴപ്പം? സർക്കാരല്ലല്ലോ ശമ്പളം കൊടുക്കുന്നത്. ഞാൻ ഒരു ചോദ്യം ചോദിക്കാം. അങ്ങ് ഈ പറഞ്ഞതിലെ ആദ്യത്തെ ഭാഗം സമ്മതിക്കുന്നുണ്ടല്ലോ. 50% പേർക്ക് മെറിറ്റിൽ കൊടുക്കുന്നു. അവർ സർക്കാർ കോളേജുകളിലെ ഫീസ് കൊടുക്കുന്നു. സെക്കന്റ് പാർട്ട് ചെയ്യുമ്പോൾ കോടതിവിധി നടപ്പിലാക്കുകയാണെങ്കിൽ സർക്കാർ കൊടുക്കുന്ന ഈ ആനുകൂല്യം ഇല്ലാതെയാകും എന്നുള്ള കാര്യം അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ജയരാജൻ: അതിനാണല്ലോ നേരത്തേ ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യത്തിൽ ഞങ്ങൾ നൽകുന്ന പിൻതുണ. സെക്കന്റ് പാർട്ട് ബഹുമാനപ്പെട്ട വി.ഡി. സതീശൻ കേൾക്ക്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞ കാര്യത്തിൽ ഞങ്ങൾ യോജിക്കാം. അവിടെ ഭരണ ഘടന ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ ഞങ്ങൾ യോജിക്കാം. ഭരണ ഘടന ഷെഡ്യൂളിൽ പെടുത്തിയാൽ സുപ്രീം കോടതി വിധി ബൈന്റിംഗ് അല്ല. അങ്ങനെ വരുമ്പോൾ ഈ വ്യവസ്ഥ നിങ്ങൾ മാറ്റുകയാണെങ്കിൽ അവിടെ സഹകരിക്കാം. സുപ്രീം കോടതി വിധി മറികടക്കാൻ കഴിയുകയില്ല എന്നല്ലേ പറഞ്ഞത്? സുപ്രീം കോടതി വിധിയെ മറികടക്കാൻ ഭരണഘടനാ ഷെഡ്യൂളിൽ പെടുത്തണം. അതിന് ഞങ്ങൾ പിൻതുണ തരാം. ഈ വ്യവസ്ഥ മാറ്റ്. അവിടെ തരാമെന്ന് പറയുന്ന കണ്ടീഷൻ ഈ വ്യവസ്ഥ മാറ്റുമ്പോഴുണ്ട്. ഏതായാലും യൂണിവേഴ്സിറ്റിയെപ്പറ്റി പറഞ്ഞല്ലോ. അത് സംബന്ധിച്ച് പറയാതിരിക്കുന്നത് എങ്ങനെയാണ്? ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞല്ലോ എയ്ഡഡ് കോളേജുകളാണെന്ന്. സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ യൂണിവേഴ്സിറ്റിക്ക് ഇടപെടാമെന്ന് ശ്രീ. രാജൻ ബാബു പറഞ്ഞല്ലോ.

ശ്രീ.. വി. ഡി. സതീശൻ: യൂണിവേഴ്സിറ്റി പ്രിസ്ക്രൈബ് ചെയ്യുന്ന ക്വാളിഫിക്കേഷൻ മാത്രമേ പാടുള്ളൂ. റിട്ടയർ ചെയ്ത ആളുകളെ വയ്ക്കാം. ശംബളം കൊടുക്കുന്നത് സർക്കാരല്ലല്ലോ. ശംബളം അവരല്ലേ കൊടുക്കുന്നത്? ക്വാളിഫിക്കേഷൻ യൂണിവേഴ്സിറ്റി പ്രിസ്ക്രൈബ് ചെയ്യണം. അതിന് യൂണിവേഴ്സിറ്റി നിയമത്തിൽ വകുപ്പുണ്ട്.

ശ്രീ. എം. വി. ജയരാജൻ: നിശ്ചിത യോഗ്യതയനുസരിച്ചല്ല എടുക്കുന്നതെങ്കിൽ എന്തു ചെയ്യാനൊക്കും? ഉദാഹരണം പറയട്ടെ, കണ്ണൂർ യൂണിവേഴ്സിറ്റിയുടെ കീഴിലാണ് പരിയാരം മെഡിക്കൽ കോളേജ്. അവിടത്തെ റീഡർമാരായ രണ്ട് ആളുകൾക്ക് നിശ്ചിത യോഗ്യതയില്ല. എന്ത് ചെയ്തു? അതുകൊണ്ട് യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ട് എടുത്ത് അങ്ങോട്ട് പോകുകയേ വേണ്ടൂ. അവർ പറയുന്നത് ഞങ്ങൾ പൈസ കൊടുത്തിട്ടാണ് നിയമനം വാങ്ങിയതെന്നാണ്. ഞങ്ങളാണ് ശംബളം കൊടുക്കുന്നതെന്നാണ്. ആ സ്റ്റാറ്റ്യൂട്ട് എടുത്ത് അവിടെ പോയാൽ പരിയാരം മെഡിക്കൽ കോളേജിലെ യോഗ്യതയില്ലാത്ത രണ്ട് റീഡർമാരെ ഒന്നും ചെയ്യാൻ ഒക്കുകയില്ല. എം.ജി. യിൽ സ്വാശ്രയത്തിന് വഴിവിട്ട സഹായം. സർക്കാർ കോളേജിനോട് ചിറ്റമ്മ നയം. പാവപ്പെട്ട കർഷകത്തൊഴിലാളിയുടേയും, ചെത്ത് തൊഴിലാളിയുടേയും, കൈത്തറി തൊഴിലാളിയുടേയും, ബീഡി തൊഴിലാളിയുടേയും, കൃഷിക്കാരുടേയും മക്കളല്ലേ സർക്കാർ കോളേജിൽ ഉള്ളത്? അവരോട് ചിറ്റമ്മ നയം. വാർത്തയിൽ പറയുന്നത് എന്താണ്? മാതൃഭൂമി 2004, ജൂൺ 27. സ്വാശ്രയ കോളേജിലെ വിദ്യാർത്ഥികളെ എങ്ങനെയെങ്കിലും ജയിപ്പിച്ചെടുക്കാൻ ഇന്റേണൽ മാർക്ക് ഇളവു ചെയ്യാൻ വരെ എം.ജി. യൂണിവേഴ്സിറ്റി പങ്കപ്പാട് പെടുമ്പോൾ സാധാരണക്കാർ പഠിക്കുന്ന ഗവണ്മെന്റ് കോളേജിലെ കുട്ടികൾക്ക് ഇന്റേണൽ മാർക്ക് തീർച്ചപ്പെടുത്തി നൽകാൻ ഒന്നേകാൽ വർഷമായിട്ടും നടപടി സ്വീകരിച്ചിട്ടില്ല. ഇത് തന്നെയാണ് വരിക. സ്വാശ്രയക്കാരന്റെ പിടുത്തം. പാവപ്പെട്ടവന് പണമില്ല, അവൻ പിണമാണ്. ഇതാണ് നയം. ആ നയത്തിനോടാണ് നമുക്ക് വിയോജിപ്പ്. നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ സമഗ്രമായിരിക്കണം. അതുകൊണ്ട് ഈ രീതിയിലുള്ള

പ്രശ്നങ്ങൾകൂടി ചേർത്ത് ഈ നിയമം സമഗ്രമാക്കണം. പുതിയ ഹയർ സെക്കന്ററി സ്കൂൾ വന്നപ്പോൾ അദ്ധ്യാപകരുടേയും അനദ്ധ്യാപകരുടേയും യോഗ്യത സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് വന്നു. അതിന്റെയടിസ്ഥാനത്തിൽ നിയമനങ്ങളും നടത്തുകയാണ്. പി.എസ്.സി. ലിസ്റ്റ് ഇപ്പോൾ വരികയാണ്. എന്തുകൊണ്ട് അത്തരം ഒരു വ്യവസ്ഥ ഇതിൽ കൊണ്ടുവന്നുകൂടാ? നിയമനം നടത്തുന്നത് മാനേജ്മെന്റുതന്നെ. ശ്രീ. വി.ഡി. സതീശൻ പറഞ്ഞത് ഞാൻ അംഗീകരിക്കുന്നു. ഇത് പബ്ളിക്കിനെ ബാധിക്കുന്ന പ്രശ്നമാണ്. അതുകൊണ്ടുതന്നെ നിയമനം സംബന്ധിച്ച് വ്യക്തമായ വ്യവസ്ഥ ഈ ബില്ലിൽ ഉണ്ടാകണം. ക്ലാസ്-6 ക്യാപ്പിറ്റേഷൻ ഫീസ് നിരോധിച്ചുവെന്നാണ് പറയുന്നത്. പക്ഷെ, 4(2) പ്രകാരം ക്യാപ്പിറ്റേഷൻ ഫീസ് എന്നു പറയുന്ന പേരിലല്ലെങ്കിലും മറ്റ് രീതിയിൽ കോഴ വാങ്ങാം. നിരോധിച്ചുവെന്ന് 6-ാം ക്ളാസിൽ പറഞ്ഞിട്ട് കാര്യമില്ല. 4(2) പ്രകാരം ഒരു നിക്ഷേപം വാങ്ങാം. കരുതൽ നിക്ഷേപം. അതിനുപുറമെ ഡെവലപ്മെന്റ് ഫീസ്. അതനുസരിച്ചാണെങ്കിൽ എത്രയോ വാങ്ങാം. അതിന് സീലിംഗില്ല. അങ്ങനെ വരുമ്പോൾ ക്യാപ്പിറ്റേഷൻ ഫീസ് എന്ന പേരിൽ അല്ലാതെ പരിയാരം മെഡിക്കൽ കോളേജും ഞാൻ നേരത്തെ പറഞ്ഞ മറ്റ് ഇതര സ്ഥാപനങ്ങളും വാങ്ങിയതുപോലെ ക്യാപ്പിറ്റേഷൻ ഫീസ് പുതിയ രൂപത്തിൽ വാങ്ങും. എയ്ഡഡ് കോളേജുകളിൽ വിദ്യാർത്ഥി പ്രവേശനം , അദ്ധ്യാപക നിയമനം, ഇതൊക്കെ ഇപ്പോൾ തന്നെ കാശ് വാങ്ങിയിട്ടാണെന്ന് എല്ലാപേർക്കുമറിയാം. 20 ശതമാനം മാനേജ്മെന്റ് ക്വാട്ടായെന്നു പറയുന്നത് +2 സ്കൂളുകളിലേയ്ക്ക് വന്നപ്പോൾ അവിടെക്കുടെ അത് നടപ്പായി. ഇത് എങ്ങനെയാണ് വന്നത്? 72-ലെ ഡയറക്ട് പേമെന്റ് എഗ്രിമെന്റിലാണ് ഇങ്ങനെ ഒരു വ്യവസ്ഥ വന്നത്. അതിൽ പറയുന്നത് 1972-നു മുമ്പുവരെ കോളേജുകളിൽ അദ്ധ്യാപകരുടെ ശംബളം മാനേജ്മെന്റ് കൊടുക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ 1972-ൽ എഗ്രിമെന്റിനു ശേഷം സർക്കാർ കൊടുക്കാൻ തുടങ്ങി. അതോടുകൂടി അതിൽ ഒരു വ്യവസ്ഥ ചെയ്യുന്നു. വിദ്യാർത്ഥി പ്രവേശനത്തിന് 20 ശതമാനം മാനേജ്മെന്റ് ക്വാട്ടാ. അതാണ് മാനേജ്മെന്റ് ക്വാട്ടാ. അതാണ് ചരിത്രം. അതുകൊണ്ട് വിദ്യാർത്ഥി പ്രവേശനത്തിൽ വ്യക്തമായ മാനദണ്ഡമില്ലെങ്കിൽ വമ്പിച്ച തോതിലുള്ള അഴിമതിയായിട്ട് ഇത് മാറും. കേരളത്തിന് വെളിയിലുള്ള കാര്യം കൂടി പറഞ്ഞിട്ട് അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞല്ലോ, കേരളത്തിന് വെളിയിൽ കർണാടകയിലും മറ്റ് ചില സംസ്ഥാനങ്ങളിലും ഇതിനേക്കാൾ കുറഞ്ഞ ഫീസ് വാങ്ങിയിട്ട്പോലും കർണാടകയിൽ 20 ശതമാനവും മഹാരാഷ്ട്രയിൽ 50 ശതമാനവും ആന്ധ്രായിൽ 40 ശതമാനവും ലാഭമുണ്ടാക്കാൻ കഴിഞ്ഞുവെന്ന്. ലോക ബാങ്ക് നടത്തിയ ഒരു പഠന റിപ്പോർട്ടാണ് ഇത്. ഞാൻ അതുകൂടി ഉദ്ധരിച്ച് അവസാനിപ്പിക്കാം. ഇന്ത്യയിലെ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളെപ്പറ്റി പഠനം നടത്തിയ ലോക ബാങ്ക് പഠന സംഘം, ഈ രംഗത്ത് നിലവിലുള്ള ചൂഷണപരമായ ലാഭവ്യവസ്ഥയെ വെളിച്ചത്തുകൊണ്ടുവന്നിട്ടുണ്ട്. ഇന്ത്യയിലെ ശാസ്ത്ര സാങ്കേതിക മനുഷ്യ വിഭവ വികസനം എന്ന ലോക ബാങ്കിന്റെ റിപ്പോർട്ട് കർണാടക, മഹാരാഷ്ട്ര, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിൽ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ ഫീസിനത്തിലുള്ള വരുമാനത്തിൽ നിന്ന് മാത്രം കർണ്ണാടക ഉണ്ടാക്കിയത് 30 ശതമാനം, മഹാരാഷ്ട്ര 25 ശതമാനം, തമിഴ്നാട് 21 ശതമാനം, ഇത്രയും ലാഭം ഉണ്ടാക്കാൻ കഴിഞ്ഞു. കേരളത്തേക്കാൾ കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കിയാണിത്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഈ കച്ചവടത്തിന് കൂട്ടുനിന്നുകൂടാ. ഇതിൽ പറയുന്ന മാനേജ്മെന്റ് കോട്ട, അതിലുള്ള വിദ്യാർത്ഥി പ്രവേശനം, അതിന്റെ ഫീസ്, ഇതിനെല്ലാം സർക്കാരിന്റെ വ്യക്തമായ നിയന്ത്രണം കൊണ്ടുവരണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ഇവിടെ വിതരണം ചെയ്ത ശുദ്ധിപത്രം വായിക്കുകയുണ്ടായി. എന്നാൽ പ്രധാനമായും വരേണ്ട ഒരു കറക്ഷനുണ്ടായിരുന്നു. അല്ലെങ്കിൽ ഇത് തിരുത്തേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട മന്ത്രി ഇത് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ വിദ്യാർത്ഥി സംഘടനകളുമായി ധനകാര്യ വകുപ്പുമന്ത്രിയും, വിദ്യാഭ്യാസ വകുപ്പുമന്ത്രിയും, (അന്നത്തെ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതല വഹിച്ചിരുന്ന ശ്രീ. കുഞ്ഞാലിക്കുട്ടി) ചേർന്ന് ഉണ്ടാക്കിയ ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെ ഒരു നിയമനിർമ്മാണം വരാൻ പോകുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടി, ആ യോഗത്തിലുണ്ടാക്കിയ ഒരു കൺസെൻസസാണ് നമുക്ക് ഒരു നിയമനിർമ്മാണമുണ്ടാക്കണമെന്നുള്ളത്. കേരളത്തിൽ പൊതുവായി അംഗീകരിക്കപ്പെട്ട കാര്യമാണിത്. കേരളത്തിലെ സ്വാശ്രയ കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രവേശനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കും വേണ്ടി ഒരു നിയമനിർമ്മാണം വേണമെന്ന കേരളത്തിലെ പൊതു മനസ്സാക്ഷിയുടെ ശക്തമായ അഭിപ്രായത്തെത്തുടർന്നാണ് ഗവണ്മെന്റ് ഇതിന് തയ്യാറായിട്ടുള്ളത്. ഒരു ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട കാര്യം അതിന്റെ ഉദ്ദേശകാരണവിവരണമല്ലേ? ബഹുമാനപ്പെട്ട മന്ത്രികൂടെ ഇത് ശ്രദ്ധിക്കണം. 9-ാമത്തെ പേജിൽ ഇതിന്റെ ഉദ്ദേശ കാരണങ്ങളുടെ വിവരണം എന്നതിൽ---ലാ ഡിപ്പാർട്ടുമെന്റിൽ നിന്നൊക്കെ ഇത് എങ്ങനെ തയ്യാറാക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അവരൊക്കെ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നവരാണ്. പക്ഷെ, ഇത് വലിയ ഗുരുതരമായ തെറ്റാണ്. നമുക്കെല്ലാപേർക്കും ദോഷമായിട്ട് വരുന്ന ഒരു നിയമമായിട്ട് ഇത് വരും. അതുകൊണ്ട് വിദ്യാർത്ഥി സമൂഹം ഒന്നടങ്കവും, സംസ്ഥാനത്തെ സാമൂഹ്യ, രാഷ്ട്രീയ സംഘടനകളും വ്യത്യസ്തമായ രീതികളിലുള്ള പ്രക്ഷോഭണങ്ങൾ നടത്തുമെന്ന് ഭീഷണിപ്പെടുത്തിയിട്ടുണ്ട്. ഈ ബില്ലിൽ അങ്ങനെയാണ് എഴുതിവച്ചിരിക്കുന്നത്. അങ്ങനെ ഭീഷണിപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണോ നിയമനിർമ്മാണത്തിന് ഗവൺമെന്റ് മുന്നോട്ടുവന്നിട്ടുള്ളതെന്ന് വിശദീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ശ്രദ്ധിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടി. വളരെ അടിയന്തിര പ്രാധാന്യം ഈ നിയമനിർമ്മാണത്തിനുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ ഈ ഡിമാന്റ് ചർച്ച കഴിയാൻ കാത്തുനിൽക്കാതെ ഇന്നും നാളെയും പ്രത്യേകമായി സമ്മേളനംകൂടി. കേരളത്തിലെ രക്ഷകർത്താക്കൾ, വിദ്യാർത്ഥികൾ, ഈ സംസ്ഥാനത്തിന് വെളിയിലുള്ളവർ ഉൾപ്പെടെ ഈ നിയമസഭ പാസ്സാക്കുന്ന വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഈ ബില്ലിനെ, ഈ നിയമനിർമ്മാണത്തെ വളരെ ശ്രദ്ധാപൂർവ്വം നോക്കുകയാണ്. ഇപ്പോൾ സമരം പ്രഖ്യാപിച്ച രാഷ്ട്രീയ പാർട്ടി യിൽപ്പെട്ട ഒരാളാണ് ഞാൻ. കേരളത്തിലെ സ്വാശ്രയ മേഖലയുമായി ബന്ധപ്പെടുത്തി പ്രത്യേകിച്ച് ജസ്റ്റിസ് കെ. ടി. തോമസ് കമ്മിറ്റി തീരുമാനങ്ങൾ ഗവൺമെന്റിനെ വെല്ലു വിളിച്ചുകൊണ്ട് ഒരുപരിധിവരെ ഗവൺമെന്റിനെ അപമാനിച്ചുകൊണ്ട് കേരളത്തിലെ വിദ്യാർത്ഥി പ്രസ്ഥാനങ്ങളേയും വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട മേഖലയുടെ പ്രശ്നങ്ങൾ ഉയർത്തുന്നവരെയും ഒക്കെ അടച്ച് ആക്ഷേപിക്കുന്നവിധത്തിൽ ചില

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനങ്ങൾ ഒരു സന്ദർഭത്തിൽ പറഞ്ഞു. ഗവൺമെന്റ് കൊടുക്കേണ്ട കാര്യമില്ല, ഗവൺമെന്റിനെപോലും വെല്ലുവിളിച്ചു. അങ്ങനെ പ്രഖ്യാപനങ്ങൾ വന്ന ഒരു സാഹചര്യത്തിൽ വീണ്ടും വിദ്യാർത്ഥി സമരം, കേരളത്തിലെ രക്ഷകർത്താക്കളുടെ സമരം ഒക്കെ വളർന്നുവരുന്ന ഒരു സാഹചര്യം വന്നു. അതുമായി ബന്ധപ്പെട്ട് ചർച്ചകളായി. ആ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിച്ചുകൂട്ടിയത്. പ്രതിപക്ഷനേതാവ് അതിൽ പങ്കെടുത്തു. മുൻമുഖ്യമന്ത്രി ശ്രീ. പി. കെ. വാസുദേവൻ നായർ അതിൽ പങ്കെടുത്തു. കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളിലേയും സമാരാധ്യരായ നേതാക്കന്മാർ അതിൽ പങ്കെടുത്തു—ജനറൽ കൺസൻസെസ് ഉണ്ടാകുന്ന ഒരു നിയമം ഉണ്ടാകണം. ഒരു നിയമനിർമ്മാണം ആവശ്യമാണ്. വിവിധ കാറ്റഗറിയിൽ മുന്നൂറോളം സ്വാശ്രയ കോളേജുകൾ ഈ വർഷം ആരംഭിക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച മെമ്പർമാർ അതിവിടെ വായിച്ചു. അങ്ങനെ കേരളത്തിൽ ഇനിയും തുടർന്നുവരാൻപോകുന്ന സാഹചര്യത്തിൽ ഇത് വളരെ കുറ്റമറ്റതാക്കത്തക്കവിധത്തിൽ വളരെ സമഗ്രമായി ഭാവി തലമുറയ്ക്കുകൂടി ബന്ധപ്പെടുന്ന ഒരു വിഷയമായിക്കണ്ട് വളരെ ശ്രദ്ധാപൂർവ്വം ഒരു നിയമം കൊണ്ടുവരണമെന്നതിൽ നമ്മൾ എത്തി. ചില കാര്യങ്ങളിൽ ഡിഫറൻസുണ്ട്. ഇപ്പോൾ ചർച്ച ചെയ്യുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില കാര്യങ്ങളിൽ ഉറപ്പുനൽകുന്നുണ്ട്. കാബിനറ്റിൽ ആലോചിക്കാമെന്ന് പറഞ്ഞു. വ്യാഴാഴ്ച കൂടുന്ന കാബിനറ്റിൽ ഞങ്ങൾ മുന്നോട്ടുവച്ച ചില പ്രശ്നങ്ങളെ സംബന്ധിച്ച് ഗൗരവപൂർവ്വമായി ആലോചിക്കാമെന്ന് പറഞ്ഞു. ആലോചിച്ച് നിങ്ങൾ തീരുമാനം അറിയിക്കും. ഞങ്ങൾ ശ്രദ്ധാപൂർവ്വം അതിനെ നോക്കുകയാണ്. അതുപോലെ നിങ്ങൾക്ക് ബന്ധപ്പെട്ട സമിതികളിൽ, രാഷ്ട്രീയ ഉന്നതാധികാര സ്ഥാനങ്ങളിൽ ചർച്ചചെയ്യാൻ കഴിയണം. ആ ചർച്ച ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുകയാണ്. നമുക്ക് പൊതുവായിട്ട് യോജിക്കാവുന്ന വിധത്തിൽ തിങ്കളാഴ്ച ഇത് അവതരിപ്പിച്ച് പാസ്സാക്കണം. ആ രീതിയിലുള്ള ചർച്ചകൾ നടക്കുകയാണ്. മുഴുവൻപേരും ഇത് ഉറ്റുനോക്കുന്ന സന്ദർഭത്തിൽ ഞങ്ങളെ ഭീഷണിപ്പെടുത്തിയിട്ട്,... ഇന്നുരാവിലെ സ്പീക്കർക്ക് എഴുതിക്കൊടുത്ത് ഒരു തടസ്സവാദം ഉന്നയിച്ചാലോ എന്ന് വിചാരിച്ചതാണ്. പക്ഷേ ഇതുപോലൊരു ബിൽ അവതരിപ്പിക്കുമ്പോൾ തുടക്കത്തിൽ തടസ്സവാദം ഉന്നയിക്കണ്ടായെന്ന് തോന്നിയതുകൊണ്ടാണ് ചെയ്യാത്തത്. അതുകൊണ്ട് ഗൗരവപൂർവ്വമായി ഞാൻ ഇവിടെ ഉന്നയിക്കുന്നു. ഞങ്ങളൊക്കെ പ്രക്ഷോഭണത്തിൽ സജീവമായി പങ്കെടുക്കുമെന്ന് പ്രഖ്യാപിച്ചു. ആ പ്രക്ഷോഭണവുമായി ബന്ധപ്പെട്ട് മുന്നോട്ടുപോയ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽപ്പെട്ടവരാണ് ഞങ്ങൾ. എറണാകുളത്തു നടന്ന കൺവെൻഷനിൽ വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് ധാരാളം ഉന്നതരായ വിദ്യാർത്ഥികൾ പങ്കെടുക്കുകയുണ്ടായി. പ്രതിപക്ഷനേതാവാണ് ആ സമ്മേളനം ഉദ്ഘാടനം ചെയ്തത്. ഞാനും ആ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിക്കുകയുണ്ടായി. അതുകൊണ്ട് തിരുത്തണമെന്നാണ് അഭ്യർത്ഥിക്കുന്നത്. ആ വാചകം വേണ്ട. അത് തെറ്റായി ആക്ടിൽ വരുന്നതുകൊണ്ടാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: താങ്ക്യൂ മിനിസ്റ്റർ, ഞാൻ അത് തുടക്കത്തിൽ പറഞ്ഞു എന്നതാണ്. വിദ്യാഭ്യാസ കാര്യങ്ങളിൽ ലാഭനഷ്ടമാണോ നോക്കേണ്ടത്? ലാഭ നഷ്ടത്തിന്റെ അടിസ്ഥാനത്തിലാണോ ഇതൊക്കെ ചർച്ച ചെയ്യേണ്ടത്? 1970-കളിൽ കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് നേടിയ വളർച്ച അങ്ങനെയാണോ? ഭരണഘടന യിൽ 14 വയസ്സുള്ള കുട്ടികൾക്ക് പൊതു വിദ്യാഭ്യാസം സൗജന്യമായി കൊടുക്കുന്നതിന് ഭേദഗതി വരുത്തുന്നത് രണ്ടുകൊല്ലം മുമ്പാണ്. പക്ഷേ കേരളത്തിൽ എത്രയോ മുമ്പ് ഭരിച്ചിരുന്ന ഗവൺമെന്റുകൾ ആദരണീയരായ അന്നത്തെ മുഖ്യമന്ത്രിമാർ, വിദ്യാഭ്യാസ മന്ത്രിമാർ, നിയമസഭാ സാമാജികർ നിയമസഭയിൽ ഔചിത്യം ഉയർത്തിക്കൊണ്ട് നടത്തിയ നിയമ നിർമ്മാണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസ രംഗത്ത് കേരളം ഉയർന്നുവരാൻ കഴിഞ്ഞു. ആ മാതൃകയാണ് മറ്റ് പലയിടങ്ങളിലും പിന്നീട് പിന്തുടർന്നുവന്നത്. കേരളത്തിന് രാജ്യാന്തരമായ പ്രശസ്തി കിട്ടിയത് വിദ്യാഭ്യാസ പരമായ നമ്മുടെ മുന്നേറ്റത്തിന്റെ അടിസ്ഥാനത്തിലാണ്. നൂറ് ശതമാനം സാക്ഷരത യിലാണ്. ധാരാളം പെൺകുട്ടികളെ സ്കൂളുകളിലേക്ക് അയയ്ക്കാനും അവർക്ക് വിദ്യാഭ്യാസം കൊടുക്കുവാനും സാധിച്ചു. ബഹുമാനപ്പെട്ട മിനിസ്റ്ററോട് പറയുകയാണ്, തൃശ്ശൂർ ഈയിടെ ഒരു പഠിശോധനയിൽ കണ്ടു, തൃശ്ശൂരിലുള്ള ഹയർ സെക്കന്ററി സ്കൂളുകളിൽ പഠിക്കുവാൻ വരുന്ന ധാരാളം കുട്ടികൾ, മലപ്പുറം, കോഴിക്കോട് ജില്ലകളിലുള്ള മുസ്ലീം പെൺകുട്ടികൾ വളരെ ഉയർന്ന മാർക്ക് നേടിയ കുട്ടികൾ, 90 ശതമാനത്തിനു മുകളിൽ മാർക്ക് നേടിയ കുട്ടികൾ അങ്ങനെ കേരളത്തിന്റെ വിദ്യാഭ്യാസ രംഗത്ത് വലിയ സാമൂഹിക പുരോഗതി നമ്മൾ നേടി. അങ്ങനെ വന്ന ഒരു വിദ്യാഭ്യാസ മേഖലയെ വെറും കച്ചവട അടിസ്ഥാനത്തിൽ ചാർട്ടേഡ് അക്കൗണ്ടന്റുമാർ അല്ലെങ്കിൽ കണക്ക് എഴുതുന്നവർ ചെയ്യുന്നതുപോലെ ലാഭം ഇത്ര, നഷ്ടം ഇത്ര—അങ്ങനെയാണോ തീരുമാനിക്കേണ്ടത്? ബഹുമാനപ്പെട്ട കെ.സി. ജോസഫ് അദ്ദേഹത്തിന്റെ മണ്ഡലത്തിലെ ഒരു കാര്യം ഇവിടെ പറഞ്ഞു. അത് ശരിയായിരിക്കാം. 5 കോടി, 6 കോടി, 10 കോടി ഇൻവെസ്റ്റുമെന്റ്—അതൊരു മൂലധന നിക്ഷേപമല്ലേ? ക്യാപ്പിറ്റൽ ഇൻവെസ്റ്റുമെന്റ്. മുടക്കിയ കാശ് നാളെ കിട്ടുമെന്നാണോ വിദ്യാഭ്യാസ രംഗത്ത് തീരുമാനിക്കേണ്ടത്? ഒരു ബാർ അല്ലെങ്കിൽ ഒരു ഷാപ്പ് അല്ലെങ്കിൽ അബ്കാരി ബിസിനസ്സ് തുടങ്ങുമ്പോൾ ഒരുവർഷത്തെ അല്ലെങ്കിൽ രണ്ടുവർഷത്തെ ലാഭം കണക്കാക്കാറുണ്ട്. ലാഭം കിട്ടണം. മുടക്കുന്ന മുതൽ കിട്ടണം. ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ അങ്ങനെയാണോ കാണേണ്ടത്? അത് എത്രയോ വർഷം നടത്തേണ്ട സ്ഥാപനമാണ്. അഞ്ചുവർഷം കഴിഞ്ഞ് പത്തുവർഷം കഴിഞ്ഞ് പൂട്ടിപോകുന്ന ആൾക്കാരാണോ ഈ സ്ഥാപനങ്ങൾ കേരളത്തിൽ തുടങ്ങി യിട്ടുള്ളത്? മൂന്നുകേസ്സിന്റെ വിധികൾ ഇവിടെ പരിശോധിച്ചു. ശ്രീ. രാജൻ ബാബു വളരെ വിശദമായി പഠിശോധിച്ച ആളല്ലേ? ഉണ്ണികൃഷ്ണൻ കേസ്, അതിനുശേഷം വന്ന പൈ കേസ്, ഇസ്ലാമിക് അക്കാഡമിക് ഓഫ് എഡ്യൂക്കേഷൻ ..... ഇതൊക്കെ നോക്കിയാൽ ഈ കേസ്സുകളിലൊക്കെ ധാരാളം കാര്യങ്ങൾ പറയുന്നുണ്ട്. ഒക്കെ കച്ചവട അടിസ്ഥാനത്തിൽ അല്ല പറഞ്ഞത്. ഇത് ലാഭനഷ്ടം മാത്രം നോക്കേണ്ടതല്ല. ഇപ്പോൾ മൂലധന നിക്ഷേപമെന്നുപറഞ്ഞു. ഒരു വലിയ ഇൻവെസ്റ്റുമെന്റ്, ധാരാളം വിദ്യാർത്ഥികളെ പഠിപ്പിച്ച് നല്ല ക്ലാസിഫിക്കേഷനോടുകൂടി

അവർക്ക് പുറം രാജ്യങ്ങളിൽ ഉൾപ്പെടെ വലിയ പ്ലേസ്മെന്റ് കിട്ടി, നല്ല ജോലി കിട്ടുന്ന രീതിയിൽ നമ്മുടെ ഉന്നതമായ വിദ്യാഭ്യാസത്തെ അറിവിനെ ഉൽപ്പാദിപ്പിക്കുന്ന മേഖലകളല്ലേ? അവിടെ ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ എടുക്കരുത്. അതു കൊണ്ട് ഉണ്ണികൃഷ്ണൻ കേസിൽ മുന്ന് കാര്യങ്ങൾ പുണ്ടി കാണിക്കുകയാണ്. സാമൂഹ്യ പ്രതിസന്ധി ഈ സ്ഥാപനങ്ങൾ നടത്തുന്നതിനുവേണ്ടിയല്ല. അപേക്ഷ നൽകുന്നവരുടെ ചരിത്രം, പഴയകാല വിദ്യാഭ്യാസ രംഗത്തെ ചരിത്രം ഇവിടെ പറഞ്ഞില്ലേ, ബിഷപ്, മിഷണറിമാർ, തൃശ്ശൂർ ബിഷപ് എത്രയോ നല്ല സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. കേരളത്തിൽ ഏറ്റവും ഉയർന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ വളരെയേറെ നടത്തുന്നത് തൃശ്ശൂരിലെ അതിരൂപതയുടെ കീഴിലല്ലേ? എത്രയോ ഇൻസ്റ്റിറ്റ്യൂഷൻസ്, കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് നൂറുവർഷത്തേയും 75 വർഷത്തേയും 50 വർഷത്തേയും പാരമ്പര്യമുള്ള ഉന്നതമായ വിദ്യാഭ്യാസ സ്ഥാപനങ്ങളല്ല.

ശ്രീ. പി. ജെ. ജോയി: തൃശ്ശൂർ ബിഷപ് നല്ല നിലവാരത്തിലുള്ള സ്ഥാപനങ്ങൾ നടത്തുന്നുവെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ 50 ശതമാനം സീറ്റ് അവർക്ക് സംവരണം ചെയ്തതിനെ എന്തിനാണ് എതിർക്കുന്നത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞങ്ങൾ എതിർക്കുകയല്ല. ഞാൻ വിശദീകരിക്കാം. ഇവിടെ നിങ്ങളിൽ ചിലർ ധരിക്കുന്നത്, ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂഷനെ എതിർക്കുന്ന ആൾക്കാർ, സ്വകാര്യ മാനേജുമെന്റുകളെ മുഴുവൻ എതിർക്കുന്നവർ എന്ന ധാരണയുണ്ട്. ഞങ്ങൾ ഇവരുമായി നല്ല റിലേഷനിലാണ്. നിങ്ങൾ തെറ്റിദ്ധരിക്കണ്ട. ഇത്തരം സ്ഥാപനങ്ങളുമായും ഇത്തരം പ്രസ്ഥാനങ്ങളുമായുമൊക്കെ വളരെ നല്ല ബന്ധമാണ്. നല്ല രീതിയിലുള്ള ഡയലോഗ് നടത്തുകയാണ്. അതല്ലേ ആർച്ച് ബിഷപ്പിനെക്കുറിച്ച് ഇവിടെ പറഞ്ഞത്? നേരത്തെ ഇവിടെ സൂചിപ്പിച്ചതല്ലേ? കർദ്ദിനാളെക്കുറിച്ചൊക്കെ. കച്ചവടത്തിന്റെ അടിസ്ഥാനത്തിൽ കാണരുത്. നിങ്ങൾക്ക് പറ്റിയ പിശക് അവിടെയാണ്. അപേക്ഷിക്കുന്നവർക്ക് മുഴുവൻ അന്വേഷിക്കാതെ എൻ.ഒ.സി. കൊടുത്തു. കോട്ടയത്ത് കോളേജ് അടച്ചുപൂട്ടിയത് സംബന്ധിച്ച ശ്രീമതി മേഴ്സി രവി ഇവിടെ ഒരു സബ്മിഷൻ ഉന്നയിച്ചത് ഞാൻ ഓർക്കുന്നു. അവരുടെ മണ്ഡലത്തിലെ കോളേജാണ് പൂട്ടിയത്. നല്ലൊരു പേരൊക്കെവച്ച് തുടങ്ങിയ കോളേജാണ്. വലിയ ഫ്രാഡാണെന്ന് പിന്നീടാണ് മനസ്സിലായത്. ചേർന്ന കുട്ടികൾ വഞ്ചിതരായി. നിങ്ങൾ പരിശോധിച്ചില്ല. നിങ്ങളുടെമേൽ പ്രഷർ ചെലുത്തുന്നവർ ആരാണ്, പെട്ടെന്ന് കാൾ ഉണ്ടാക്കണം. പെട്ടെന്ന് ലാഭമുണ്ടാക്കണം. വിദ്യാഭ്യാസത്തിന്റെ പ്രസക്തിയും ഔചിത്യവും ഉയർത്തിപ്പിടിക്കണമെന്ന് ആഗ്രഹിക്കുന്ന എത്രയോ നല്ല സ്ഥാപന ങ്ങളുണ്ട്. കച്ചവട അടിസ്ഥാനമെന്ന രീതിയിൽ എടുക്കരുത്.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, തൃശൂർ ബിഷപ്പ് ഉൾപ്പെടെയുള്ളവരുടെ കാര്യം അങ്ങ് പറഞ്ഞു. തൃശൂർ അമല കോളേജ് ഉൾപ്പെടെയുള്ള വിവിധ പ്രൊഫഷണൽ സ്ഥാപനങ്ങൾ വളരെ നല്ല നിലയിൽ വരുന്നുണ്ട് എന്നു പറഞ്ഞു. അതു ശരിയാണ്. തൃശൂരിലെ ബിഷപ്പിന്റെ കീഴിലുള്ളതായാലും അമല കോളേജിന്റെ കീഴിലുള്ളതായാലും ഏറ്റവും നന്നായി നടന്നുവരുന്ന മെഡിക്കൽകോളേജുകളാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവിടെ തുടങ്ങിയ എല്ലാ എൻജിനീയറിംഗ് കോളേജുകളുടേയും സ്ഥിതി ഇതു തന്നെയാണോ? കേരളത്തിൽ നല്കിയിട്ടുള്ള മഹാഭൂരിപക്ഷം വരുന്ന പ്രൊഫഷണൽ കോളേജുകളും ഇതുപോലുള്ള ഏതെങ്കിലും സാമൂഹ്യ സ്ഥാപനങ്ങളുമായി ബന്ധമുള്ളവയാണ്. വ്യക്തികളുടെ കാര്യം വിരലിലെണ്ണാവുന്നതാണ്. കാലിക്കട്ട് യൂണിവേഴ്സിറ്റിയിലെ അൺ-എയ്ഡഡ് ബി.എഡ്. കോളേജുകളെപ്പറ്റി പറഞ്ഞു. കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അൺ-എയ്ഡഡ് ബി.എഡ്. കോളേജുകളിൽ പതിനൊന്നെണ്ണവും നല്ല നിലയിൽ പ്രവർത്തിച്ചുവരുന്ന അൺ-എയ്ഡഡ് കോളേജുകളാണ്. ഇപ്പോൾ ഈ ഗവൺമെന്റ് കൊടുത്ത കോളേജെല്ലാം നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. പിന്നെ എന്തിനാണ് എതിർക്കുന്നത്?

ശ്രീ. കെ. പി. രാജേന്ദ്രൻ: നമ്മൾ ഒരു നിയമനിർമ്മാണത്തിന് പോകുമ്പോൾ അത് സമഗ്രമായിരിക്കണം, കുറ്റമറ്റതാക്കാൻ ശ്രമിക്കണം. അതിനാണ് ചർച്ച ചെയ്യുന്നത്. വിദ്യാഭ്യാസത്തിന്റെ ചെലവിന്റെ കാര്യത്തിൽ 1970-കളിലെ കണക്കു നോക്കുമ്പോൾ 37% വരെ ബഡ്ജറ്റിൽക്കൂടി ചെലവാക്കിയ സ്ഥാനത്ത് ഏറ്റവും അവസാനത്തെ കണക്കെത്രയാണ്? 19% ആണ്. ഞാൻ കണക്കു നോക്കിയതാണ്. ചെലവ് കുറച്ചു കുറച്ചു കൊണ്ടുവരുകയാണ്. അങ്ങനെ ഗവൺമെന്റ് പൂർണ്ണമായും വിദ്യാഭ്യാസ മേഖലയുടെ ചെലവ് കുറച്ചുകൊണ്ടുപോകുന്നത് ശരിയാണോ? അക്കാര്യം വളരെ ഗൗരവമായി പരിശോധിക്കേണ്ടതാണ്. കാരണം ഗവൺമെന്റ് പൂർണ്ണമായും ഈ രംഗത്തുനിന്ന് ഒഴിഞ്ഞു പോകുമ്പോഴാണ് കച്ചവടാടിസ്ഥാനത്തിലുള്ള, അതിന് താൽപ്പര്യമുള്ള, ആളുകൾ വന്നുചേരുന്നത്. മറിച്ച് ഗവൺമെന്റിന്റെ റോൾ, ഗവൺമെന്റിന് ഇടപെടാൻ കഴിയുന്ന, തീരുമാനമെടുക്കാൻ കഴിയുന്ന കാര്യങ്ങളിൽ, അത്തരം ചുമതലകളിൽ നിന്ന് ഗവൺമെന്റ് പിൻമാറാൻ പാടില്ല. അതുകൊണ്ടാണ് നിയമനിർമ്മാണം വേണമെന്നു പറയുന്നത്. യൂറോപ്പിലെ കണക്കെന്താണ്? വിദ്യാഭ്യാസ രംഗത്ത് വളരെ മുന്നോട്ടു പോകുന്ന ചില രാജ്യങ്ങളുടെ കണക്ക് പരിശോധിച്ചപ്പോൾ അതെല്ലാം വിദ്യാഭ്യാസത്തിന് 100 ശതമാനമുള്ള ഗവൺമെന്റാണ്. അമേരിക്കയിലെ കണക്കെന്താണ്? ഏതാണ്ട് മുന്നിൽ രണ്ടു ഭാഗം ചെലവ് പ്രത്യേകിച്ച് ഉയർന്ന വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റ് വഹിക്കുകയാണ്. കേരളത്തിൽ നമ്മൾ 37%-ത്തിൽ നിന്ന് താഴേയ്ക്ക് വരുകയാണ്. ഇപ്പോൾ 19% ആയി. കേരളത്തിൽ വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ റോൾ, ഗവൺമെന്റിന്റെ ഇടപെടാനുള്ള കഴിവ്, തീരുമാനം എടുക്കാനുള്ള ഗവൺമെന്റിന്റെ ചുമതലകളിൽ നിന്ന് പിൻമാറാൻ പാടില്ല. അതുകൊണ്ടാണ് നിയമനിർമ്മാണത്തിന്റെ പ്രസക്തി നമ്മൾ പറയുന്നത്. നിലവിലുള്ള നിയമത്തിന്റെ ചട്ടക്കൂടിൽ നിൽക്കുമ്പോൾ തന്നെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത്, പല തുറകളിലൂടെ അഴിമതി നടക്കുകയാണ്. ശ്രീ. മത്തായി ചാക്കോ നേരത്തേ ചില കാര്യങ്ങൾ ചൂണ്ടിക്കാണിച്ചു. പേരില്ലാത്ത കുട്ടികൾ, ജനിക്കാത്ത കുട്ടികൾ, രക്ഷകർത്താക്കളും ഇല്ല, കുട്ടികളുമില്ല, അങ്ങനെയൊക്കെയുള്ള പേരുകൾ ഓരോ സ്ക്കൂളുകളുടെ ലിസ്റ്റിലുമുണ്ട്. അത് ഡി.ഇ.ഒ. ഓഫീസിലും എ.ഇ.ഒ. ഓഫീസിലും ഡി.പി.ഐ.-യിലും വരെ എത്തുന്നു. മലയാള മനോരമ പത്രത്തിൽ ആറു ദിവസത്തെ ഒരു പരമ്പര പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ജനിക്കാത്ത കുട്ടികളുടെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

കോടികളുടെ കുംഭകോണം എന്നാണ്. റെഞ്ചി കുര്യാക്കോസ് ഉൾപ്പെടെയുള്ള മലയാള മനോരമയുടെ നാലു ലേഖകന്മാർ നടത്തുന്ന ഒരു സർവ്വേയാണ്. ഇതിനെല്ലാം നിയമമുണ്ടായിട്ടാണോ? കേരളത്തിൽ വിദ്യാഭ്യാസ നിയമവും കെ.എസ്.ആർ-ഉം ചട്ടങ്ങളും ശക്തമായി നിൽക്കുമ്പോഴാണ് അതിനുള്ളിൽ നിന്നുകൊണ്ടുള്ള കോടികളുടെ കുംഭകോണം ഓരോന്നായി പുറത്തു വരുന്നത്. അപ്പോൾ നിയമവും നിയന്ത്രണവും ചട്ടങ്ങളും റൂളുമൊന്നുമില്ലെങ്കിൽ കുറച്ചു കഴിയുമ്പോൾ ഗവൺമെന്റിന് ഒന്നും ചെയ്യാൻ പറ്റാതെ, ഗവൺമെന്റ് പറയുന്ന ഒന്നും കേൾക്കാൻ തയ്യാറാകാത്ത ഒരു സാഹചര്യം ഉണ്ടാകും. അതുകൊണ്ടാണ് നിയമനിർമ്മാണം വേണമെന്നു പറയുന്നത്. എൻട്രൻസ് കമ്മീഷണർ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ നിന്ന് 50% മെറിറ്റ് നോക്കി കുട്ടികളെ എടുക്കുന്നു. നമുക്ക് രണ്ടു കൂട്ടർക്കും അഭിപ്രായവ്യത്യാസമില്ല. എല്ലാവരും അംഗീകരിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു, മണ്ട് സ്വാശ്രയ കോളേജുകൾ ഒരു ഗവൺമെന്റ് കോളേജിന്റെ സ്റ്റാറ്റസായി എന്ന്. ബാക്കി വരുന്ന 50% ആക്ടിൽ പറയുന്നതുപോലെയുള്ള രീതിയിലാണ് കൊടുക്കുന്നതെങ്കിൽ ആ 50 ശതമാനത്തിന്റെ ഫീസിൽ, അവരുടെമേലുള്ള കൺട്രോൾ, അതിനെല്ലാം ഈ നിയമത്തിൽ പഴുതുകളാണ്. ഈ നിയമത്തിന്റെ ഒരോ വരിയും എടുത്തു വായിക്കുമ്പോൾ അത് മനസ്സിലാകും. ഇതിൽ കോടതിയിൽ പോകാനും ചോദ്യം ചെയ്യാനും ഏതു തരത്തിലും തെറ്റായി വ്യാഖ്യാനിക്കാനും കഴിയുന്ന ധാരാളം പഴുതുകളുണ്ട്. ഞങ്ങൾ കൂടി സപ്പോർട്ട് ചെയ്താൽ ഇത് ഭരണഘടനയുടെ 9-ാം ഷെഡ്യൂളിൽപ്പെടുത്താമെന്നു പറയുകയുണ്ടായി. നമുക്ക് കോമണായി, ഒരു പൊതു അഭിപ്രായത്തിൽ എത്തിയാൽ പാർലമെന്റിലേയ്ക്ക് അയയ്ക്കാം, ഇനി വരുന്ന പാർലമെന്റ് സെഷനിൽ അതുൾപ്പെടുത്തി സംരക്ഷിക്കാമെന്നാണ് പറഞ്ഞത്. അതു സമ്മതിക്കുന്നു. കച്ചവട മനസ്ഥിതിയുള്ള മാനേജ്മെന്റ് ഇതിനകത്ത് ഒരു ശതമാനമേയുള്ളൂ, കുറച്ചേയുള്ളൂ എന്നു കരുതാൻ പാടില്ല. നാളെ അങ്ങനെയുള്ളവർ വന്നുകൂടെന്നില്ലല്ലോ. ഇപ്പോഴുള്ളവരെ മാത്രം വച്ചല്ല നിയമമുണ്ടാക്കുന്നത്. നാളെ അങ്ങനെയുള്ളവർ വന്നുകൂടായെന്നില്ല. അങ്ങനെയുള്ള സാഹചര്യത്തിൽ നിങ്ങൾ പറയുന്ന രീതിയിൽ 50% സീറ്റ് സർവ്വതന്ത്രസ്വതന്ത്രമായി കേരളത്തിലെ വിദ്യാഭ്യാസ മേഖലയ്ക്ക്, അൺ-എയ്ഡഡ് മേഖലയ്ക്ക് കൊടുത്താൽ വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയില്ല. നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയില്ല. റാങ്ക്‌ലിസ്റ്റിൽ എവിടെയെങ്കിലും വരുന്നവർക്കും മിനിമം ക്വാളിഫിക്കേഷൻ മതി എന്നത് മതിയോ? ഇവിടെ ധാരാളം ഉദാഹരണങ്ങൾ സൂചിപ്പിച്ചു. നമ്മുടെ സ്റ്റേറ്റിൽ എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റ് വരുന്നത് കുറ്റമറ്റ വിധത്തിലാണോ? പോരായ്മകൾ കുറച്ചൊക്കെയുണ്ട്. നമ്മൾ അതു ചൂണ്ടിക്കാണിക്കുന്നുണ്ട്. പോരായ്മ പരിഹരിക്കാൻ ഗവൺമെന്റ് ശ്രമിക്കാറുണ്ട്. എൻട്രൻസ് കമ്മീഷണർ പരീക്ഷ നടത്തി ഒരു പ്രവേശന ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. ആ ലിസ്റ്റിൽ നിന്ന് പ്രവേശനം തുടരുന്ന രീതിയാണ്. പോരായ്മകൾ ചൂണ്ടിക്കാണിച്ചാൽ ഗവൺമെന്റ് തിരുത്തണം. അതിന് ഗവൺമെന്റ് ശ്രമിക്കുമായിരിക്കും. എൻട്രൻസ് കമ്മീഷണർ നടത്തുന്ന പരീക്ഷ നല്ല രീതിയിൽ അല്ലേ? ആക്ഷേപങ്ങളില്ല. കുട്ടികൾ നല്ല രീതിയിൽ പഠിച്ചിട്ടാണ് എൻട്രൻസ് പരീക്ഷ എഴുതുന്നത്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. അവർ നല്ല രീതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കോച്ചിംഗിനാണ് പോകുന്നത്. സഭയിൽത്തന്നെയുള്ള പല രക്ഷകർത്താക്കളുടേയും മക്കൾ പഠിക്കുന്നില്ലേ? അവർ ബുദ്ധിമുട്ടി പഠിച്ച് എൻട്രൻസ് പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ പേരു വന്നാൽ എൻജിനീയറിംഗ് കോളേജിലോ മെഡിക്കൽകോളേജിലോ കുട്ടികൾ ചേരുന്നു. ബാക്കി 50 ശതമാനത്തിന് ഒരു പരീക്ഷയും വേണ്ട, ഒരു നിയന്ത്രണവും വേണ്ട, കയ്യിൽ കാശുണ്ടെങ്കിൽ ചേരാം എന്നുള്ള രീതിയിൽ പോകാൻ പാടില്ല. മറിച്ച് നടത്തുന്ന കോളേജുകൾ നടത്തിക്കൊണ്ടു പോകണ്ടേ? ഞങ്ങൾ അത് അംഗീകരിക്കാം. അവ നടത്തിക്കൊണ്ടുപോകണം. സുപ്രീംകോടതിയുടെ മൂന്നു വിധികൾ ഏതു വിധത്തിൽ പരിശോധിച്ചാലും അനിയന്ത്രിതമായി, ഇഷ്ടംപോലെ പണം പിരിക്കാമെന്നു പറയുന്നില്ല, ഇഷ്ടം പോലെ ഫീസ് നിശ്ചയിക്കാമെന്നു പറയുന്നില്ല. സമയപരിമിതി കൊണ്ട് ഞാൻ ക്ലാസുകൾ വായിക്കുന്നില്ല. കോളേജുകൾ നടത്താൻ എന്താണ് ചെലവുകൾ? ഞങ്ങൾ കോളേജുകൾ മുഴുവൻ എയർ കണ്ടീഷൻ ചെയ്തിരിക്കുകയാണ്, ഞങ്ങളുടെ ഹോസ്റ്റലുകൾ മുഴുവൻ എയർ കണ്ടീഷൻ ചെയ്തിരിക്കുകയാണ്, ഞങ്ങൾ എല്ലാ ഫ്ളോറിലും ടി.വി.-യും ഇന്റർനെറ്റ് സൗകര്യങ്ങളും ഏർപ്പെടുത്തിയിരിക്കുകയാണ്, ഞങ്ങളുടെ വാഹനങ്ങൾ മുഴുവൻ എ.സി. സൗകര്യമുള്ളതാണ് എന്നിങ്ങനെയുള്ളതാണോ ചെലവ്? അതാണ് സുപ്രീംകോടതി പറഞ്ഞത്. ചെലവ് പലർക്കും പല രീതിയിലാണ്. ഭക്ഷണ രീതിയിൽ ആയാലും അക്കോമഡേഷന്റെ കാര്യത്തിലായാലും ചെലവിൽ വ്യത്യാസമുണ്ട്. സാധാരണ അംഗീകരിക്കപ്പെടാവുന്ന ചെലവ് ഒരു സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ വരുന്ന ചെലവാണ്. ഇവിടെ നേരത്തേ അദ്ധ്യാപകരുടേയും നോൺ-ടീച്ചിംഗ് സ്റ്റാഫിന്റേയും ശമ്പളകാര്യത്തെക്കുറിച്ച് പറഞ്ഞു. ഇതിൽ 30,000 മുതൽ 60,000 രൂപ വരെ പറയുന്നുണ്ട്. ശമ്പളം എത്രയാണ്? അൺ-എയ്ഡഡ് കോളേജുകളിലോ എൻജിനീയറിംഗ് കോളേജുകളിലോ മെഡിക്കൽകോളേജുകളിലോ ഗവൺമെന്റ് നിശ്ചിതമായ ശമ്പളം തീരുമാനിച്ചിട്ടുണ്ടോ? തീരുമാനിച്ചിട്ടില്ല. എത്രയാണ് ശമ്പളം? ആൾ ഇൻഡ്യാ മെഡിക്കൽ കൗൺസിലിന്റെ, എ.ഐ.സി.ടി.ഇ.—യുടെ പ്രതിനിധികൾ പരിശോധനയ്ക്കു വരുമ്പോൾ ഒരു ബോർഡുണ്ടാകണം. നല്ല ഫാക്കൽറ്റി വേണം. ഈ കോളേജുകളൊക്കെ കച്ചവടാടിസ്ഥാനത്തിൽ ആയതുകൊണ്ട് ധാരാളം നല്ല മനോഹരമായ ബ്രോഷറുകൾ അച്ചടിച്ച് ഇറക്കുന്നു. എൻട്രൻസ് കമ്മീഷണറുടെ ഓഫീസ് പടിക്കൽ ഞങ്ങൾ കണ്ടതാണ്. എല്ലാ കോളേജുകാരും ബാനർ വച്ച് കൗണ്ടർ തുറന്ന് നല്ല ബ്രോഷർ ഇറക്കുകയാണ്. ബ്രോഷർ അച്ചടിച്ചിറക്കി കുട്ടികളെ അട്രാക്റ്റ് ചെയ്യുകയാണ്. അപ്പോൾ ഒരുപാട് കാര്യങ്ങൾ ധാരാളമായി പ്രസിദ്ധീകരിക്കുയാണ്. അല്ലെങ്കിൽ കുട്ടികളെ കിട്ടുകയില്ല. അവിടെ വരുന്ന എക്സ്പെൻസ് എന്താണ്? ചെലവെത്ര വരും? അവിടെ വരുന്ന അദ്ധ്യാപകർക്ക് നോൺ-ടീച്ചിംഗ് സ്റ്റാഫിന് മറ്റു സാങ്കേതികമായ വൈദഗ്ദ്ധ്യമുള്ളവരുടെ ശമ്പളം എത്രയാണ്, അവർ പ്രസിദ്ധീകരിക്കുന്ന ഫാക്കൽറ്റിയിൽ ഉള്ളവരൊക്ക അവിടെയുള്ളവരാണോ? അതോ വർഷത്തിൽ ഒരു ദിവസം വരുന്ന വിസിറ്റിംഗ് പ്രൊഫസറാണോ? അതൊക്കെ അറിയണം. ഞാൻ ഒരു പ്രൊഫസറോട് ചോദിച്ചപ്പോൾ പറഞ്ഞത് മാസത്തിൽ ഒരിക്കൽ പോകും എന്നാണ്. അങ്ങനെ മതിയോ? മറിച്ച് നല്ല ഫാക്കൽറ്റി വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, അങ്ങിവിടെ ചെലവിനെക്കുറിച്ചാണല്ലോ പറയുന്നത്, കേരള സർക്കാരിനുവേണ്ടി നമ്മുടെ ആരോഗ്യ വകുപ്പു സെക്രട്ടറി ഹൈക്കോടതിയിൽ കൊടുത്ത അഫിഡവിറ്റ് അനുസരിച്ച് കേരളത്തിലെ സർക്കാർ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ഏകദേശം 4 ലക്ഷത്തിലധികം രൂപ ഗവൺമെന്റ് മുടക്കുന്നു എന്നു പറഞ്ഞിട്ടുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ തെറ്റായി കണക്കാക്കി കൊടുത്ത ഒരു അഫിഡവിറ്റാണത്. ഞങ്ങൾ അതേക്കുറിച്ച് പരിശോധിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ കിടക്കുന്ന രോഗികൾ, മെഡിക്കൽ കോളേജിലേയ്ക്കു വരുന്ന ഒ.പി., മെഡിക്കൽ കോളേജിലേയ്ക്കു വരുന്ന ഐ.പി., അതനുസരിച്ച് മൊത്തം അവിടെ കിടക്കുന്ന രോഗികൾ, കണക്കിൽ 800 ബെഡ്ഡാണ്, കിടക്കുന്ന രോഗികൾ എത്രയാണ്, 4000. അവർക്ക് കൊടുക്കുന്ന ഫുഡ്, മറ്റു ചെലവുകൾ ഇതെല്ലാം വച്ചു കണക്കാക്കിയാൽ ഒരു ആവറേജു വരുമ്പോൾ ഈ പറഞ്ഞതിന്റെ മൂന്നിലൊന്നേയുള്ളൂ. കണക്കല്ലേ അതിൽ തർക്കിക്കുന്നതെന്തിനാണ്, നമ്മളെന്തിനാണ് തർക്കിച്ച് കുട്ടിക്കൊടുക്കുന്നത്?

ശ്രീ. തോമസ് ചാഴികാടൻ: സർ, കണക്ക് നോക്കാമെന്ന് അങ്ങ് പറഞ്ഞല്ലോ, കോട്ടയം മെഡിക്കൽ കോളേജിലെ ഒരു വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് മാത്രം 14.5 കോടി രൂപയായിരുന്നു. കുറച്ചു പോസ്റ്റുകൂടി അഡീഷണലായി അവിടെ കൂട്ടിയപ്പോൾ ഒരു വർഷത്തെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റ് 18 കോടി രൂപയായി വർദ്ധിക്കുന്നു എന്നാണ് മനസ്സിലായത്. ഒരു മെഡിക്കൽ കോളേജ് എസ്റ്റാബ്ലിഷ് ചെയ്യണമെങ്കിൽ 200 കോടിയിലധികം രൂപയുടെ ചെലവു വരുന്നുണ്ട്. ഇത്രയും വലിയ ചെലവുചെയ്ത് സ്ഥാപനങ്ങൾ നടത്തണമെങ്കിൽ അതിനനുസരിച്ച് അവർക്ക് റിട്ടേൺസ് കിട്ടണ്ടേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ ചെലവില്ലെന്നൊന്നുമല്ല പറഞ്ഞത്, ഒരു മെഡിക്കൽ കോളേജ് നടത്തണമെങ്കിൽ, ഒരു എഞ്ചിനീയറിംഗ് കോളേജ് നടത്തണമെങ്കിൽ വരുന്ന ചെലവൊക്കെ നമുക്ക് മനസ്സിലാക്കാം. നല്ല രീതിയിൽ, നല്ല ഫാക്കൽറ്റി, ആവശ്യത്തിനുള്ള സൗകര്യങ്ങൾ ഇവ ഉറപ്പു വരുത്താൻ ചെലവുണ്ട്. ആ ചെലവിന് ഒരു ധാരണവേണം, ഒരു നിയന്ത്രണം വേണം, അതല്ലാതെ ഞങ്ങൾക്ക് ഇത്ര ചെലവു വന്നു എന്നു പറയരുതെന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ, ഈ കോളേജുകൾക്ക് ചെലവില്ലെന്ന് ഞാൻ പറയില്ല.

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ പരിയാരം മെഡിക്കൽ കോളേജിന് സർക്കാർ ഭൂമി കൊടുത്തിട്ടും 150 കോടി രൂപയോളം ഇൻവെസ്റ്റ് ചെയ്തിട്ടും അതിപ്പോഴും അപര്യാപ്തമാണ്. കൊച്ചിയിലെ സഹകരണ മെഡിക്കൽ കോളേജിന് 100 കോടി രൂപ മുടക്കിയിട്ട് ഇപ്പോഴും അവിടെ ആവശ്യത്തിന് സൗകര്യങ്ങളില്ല. ഇങ്ങനെ 150 കോടിയും 100 കോടി രൂപയുമൊക്കെ മുടക്കി സർക്കാർ ഭൂമിപോലും കൊടുത്തിട്ട് ഇപ്പോഴും ശരിയായി നടത്താൻ പറ്റാത്ത സ്ഥിതി നമ്മുടെ കൺമുന്നിൽ കാണുകയാണ്. അങ്ങനെയുള്ള സ്ഥലത്ത് ഒരു മാനേജുമെന്റ് പുതിയൊരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനം ആരംഭിക്കുമ്പോൾ 50% മെറിറ്റ് സീറ്റ് കിട്ടി, ബാക്കിവരുന്ന സീറ്റിനുമാത്രം ഫീസ് ഉപയോഗിച്ചും കോളേജ് നടത്തിക്കൊണ്ടുപോകാൻ എങ്ങനെ പറ്റും, അത് നടത്തിക്കൊണ്ടു പോകണ്ടേ?

ശ്രീ. കെ. പി. രാജേന്ദ്രൻ: അത് ഞാൻ പറയാം, 50% മെറിറ്റും, ഗവൺമെന്റിന്റെ മറ്റു കോളേജുകളിലെ ഫീസും, റിസർവേഷൻ ഉൾപ്പെടെയുള്ളത്, നമ്മൾ എഗ്രി ചെയ്യുന്നു. ബാക്കിവരുന്ന 50%-ന് കോളേജിന്റെ നടത്തിപ്പിനാവശ്യമായി വരുന്ന ചെലവുകൾ ആ ചെലവുകൾ മനസ്സിലാക്കാനും തീരുമാനിക്കാനും ഗവൺമെന്റിനു കഴിയണം. ഗവൺമെന്റെന്നു പറഞ്ഞാൽ മന്ത്രിമാർ ഉത്തരവിടണമെന്നല്ല ഞാൻ പറഞ്ഞത്, ഗവൺമെന്റ് നിശ്ചയിക്കുന്ന ബന്ധപ്പെട്ടവർക്ക് നിശ്ചയിക്കാമല്ലോ, ഒരു കമ്മിറ്റിയാകാം, അത് കൃത്യമായിത്തന്നെ ഓരോ വർഷവും പരിശോധിക്കാനുള്ള, നിശ്ചയിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ നമുക്ക് സെക്രട്ടറിമാരുണ്ട്, ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുണ്ട്, ആ രീതിയിൽ നമുക്ക് ആലോചിക്കാവുന്നതാണ്. ആ 50%-ന്റെ സെലക്ഷൻ എന്നു പറയുമ്പോൾ, ഞാൻ ഓരോ കോളേജിന്റെയും പേരെടുത്തുപറഞ്ഞ് ആക്ഷേപിക്കുകയല്ല, ഇതിലെ വസ്തുത എന്താണ്? ഇപ്പോൾ അണ്ണാ യൂണിവേഴ്സിറ്റിയിലെ 5 സ്വാശ്രയ കോളേജുകളിൽ ഒറ്റ കുട്ടിപോലും ജയിച്ചില്ല. ഇംഗ്ലീഷ് പത്രങ്ങളിൽ മാത്രമല്ല, മലയാളം പത്രങ്ങളിലും വന്ന വാർത്തയാണിത്. അവിടെ 5%-ൽ താഴെയുള്ള റിസൾട്ട് 28, 10%-ൽ താഴെയുള്ള റിസൾട്ട് 78, അങ്ങനെ ഏതാണ്ട് നല്ലൊരു ശതമാനം കോളേജിലേയും കുട്ടികളുടെ റിസൾട്ട് വളരെ മോശമാണെന്ന് ഈ അടുത്ത ദിവസമാണ് പത്രത്തിൽ വന്നത്. കേരളത്തിലെ പുഷ്പഗിരി കോളേജിൽ കൂട്ട തോൽവി എന്നുപറഞ്ഞ് കേരളത്തിലെ എല്ലാ പത്രങ്ങളിലും വാർത്ത വന്നത് നമുക്കെല്ലാമറിയാം. 30,000-നു മുകളിൽ റാങ്കുലിസ്റ്റുണ്ടാക്കി അഡ്മിഷൻ കൊടുത്തത് നമ്മൾ കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ചർച്ച ചെയ്തതല്ലേ? പിന്നെ സെലക്ഷൻ മെത്തേഡിൽ ഞങ്ങളുടെ ഒരു നിർദ്ദേശമായിട്ടു പറയുകയാണ്, സംസ്ഥാന ഗവൺമെന്റിന്റെ എൻട്രൻസ് എക്സാമിനേഷൻ കമ്മിഷണർ നടത്തുന്ന പരീക്ഷയുടെ പ്രസിദ്ധീകരിക്കപ്പെടുന്ന ലിസ്റ്റിൽ നിന്നുമായിരിക്കണം 50% പേർക്ക് കൊടുക്കേണ്ടത്. ഇസ്ലാമിക് കോളേജിന്റെ വിധിയിൽ ഇത് പറയുന്നുണ്ട്, അങ്ങനെ ഏതെങ്കിലും കുറച്ചു കോളേജുകളായിട്ട് സമിതിയുണ്ടാക്കുകയല്ല, ഉണ്ടാക്കുകയാണെങ്കിൽ മുഴുവൻ കോളേജുകളും വേണം. അങ്ങനെ ഒന്നിച്ച് ഒരു സമിതിയുണ്ടാക്കി ഈ കേരളത്തിലെ പരീക്ഷ നടത്തുമോ? അവർ തമ്മിൽ കുട്ടികളെ കിട്ടാൻ മൽസരം നടത്തുകയും ആയിരത്തി എണ്ണൂറ്റിച്ചില്വാനം സീറ്റ് ഇപ്പോൾ തന്നെ എഞ്ചിനീയറിംഗ് കോളേജിൽ ഒഴിവുണ്ടെന്ന് കണ്ടെത്തുകയും ചെയ്ത സാഹചര്യത്തിൽ ഈ കോളേജുകളെല്ലാംകൂടി ഒന്നിച്ച് ഒരു common entrance examination നടത്തി ആ ലിസ്റ്റ് പ്രസിദ്ധീകരിക്കുമെന്ന് വിചാരിക്കാൻ പറ്റുമോ? മറിച്ച് എന്തുകൊണ്ട് ഏറ്റവും നല്ല രീതിയിൽ കേരള ഗവൺമെന്റ് നടത്തുന്ന എൻട്രൻസ് പരീക്ഷയുടെ ലിസ്റ്റിൽനിന്നും എടുത്തുകൂടാ? എന്തിനാണ് അതിനെ എതിർക്കുന്നത്? 50% അതിൽ നിന്നും അവർ എടുക്കട്ടെ, 50% ഗവൺമെന്റ് സീറ്റ് നമ്മൾ ഉറപ്പു വരുത്തണം. ഫീസിന്റെ കാര്യത്തിൽ തങ്ങൾ ഇത്ര സംഖ്യ നിശ്ചയിക്കുന്നുവെന്ന് ജസ്റ്റീസ് കെ.ടി. തോമസ് പറഞ്ഞതുപോലെ, ഏതാണ്ട്

LIBRARY ARCHIVES Kerala Legislative Assembly

കൃത്യമായ കണക്ക് കംപ്യൂട്ടറിൽ അടിച്ചു പറയുകയാണ്, ആ രീതിയിലാണോ കണക്ക് നിശ്ചയിക്കേണ്ടത്? മറിച്ച് ഗവൺമെന്റ് നിശ്ചയിക്കട്ടെ. അതിൽ കവിയാത്ത സംഖ്യ വേണമെന്ന് നിങ്ങൾ ഇതിലൊരു കണക്കു വച്ചാൽ പോരേ? നമ്മൾ സംഖ്യയൊന്നും നിശ്ചയിക്കണ്ട, ഗവൺമെന്റ് നിശ്ചയിക്കുന്ന ബന്ധപ്പെട്ട ഒരു കമ്മിറ്റിയോ അല്ലെങ്കിൽ ഗവൺമെന്റിന്റെ തീരുമാനത്തിനു വിധേയമായി വർഷംതോറും അവരുടെ ചെലവിനനുസരിച്ചുവരുന്ന ഒരു സംഖ്യ, ഈ 50%-ന്റെ ഗവൺമെന്റു ഫീസ് കഴിച്ചു വരുന്ന സംഖ്യ എത്രയാണെന്നു കണക്കാക്കി നിശ്ചയിക്കണം. എൻട്രൻസ് ലിസ്റ്റിൽ നിന്നുമായിരിക്കണം കുട്ടികളെ എടുക്കേണ്ടത്. പ്രൊഫഷണൽ കോഴ്സുകളായതുകൊണ്ട് പ്രത്യേകിച്ചും എഞ്ചിനീയറിംഗ്, മെഡിക്കൽ കോളേജുകളിലെ കുട്ടികളുടെ വിദ്യാഭ്യാസ യോഗ്യതയിൽ ഒരുറപ്പുണ്ടായിരിക്കണം. ഈ കാര്യങ്ങളിൽ നമ്മളൊരു പൊതു ധാരണയിലെത്തിയാൽ പിന്നെ എവിടെയാണ് തർക്കം? ഒരു പൊതു ധാരണയിലെത്താനാണ് ഈ ചർച്ച ഉപകരിക്കേണ്ടത്. അങ്ങനെ പൊതു ധാരണയിലെത്തിയാൽ തിങ്കളാഴ്ച നമുക്ക് ഈ നിയമസഭയിൽ ആ ധാരണയുടെ അടിസ്ഥാനത്തിൽ ബിൽ പാസ്സാക്കിയാൽ ഈ പാർലമെന്റ് സെഷനിൽ കൊണ്ടുപോയി പാസ്സാക്കാം. ഞങ്ങളുടെ എം.പി.-മാർ തീർച്ചയായും അതിന് മുൻകൈ എടുക്കും. മറിച്ചാണെങ്കിൽ എങ്ങനെയാണ് പറ്റുക? മാനേജുമെന്റിന്റെ ഇഷ്ടംപോലെ കാശു വാങ്ങാം, അവരുടെ രീതിക്കനുസരിച്ച് കുട്ടികളുടെ സെലക്ഷൻ നടത്താമെന്നു വന്നാൽ ഞങ്ങൾ പിന്താങ്ങുമോ? ഞങ്ങൾ പിന്താങ്ങുമെന്ന് നിങ്ങൾക്ക് പ്രതീക്ഷിക്കാൻ പറ്റുമോ? തീർച്ചയായിട്ടും പറ്റില്ല, അപ്പോൾ വീണ്ടും ഈ രംഗത്ത് സങ്കീർണ്ണമായ അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ പോകും. അതിന്റെ ആവശ്യമുണ്ടോ? പിന്നെ ജസ്റ്റീസ് കെ. ടി. തോമസ് കമ്മിഷൻ പറയുന്നത് ഇതിനകത്ത് ഹൈക്കോടതി ജഡ്ജിയുടെ സ്റ്റാറ്റസിലുള്ള ഒരു കമ്മിറ്റിയെ വയ്ക്കണമെന്നാണ്. അവസാനം ഗവൺമെന്റിനു മുകളിലായി, വിദ്യാഭ്യാസ വകുപ്പിനു മുകളിലായി, മുഖ്യമന്ത്രിക്കു മുകളിലായി, നിയമസഭയ്ക്കു മുകളിലായി, എല്ലാവർക്കും മുകളിലായി ആ കമ്മിറ്റി എങ്ങനെ വന്നു? ആ കമ്മിറ്റി ഇത്രയും ധിക്കാരത്തോടുകൂടി തീരുമാനം എടുക്കുക മാത്രമല്ല, അവരുടെ രീതി, അവരെടുത്ത സമീപനമാണ് ഇപ്പോഴും പറഞ്ഞു കാണ്ടിരിക്കുന്നത്. കെ.ടി. തോമസ് കമ്മിഷന്റെ തീരുമാനം അവിടെ നിൽക്കട്ടെ, നമ്മുടെ ഗവൺമെന്റിന്റെ തീരുമാനവും അവിടെ നിൽക്കട്ടെ, ഇതൊന്നും ബാധകമല്ലെന്ന് ഈ അൺഎയ്ഡഡ് കോളേജുകാർ തീരുമാനിച്ചില്ലേ? അവർ ടെസ്റ്റ് നടത്തിയില്ലേ? കഴിഞ്ഞ നിയമസഭയിൽ ഇത് ചർച്ച ചെയ്തപ്പോൾ ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചതാണ്. നമ്മളിവിടെ ചർച്ച ചെയ്യുമ്പോൾ അവിടെ പരീക്ഷ നടത്തുകയാണ്. ഞാനാണ് അതിവിടെ ഉന്നയിച്ചത്. അതിന്റെ ഹാൾ ടിക്കറ്റ് അടക്കം ഈ സഭയിൽ ഹാജരാക്കിയതാണ്. അവർ പരീക്ഷ നടത്തിയത് ഗവൺമെന്റ് അറിഞ്ഞില്ല. അങ്ങനെ ഗവൺമെന്റിനെ ധിക്കരിച്ച് പോകാൻ അനുവദിക്കാൻ പറ്റുമോ? ഏതു കമ്മിറ്റിയായാലും ഏതു കോളേജായാലും ഗവൺമെന്റ് ഗവൺമെന്റാണ്. യു.ഡി.എഫ്. ആണോ എൽ.ഡി.എഫ്. ആണോ ആരാണ് മന്ത്രിമാർ എന്നുള്ളതല്ല, ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ടു വരുന്ന ഒരു ഗവൺമെന്റിനേയും നിലവിലുള്ള നിയമങ്ങളേയും അതിന്റെ ചട്ടങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

കീഴ്വഴക്കങ്ങളേയും അംഗീകരിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്. അതല്ല, നിങ്ങളെല്ലാം സർവ്വതന്ത്ര സ്വതന്ത്രമാണെന്നുള്ള രീതിയിൽ, ഞങ്ങൾക്ക് 50% തന്നാൽ ബാക്കി നിങ്ങൾക്ക് ഇഷ്ടംപോലെ എന്ന രീതിയിൽ പോയാൽ അപകടം ചെയ്യും. ഞാൻ മന്ത്രിയോട് ഒന്നുരണ്ട് ചെറിയ കാര്യങ്ങൾ ചോദിക്കുകയാണ്, എത്ര അപഹാസ്യരായി നമ്മൾ? ഈ ഓർഡിനൻസിന്റെ വിഷയം ഇന്നലെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ ചൂണ്ടിക്കാണിച്ചു. നമ്മുടെ മുൻ ഗവർണ്ണർ ഓർഡിനൻസ് പരിശോധിച്ചിട്ട് അതിൽ ഒപ്പിടാൻ തയ്യാറായിരുന്നില്ല. ഒപ്പിട്ട് ഗവർണ്ണർ ആ ഓർഡിനൻസ് ഇറക്കിയിരുന്നുവെങ്കിൽ കേരളത്തിലെ ഒരു വലിയ പ്രതിസന്ധി ഒഴിവായി നമുക്കിവിടെ സൗകര്യമായി ബിൽ അവതരിപ്പിച്ച് പാസ്സാക്കാമായിരുന്നു. എന്തിനാണ് ഓർഡിനൻസ് മടക്കി അയച്ചത്? ബഹുമാനപ്പെട്ട മന്ത്രിമാർ ഇരുപതുപേരുണ്ടല്ലോ, ഇരുപത്തിയൊന്നാമനല്ലേ ഇല്ലാതുള്ളു. ഈ ഇരുപതുപേരും പരിശോധിച്ചില്ലേ? ഞാൻ ഗൗരവതരമായി ഉന്നയിക്കുകയാണ്. ഓർഡിനൻസ് കാബിനറ്റിൽ വായിച്ചോ? വായിച്ചിട്ടുണ്ടാകും ശരി, ഞാൻ ആക്ഷേപിക്കാൻ പറയുന്നതല്ല. വിദ്യാഭ്യാസ വകുപ്പുമന്ത്രിയും, ലാ ഡിപ്പാർട്ടുമെന്റും, ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും പരിശോധിച്ച് ഒരു ഓർഡിനൻസ് തയ്യാറാക്കി കാബിനറ്റിൽ അവതരിപ്പിച്ച് കാബിനറ്റിലെ അംഗങ്ങൾ അത് വായിച്ച് യുദ്ധകാലാടി സ്ഥാനത്തിൽ ഗവർണ്ണറുടെ ഒപ്പ് വാങ്ങാൻ പോകുമ്പോൾ അതിൽ എങ്ങനെയാണ് ഒരു കൂട്ടിച്ചേർക്കൽ വന്നത്? ഇതിന് മന്ത്രി മറുപടി പറയണം. കാബിനറ്റിൽ അംഗീകരിച്ച ഓർഡിനൻസിൽ നാലു വരി എഴുതിച്ചേർത്തതു കൊണ്ടല്ലേ ഗവർണ്ണർ അത് മടക്കി അയച്ചത്? ഏത് ഗവർണ്ണറായാലും മടക്കി അയയ്ക്കില്ലേ? ഒരു നിയമമുണ്ടാക്കിയാൽ ആ നിയമത്തിൽ മന്ത്രിസഭയുടെ ഉപസമിതിക്ക് ആവശ്യമായ ഭേദഗതികൾ വരുത്താമെന്ന് പറഞ്ഞാൽ അത് അംഗീകരിക്കാം. ആർ.എൽ ഭാട്യ തലേദിവസം ഒപ്പിട്ട് ഒരു കോൺട്രവേഴ്സിയുണ്ടാക്കാൻ പോയില്ല. പക്ഷെ ചതുർവേദി ഈ ക്ളാസ് പരിശോധിച്ചതു കൊണ്ടല്ലേ തിരിച്ചയച്ചത്? ഇത് എങ്ങനെ സംഭവിച്ചു? ഞങ്ങൾ കർണ്ണാടകയ്ക്കും തമിഴ്നാടിനും വേണ്ടി വാദിക്കുന്നുവെന്ന് ഇവിടെ പറഞ്ഞല്ലോ. നിങ്ങൾ ഇതിൽ ഒപ്പിടാൻ വൈകിയതിന്റെ ഫലമായി, ഈ ഓർഡിനൻസ് സമയത്തിറക്കാത്തതിന്റെ ഫലമായി കുറെ കുട്ടികൾ തിരുവനന്തപുരത്തോട് ചേർന്നു കിടക്കുന്ന തമിഴ്നാട്ടിലെ ചില കോളേജുകളിൽ ചേർന്നല്ലോ. പത്തോ ഇരുപത്തിയഞ്ചോ കുട്ടികൾ പതിനഞ്ചും ഇരുപതും ലക്ഷം രൂപ കൊടുത്ത് അവിടെ ചേർന്നാൽ എത്രലക്ഷം രൂപയായി? രണ്ടാഴ്ചയ്ക്കു മുൻപ് ഇറക്കാൻ കഴിയുമായിരുന്ന ഓർഡിനൻസ് നിങ്ങളുടെ പിടിപ്പുകേടോ അശ്രദ്ധയോ അതോ ബോധപൂർവ്വമായ വീഴ്ചയുടെയോ ഇറക്കാത്തതിന്റെ ഫലമായി എത്ര രൂപയുടെ നഷ്ടമാണ് സംഭവിച്ചത്!

ശ്രീ. കെ. സി. ജോസഫ്: സർ, ഓർഡിനൻസ് രണ്ടാഴ്ച നീണ്ടുപോയതുകൊണ്ട് കേരളത്തിലെ കുട്ടികൾ ഇരുപത്തിയഞ്ചും മുപ്പതും ലക്ഷം രൂപ കൊടുത്ത് തമിഴ്നാട്ടിൽ പോയെന്നു പറഞ്ഞു. നിങ്ങൾ ഉണ്ടാക്കുന്ന തടസ്സങ്ങൾ മൂലം ഇനിയും ഇതാവർത്തിക്കാൻ പോകുകയാണ്. കേരളത്തിലെ കുട്ടികൾക്കു വേണ്ടി ഉണ്ടാകുന്ന സ്ഥാപനങ്ങൾ അടയാൻ പോകുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: ഓർഡിനൻസ് തിരിച്ചയയ്ക്കേണ്ടി വന്നതിനെക്കുറിച്ചാണ് പറയുന്നത്. കാബിനറ്റിൽ നിങ്ങൾ അംഗീകരിച്ച ഓർഡിനൻസിൽ ഇല്ലാത്ത നാല് വാചകം എഴുതിച്ചേർത്തതുകൊണ്ടാണ് ഗവർണ്ണർ തിരിച്ചയച്ചത്. അതിന്റെ ഫലമായി ഓർഡിനൻസ് സമയത്തിനിറങ്ങിയില്ല. അതുകൊണ്ടല്ലേ ഈ ഡിമാന്റ് ചർച്ചയുടെ ദിവസം നമ്മൾകൂടി സഹകരിച്ചതുകൊണ്ട്, വൈകുന്നേരമിരുന്ന് ചർച്ച ചെയ്യേണ്ടി വന്നത്? ഞാൻ മറ്റൊരു കാര്യം അങ്ങയുടെ ശ്രദ്ധയിൽ പ്പെടുത്തുകയാണ്. കഴിഞ്ഞ വർഷം ഇതുപോലുള്ള ഒരു വീഴ്ചയുണ്ടായില്ലേ? എഞ്ചിനീയറിംഗ് കോളേജുകളിൽ വിദ്യർത്ഥി സമരം നടക്കുന്നു. കേരളത്തിൽ വിദ്യാർത്ഥികളുടെ സമരം ശക്തമായി നടക്കുന്ന സന്ദർഭത്തിൽ രണ്ട് സ്വാശ്രയ കോളേജ് സമം ഒരു ഗവൺമെന്റ് കോളേജ് എന്ന വിഷയവുമായി ബന്ധപ്പെട്ട് ചർച്ചകളും പ്രക്ഷോഭങ്ങളും സമരവുമൊക്കെ നടക്കുന്ന സമയത്ത് എഞ്ചിനീയറിംഗ് കോളേജിൽ നിങ്ങൾ പ്രവേശനാനുമതി കൊടുത്തു. ഞാൻ ആരേയും കുറ്റം പറയുകയല്ല. പക്ഷെ ബോധപൂർവ്വം അത് ചെയ്തില്ലേ. എഞ്ചിനീയറിംഗ് കോളേജുകാരോട് 36,000 രൂപ വാങ്ങി കുട്ടികളെ ചേർക്കാൻ പറഞ്ഞു. ഇതുകഴിഞ്ഞ് ഒരു തീരുമാനം വന്നു. അത് മെഡിക്കൽകോളേജുകാർക്കല്ലേ ബാധകമായിട്ടുള്ളു? മെഡിക്കൽ കോളേജുകളിൽ ചേർന്ന അൻപത് ശതമാനം കുട്ടികൾക്ക് ഗവൺമെന്റ് ഫീസ്. 49 സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിൽ നാലായിരം രൂപ കൊടുക്കേണ്ട കുട്ടികൾ സർക്കാരിന്റെ തീരുമാനത്തിന്റെ ഫലമായി 36,000 രൂപയാണ് അടച്ചത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കാര്യം ഇന്ന് ഇവിടെ പറഞ്ഞതിന് ഞാൻ അങ്ങയോട് നന്ദി പറയുകയാണ്. ഇന്ന് അങ്ങ് വ്യക്തമായ ഒരു ഗവൺമെന്റ് തീരുമാനം പറഞ്ഞു. കഴിഞ്ഞ കൊല്ലം ചേർന്ന കുട്ടികൾ ഇത്തവണ ഫീസ് കൊടുക്കണ്ട ഇത് ഉത്തരവായി ഇറങ്ങുമെന്ന് പറഞ്ഞു. പക്ഷെ ഇന്ന് ഡേറ്റ് ഫിക്സ് ചെയ്ത കോളേജുകൾ ഉണ്ട്, നാളെ ഡേറ്റ് ഫിക്സ് ചെയ്ത കോളേജുകളുണ്ട്, അഞ്ചാം തീയതി ഡേറ്റ് ഫിക്സ് ചെയ്ത കോളേജുകളുണ്ട്. അങ്ങയുടെ ഈ ഉത്തരവ് ഇറങ്ങിയാൽ കോളേജുകളോട് പറഞ്ഞാൽ ഫീസ് വാങ്ങിക്കില്ലായിരിക്കാം. അത്രയും നല്ലത്. എന്നാൽ കഴിഞ്ഞ വർഷം ഗവൺമെന്റിന്റെ അറിവോടുകൂടി എൻട്രൻസ് ലിസ്റ്റിൽ നിന്നും പ്രവേശനം നടത്തിക്കൊള്ളാൻ അനുമതി കൊടുത്തതിന്റെ പേരിൽ പ്രവേശനം നേടിയ ആ കുട്ടികളിൽ നിന്നും 4,000 രൂപ വാങ്ങേണ്ട സ്ഥാനത്ത് 36,000 രൂപവച്ചു വാങ്ങി. അത് ഇക്കൊല്ലം ആവർത്തിക്കരുത്. എന്നാൽ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ, കഴിഞ്ഞ കൊല്ലം ചേർന്ന കുട്ടികളിൽ നിന്ന് ഗവൺമെന്റ് നിശ്ചയിച്ച പതിനൊന്നായിരത്തി ചിലാനം രൂപ എത്ര കോളേജിൽ വാങ്ങിച്ചുവെന്ന് മന്ത്രി അന്വേഷിച്ചിട്ടുണ്ടോ? എനിക്കറിയാവുന്ന രണ്ട് കോളേജുകളിൽ മെറിറ്റിൽ ചേർന്ന കുട്ടികളുടെ കൈയിൽ നിന്ന് നിങ്ങൾ നിശ്ചയിച്ച പതിനൊന്നായിരത്തി ചിലാനം രൂപ കഴിഞ്ഞ വർഷം വാങ്ങിയിട്ടില്ല. ഈ നിമിഷം വരെ വാങ്ങിയിട്ടില്ല. അവർ വാങ്ങുന്നില്ല, അവർ പറയുന്നത് തീരുമാനം വരട്ടെ, സുപ്രീം കോടതിയുടെ വിധി വരട്ടെ എന്നാണ്. ഇതൊക്കെ നമ്മുടെ മുൻപിൽ നിൽക്കുന്ന പച്ചയായ യാഥാർത്ഥ്യങ്ങളല്ലേ? ഗവൺമെന്റ് തീരുമാനിച്ച ഫീസ് വാങ്ങുന്നില്ല. മെഡിക്കൽ കോളേജുകളിൽ പഠിക്കുന്ന കുട്ടികളുടെ പരീക്ഷ ആഗസ്റ്റ് മാസത്തിൽ നടക്കാൻ

പോകുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളിലെ കുട്ടികളുടെ പരീക്ഷ തീർന്നു. എന്തേ ഫീസ് വാങ്ങിക്കാത്തത്. നിങ്ങൾക്ക് അന്വേഷിക്കാൻ പറ്റുമോ? അപ്പോൾ ആ സാഹചര്യത്തിൽ മന്ത്രി ഇന്ന് "ഞാൻ ഇവിടെ ഒരു ഉത്തരവ് ഇറക്കിയിരിക്കുന്നു" എന്നു പറഞ്ഞത് യാഥാർത്ഥ്യമാക്കണം. അത് ഉറപ്പു വരുത്തണം. ഞാൻ അതിന് നന്ദി പറയുകയാണ്. കേരളത്തിലെ പത്ത് പതിനഞ്ച് ലക്ഷത്തോളം കുട്ടികൾ പഠിക്കുന്ന ഒരു വിഷയമായതുകൊണ്ട് നമ്മുടെ ചർച്ച അതിനെങ്കിലും ഉപകരിക്കട്ടെ. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന നിയമ നിർമ്മാണത്തിനുള്ളിൽ നിന്നുകൊണ്ട് ഞങ്ങൾ നേരത്തെ നിർദ്ദേശിച്ചതുപോലെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കാൻ മിടുക്കുള്ള, മികവുള്ള വിദ്യാർത്ഥികൾക്ക് ഉയർന്നു വരാൻ, ബുദ്ധിയും പ്രതിഭയുമുള്ള കുട്ടികൾക്ക് മിടുക്ക് തെളിയിക്കാൻ, അവർ ഇതിൽ നിന്നും തെറ്റിപ്പോകാതെ ആ കുട്ടികൾ പഠിച്ചുയർന്നു വരാനുള്ള സാഹചര്യങ്ങളൊരുക്കി കൊടുക്കണം. പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല പാവപ്പെട്ട, നന്നായി പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപ്രാപ്യമായ ഒരു മേഖലയായി മാറരുത്. പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് സമൂഹത്തിന്റെ എല്ലാ വശത്തുമുള്ള മിടുക്കൻമാരായ കുട്ടികൾക്ക് കടന്നു വരാനുള്ള ഒരു സാഹചര്യമുണ്ടാക്കിക്കൊടുക്കണം. അങ്ങനെ വരുമ്പോഴാണ് സാമൂഹ്യ നീതി വരുക. ഈ നീതി ഉറപ്പു വരുത്തുന്ന വിധത്തിലുള്ള ഒരു നിയമ നിർമ്മാണത്തിനായിരിക്കണം ഈ നിയമസഭ വേദിയാകേണ്ടത്. ആ നിയമ നിർമ്മാണം ഇൻഡ്യയിലുള്ള എല്ലാ നിയമസഭകൾക്കും ഒരു മാതൃകയായിട്ട് വരണം. കേരളത്തിൽ 50 ശതമാനം പറയുമ്പോൾ മറ്റ് സ്റ്റേറ്റുകളിൽ ആന്ധ്രയിൽ മെറിറ്റിൽ 85 ശതമാനം, ഗുജറാത്തിൽ 85 ശതമാനം.....പ്ലീസ്.....

ശ്രീ. കെ. പി. രാജേന്ദ്രൻ : എനിക്ക് 10 മിനിറ്റ് സമയം കൂടി തരണം.

മി. ഡെ. സ്പീക്കർ : ഇല്ല, ഇപ്പോൾതന്നെ ഏഴ് മിനിറ്റ് കൂടുതലായി.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ ബില്ലിലെ ക്ലാസ് ബൈ ക്ലാസിനെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. എം.വി. ജയരാജൻ സംസാരിച്ചു. ഞാൻ സമയക്കുറവുകൊണ്ട് ഇപ്പോൾ പറയുന്നില്ല. ഈ ബില്ലിന്റെ ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോൾ സംസാരിക്കാം. കേരളത്തിൽ നമ്മൾ ഒരുമിച്ചുള്ള ഒരു നിയമനിർമ്മാണത്തിനാണ് വേദിയൊരുക്കേണ്ടത്. കേരളത്തിലെ വിദ്യാർത്ഥികളുടേയും രക്ഷാകർത്താക്കളുടേയും ആശങ്ക ദൂരീകരിക്കാൻ ഇവിടെ വച്ച നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സബ്ജക്ട് കമ്മിറ്റിയിൽ വരുന്ന ഭേദഗതികളോടുംകൂടി തിങ്കളാഴ്ച പാസ്സാക്കാൻ ശ്രമിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

മി. ഡെ. സ്പീക്കർ : സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(30-6-2004 ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 7.00 മണിക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly